34th Year of Service 2026

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

July 06, 2026 Vol. XXXIV No. 27

4 കർശന നിർദേശങ്ങളുമായി ഉന്നതവിദ്യാഭ്യാസ വകുപ്പ്
8 ഫാർമസി പഠനം: ചെലവ് കുറയ്ക്കാൻ കമ്മീഷൻ
13 ചിക്കാഗോ സീറോ മലബാർ രൂപത രജതജൂബിലി
15 റവ.ഫാ. അലക്സ് കെ. ജോയിക്ക് ആദരവ്
22 ദൈവസഭകളുടെ 29-ാമത് ദേശീയ സമ്മേളനം

## ഇന്ത്യ–ജപ്പാൻ ഉച്ചകോടി: ധാരണാപത്രങ്ങൾ ഒപ്പിട്ടു

ന്യൂഡൽഹി: വിവിധ മേഖലകളിൽ സഹകരണം ശക്തമാക്കാൻ ഇന്ത്യ-ജപ്പാൻ ഉച്ചകോടിയിൽ തീരുമാനം. നിർമിതബുദ്ധി ഉൾപ്പെടെയുള്ള നവ സാങ്കേതികവിദ്യകൾ, ഊർജ വിതരണ ശൃംഖല, വാണിജ്യ, വ്യാപാര, നിക്ഷേപ സഹകരണം തുടങ്ങി സാമ്പത്തിക സുരക്ഷ വരെയുള്ള മേഖലകളിലായിരിക്കും സഹകരണം ശക്തിപ്പെടുത്തുക.

തന്ത്രപരവും സൈനികവുമായ സഹകരണം കൂടുതൽ ശക്തിപ്പെടുത്താനും ഡൽഹി ഹൈദരാബാദ് ഹൗസിൽ നടന്ന 16-ാമത് ഇന്ത്യ-ജപ്പാൻ ഉച്ചകോടിയിൽ ജപ്പാൻ പ്രധാനമന്ത്രി സനേ തകായിച്ചിയും പ്രധാനമന്ത്രി നരേന്ദ്ര മോദിയും തീരുമാനിച്ചു. ഇരുരാജ്യങ്ങളും തമ്മിലുള്ള നയതന്ത്രബന്ധത്തിന്റെ 75-ാം വാർഷികം അടുത്ത വർഷം ആഘോഷിക്കുമ്പോൾ ഇതിനായി ശ്രമം ഊർജിതമാക്കും.

സ്വതന്ത്രവും സമൃദ്ധവും നിയമാധിഷ്ഠിതവുമായ ഇന്തോ-പസഫിക്കാണ് ഇരുരാജ്യങ്ങൾക്കും പൊതുവായ മുൻഗണനയെന്ന് തകായിച്ചി പറഞ്ഞു. പ്രധാനമന്ത്രി മോദിയുടെ മഹാസാഗർ സംരംഭവും ജപ്പാന്റെ പുതുക്കിയ ഫ്രീ ആൻഡ് ഓപ്പൺ ഇന്തോ-പസഫിക് (എഫ്ഒഐപി) നയവുമായി വളരെ യോജിക്കുന്നുവെന്നും അവർ പറഞ്ഞു. സംയുക്ത നാവികാഭ്യാസം കൂട്ടും. ഇന്ത്യയിൽ നാവിക അറ്റകുറ്റപ്പണികളും നിർമാണപദ്ധതികളും ശക്തിപ്പെടുത്തും. നിർണായക ധാതുവിതരണ ശൃംഖലകളിൽ അടിയന്തരമായി പ്രതിരോധശേഷി വളർത്തിയെടുക്കേണ്ടതുണ്ടെന്നും അവർ വിശദീകരിച്ചു.

നിർമിതബുദ്ധി, ക്വാണ്ടം സാങ്കേതികവിദ്യ, ബയോടെക്നോളജി എന്നിവയിൽ പുതുതലമുറ പരിഹാരങ്ങൾ വികസിപ്പിക്കാൻ ഇന്ത്യക്കും ജപ്പാനും കഴിയുമെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു.

പൊതു-സ്വകാര്യ മേഖലകളുടെ ഏകീകൃത ശ്രമങ്ങളിലൂടെ ഇന്ത്യയും ജാപ്പനീസ് കമ്പനികളും തമ്മിൽ 120 സഹകരണരേഖകൾ പ്രഖ്യാപിച്ചു.

സാമ്പത്തിക സുരക്ഷ, നിർമിതബുദ്ധി, ഊർജ പ്രതിരോധശേഷി എന്നീ മൂന്നു സുപ്രധാന രേഖകൾ ഉച്ചകോടിക്കുശേഷം ഇരു രാജ്യങ്ങളും അംഗീകരിച്ചു. സാമ്പത്തിക സുരക്ഷ, ശുദ്ധ ഊർജം, നിർണായക സാങ്കേതികവിദ്യകൾ, ഗവേഷണം, വികസനം എന്നിവയുൾപ്പെടെ നിരവധി കരാറുകളും ധാരണാപത്രങ്ങളും ഒപ്പുവെച്ചു. രണ്ടു ട്രില്യൺ യെൻ വിലമതിക്കുന്ന 120 സഹകരണ സംരംഭങ്ങൾ ഇന്ത്യയും ജപ്പാനും കണ്ടെത്തിയിട്ടുണ്ടെന്ന് ജപ്പാന്റെ ഡെപ്യൂട്ടി ചീഫ് കാബിനറ്റ് സെക്രട്ടറി മസാനാവോ ഒസാക്കി എക്സിൽ അറിയിച്ചു. ജപ്പാനെ പ്രതിനിധീകരിച്ച് 150-ലധികം വ്യവസായ സംരംഭങ്ങളുടെ പ്രതിനിധികൾ സാമ്പത്തിക ഫോറത്തിൽ പങ്കെടുത്തു.



ജപ്പാൻ പ്രധാനമന്ത്രി സനേ തകായിച്ചിയുടെ ന്യൂഡൽഹി സന്ദർശനത്തിനിടെ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കൊപ്പം സൗഹൃദ സംഭാഷണത്തിൽ.

## ആരോഗ്യവകുപ്പിൽ വകുപ്പുതല അന്വേഷണം

തിരുവനന്തപുരം: ആരോഗ്യവകുപ്പിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ നടത്തിയ പർച്ചേസുകളിൽ വകുപ്പുതല അന്വേഷണം. മെഡിക്കൽ കോളജുകളിലും മറ്റു വിവിധ ആശുപത്രികളിലും കോടികൾ മുടക്കി ഉപകരണങ്ങൾ വാങ്ങിയിട്ടും ആരും തിരിഞ്ഞുനോക്കാതെ നശിക്കുന്ന സാഹചര്യത്തിലാണ് അന്വേഷണമെന്ന് മന്ത്രി കെ. മുരളീധരൻ പറഞ്ഞു. ആശുപത്രികളിൽ മതിയായ ജീവനക്കാരെ നിയമിക്കാനും മരുന്നുകൾ വാങ്ങാനും സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കാലത്ത് ഇത്രയധികം ഉപകരണങ്ങൾ എന്തിനു വാങ്ങിക്കൂട്ടിയെന്നാണ് അന്വേഷിക്കുന്നത്. കമ്മീഷൻ ലക്ഷ്യമിട്ടുള്ള പർച്ചേസുകളാണ് നടന്നതെന്നാണ് നിഗമനം.

തകർന്ന സിസ്റ്റത്തെ ശരിയാക്കാനുള്ള നടപടികളുടെ ഭാഗമാണ് ഇതെന്നു മന്ത്രി പറഞ്ഞു. മൊബൈൽ മോർച്ചറികൾ, ഓട്ടോക്ലേവ് മെഷീൻ, ഓക്സിജൻ കോൺസൻട്രേറ്റർ മെഷീൻ തുടങ്ങി കോടികൾ വിലയുള്ള നിരവധി ഉപകരണങ്ങളാണ് ഉപയോഗശൂന്യമായി കിടക്കുന്നത്. പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള എല്ലാ പർച്ചേസുകളും അന്വേഷിക്കും. കൂടാതെ കേന്ദ്ര പദ്ധതിയായി പിഎംഎസ്എസ്വൈ ഫണ്ട് ഉപയോഗിച്ചുള്ള പർച്ചേസുകളും കോവിഡ് കാലത്ത് കേന്ദ്രസർക്കാർ വിതരണം ചെയ്ത ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാതെ കൂട്ടിയിട്ടിരിക്കുന്നതും അന്വേഷണപരിധിയിൽപ്പെടുത്തും. ഇതു സംബന്ധിച്ച പരാതികൾ യുഡിഎഫ് സർക്കാർ അധികാരത്തിലെത്തിയ ശേഷം വിവിധ ഇടങ്ങളിൽനിന്ന് ഉയർന്നിരുന്നു. വയനാട് മെഡിക്കൽ കോളജ്

(ശേഷം 28-ാം പേജിൽ)

## നിയമസഭയിലെ കരാറുകളിൽ നടപടി

തിരുവനന്തപുരം: നിയമസഭയ്ക്കുള്ളിൽ നടത്തിയ പ്രവൃത്തികളിൽ ഗുരുതര വീഴ്ച കണ്ടെത്തിയതിനെത്തുടർന്ന് എൽഡിഎഫ് സർക്കാരിന്റെ കാലത്ത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് തുക അനുവദിച്ച് ഇറക്കിയ ഉത്തരവുകളടക്കം സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ റദ്ദാക്കി.

സഭയിൽ ഡൈനിങ് ഹാൾ നിർമ്മിക്കാൻ അനുവദിച്ച 7.5 കോടി രൂപയുടെ കരാറും ഇക്കൂട്ടത്തിലുണ്ട്. വൻ വിലയുള്ള ഇറ്റാലിയൻ മാർബിളടക്കം ഉപയോഗിച്ച് ഡൈനിങ് ഹാൾ നവീകരിക്കാനായിരുന്നു ഊരാളുങ്കലിനു ലഭിച്ച കരാർ.

വർഷത്തിൽ പത്ത് ദിവസത്തിൽ താഴെ മാത്രം ഉപയോഗിക്കുന്ന ഹാൾ നവീകരിക്കാൻ ഇത്രയും തുക ചെലവാക്കേണ്ടതുണ്ടോയെന്ന ധനവകുപ്പിന്റെ ചോദ്യം അവഗണിച്ചായിരുന്നു എൽഡിഎഫ് സർക്കാർ കരാർ ഉറപ്പിച്ചത്.

ശങ്കരനാരായണൻ തമ്പി ഹാളിന്റെ പരിപാലന ചുമതലയിൽ നിന്ന് ഊരാളുങ്കലിനെ ഒഴിവാക്കി പകരം പൊതുമരാമത്ത് വകുപ്പിനു നല്കാനും നിർദ്ദേശിച്ചു. ഡേറ്റ സെന്ററിന്റെ വാർഷിക പരിശോധനാ ചുമതലയിൽ നിന്നും ഊരാളുങ്കലിനെ നീക്കിയിട്ടുണ്ട്. കെൽട്രോണിനാണ് പകരം ചുമതല.

മുൻ സർക്കാരിന്റെ കാലത്ത് നിയമസഭയ്ക്കകത്ത് ഊരാളുങ്കലിനു ലഭിച്ച ആനുകൂല്യങ്ങളും കരാറുകളും വൻ അഴിമതിയിലേക്കു വിരൽ ചൂണ്ടുന്നതാണെന്ന പ്രാഥമിക വിലയിരുത്തലിലാണ് സ്പീക്കറുടെ കർശന ഇടപെടൽ. വിശദ അന്വേഷണത്തിനും അദ്ദേഹം ഉത്തരവിട്ടേക്കും. നിയമസഭയിലെ നടപടിക്രമങ്ങൾ ഡിജിറ്റലൈസ് ചെയ്യാനുള്ള പദ്ധതിയിൽ (ഇ-നിയമസഭ) നേരത്തെ വൻ സാമ്പത്തിക ക്രമക്കേട് കണ്ടെത്തിയിരുന്നു.

കോടികൾ ചെലവഴിച്ച് നിയമസഭാ പരിസരം നവീകരിക്കുന്നതിന് വിവിധ കരാറുകാർക്കായി അനുവദിച്ച പദ്ധതി നിർത്തിവെക്കാൻ നിയമസഭാ

(ശേഷം 4-ാം പേജിൽ)


## മുംബൈയിൽ മഴക്കെടുതി: കെട്ടിടം തകർന്നുവീണു ആറ് മരണം

മുംബൈ: മുംബൈയിൽ ശക്തമായ മഴയിൽ കെട്ടിടം തകർന്നുവീണ് അഞ്ച് കുട്ടികളടക്കം ആറ് പേർ മരിച്ചു. മാൻ ഖുർദ് പ്രദേശത്ത് ആണ് സംഭവം. മാൻഖുർദിലെ ജനതാ നഗറിലുള്ള മൂന്ന് നില വാടക കെട്ടിടമാണ് കനത്ത മഴയെ തുടർന്ന് തകർന്നുവീണത്.

ജൂലൈ അഞ്ചിന് ഞായറാഴ്ച രാത്രി 8.30-ന് ആയിരുന്നു സംഭവം. കനത്ത മഴയിൽ കെട്ടിടത്തിന്റെ ഒരു ഭാഗം തകർന്നുവീഴുകയായിരുന്നു. അപകടത്തിൽ പരുക്കേറ്റ ഒരാൾ ചികിത്സയിലാണ്. കൂടുതൽ പേർ കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നതായാണ് നിഗമനം. അഗ്നിശമനസേനയും പോലീസും പ്രദേശത്ത് രക്ഷാപ്രവർത്തനം തുടരുകയാണ്. കനത്ത മഴ രക്ഷാപ്രവർത്തനത്തിന് വെല്ലുവിളിയാണ്. മുംബൈയിൽ പലയിടങ്ങളിലും




റെഡ് അലർട്ട് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ വിമാന സർവീസുകളും റോഡ് ഗതാഗതവും തടസപ്പെട്ടിട്ടുണ്ട്.


SUNNY
FINANCIAL STRATEGIES, LLC
Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS
Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
Expert Guidance Through Life's Financial Transitions
Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.
Support for complex financial moments, including:
Financial Planning & Wealth Management
Retirement Income Strategy
401(k) & IRA Investment Optimization
Estate Planning & Trusts
Risk Management & Insurance
Tax Planning Strategies
Business & Employee Benefits
Social Security & Medicare
Complimentary Financial Plan
Retirement & Estate Review
No Cost • Limited Availability
Let's Plan Your Brighter Financial Future
847-414-9116
tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE


Secure Tax Services
DBA SMALL BUSINESS ACCOUNTING LLC
Personal and Business Tax Services
Free Electronic Filling
TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540


LIFE MEMBER
Million Dollar Advocates Forum
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
BBB ACCREDITED BUSINESS
A+ Rating
Better Business Bureau



*With deep sorrow and faith in the Resurrection,*
*we announce the passing of*

# THRESIAKUTTY GEORGE

## (82)

Wife of George Vettathukandathil,
who entered eternal rest in Chicago.

She was a cherished member of the
**Narichirayil family of Kaipuzha.**

### SHE IS SURVIVED BY HER CHILDREN

- Gisha Abraham
- Ginash George and Anitha George

### GRANDCHILDREN

- Senna
- Evan
- Ava
- Ethan
- Max
- Liam

### SHE IS ALSO SURVIVED BY HER SIBLINGS

- Mary and the late Thomas Cheruvuparambil (Atlanta)
- Celine and Jose Kushakkuzhiyil (Chicago)
- Leela and Jimmy Kavil (Florida)
- Valsamma and the late Lukose Kulathilkarote (Miami)
- Rosely and Alex Kannachanparambil (Florida)
- Lucy and Jose Kaniyaly (Chicago)

She was the daughter of the late
**Thomas and Annakkutty**
of the Kaipuzha Narichirayil family.

**FRIDAY, 7/10/2026**

**WAKE SERVICE**
**8:00 AM – 10:00 AM**

**FUNERAL MASS**
**10:00 AM**

**SACRED HEART KNANAYA CATHOLIC FORANE CHURCH**
145 E. Grand Ave., Bensenville, IL 60106

*Burial will follow the funeral services at Queen of Heaven Catholic Cemetery,*
*Knanaya Catholic Section, 1400 South Wolf Rd., Hillside, IL.*

Please keep Thresiakutty and the entire family in your prayers
as they mourn her loss and celebrate her life of faith, love, and devotion.

# കർശന നിർദേശങ്ങളുമായി ഉന്നതവിദ്യാഭ്യാസ വകുപ്പ്

കോട്ടയം: ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അരക്ഷിതാവസ്ഥയും സുരക്ഷാവീഴ്ചയും പരിഹരിക്കാൻ കർശന നിർദ്ദേശങ്ങളുമായി ഉന്നത വിദ്യാഭ്യാസ വകുപ്പ്. സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്ക് അസ്വാഭാവികമായി എന്ത്, എവിടെവെച്ച് സംഭവിച്ചാലും സ്ഥാപനത്തിന് ഇതിൽനിന്ന് ഒഴിഞ്ഞുമാറാനാവില്ല. വിദ്യാർത്ഥികളുടെ ആത്മഹത്യയും അസ്വാഭാവിക മരണവും കൂടിവരുന്ന സാഹചര്യം കൂടി പരിഗണിച്ചാണ് പുതിയ നിർദേശം.

വിദ്യാർത്ഥികൾക്ക് പൂർണസമയ വൈദ്യസഹായം ഉറപ്പാക്കണം. റെസിഡൻഷ്യൽ സ്ഥാപനങ്ങൾ കാമ്പസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആരോഗ്യകേന്ദ്രം സജ്ജമാക്കണം. അല്ലെങ്കിൽ ഒരു കിലോമീറ്ററിനുള്ളിൽ പ്രവർത്തിക്കുന്ന ആരോഗ്യകേന്ദ്രവുമായി കരാറിൽ ഏർപ്പെടണം. വിദ്യാർത്ഥി സുരക്ഷ, സ്ഥാപനങ്ങളുടെ ഉത്തരവാദിത്വം, നിയമനം എന്നിവ സംബന്ധിച്ച് ജനുവരി 15-ലെ സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയത്.


വിദ്യാർത്ഥിയുടെ ആത്മഹത്യയോ അസ്വാഭാവിക മരണമോ ഉണ്ടായാൽ ഉത്തരവാദിത്വം സ്ഥാപനത്തിനാണ്. അതു നടന്ന സ്ഥലം കാമ്പസിനുള്ളിലോ സ്ഥാപന പരിധിക്ക് വെളിയിലോ, കോളജ് ഹോസ്റ്റലുകളിലോ, സ്വകാര്യ പെയിംഗ് ഗസ്റ്റ് (പി.ജി) അടക്കമുള്ള താമസസ്ഥലങ്ങളിലോ എവിടെയായാലും ഇതു ബാധകമാണ്. റെഗുലർ, ഓൺലൈൻ, വിദൂര വിദ്യാഭ്യാസ ശ്രേണികളിലുള്ള എല്ലാ വിദ്യാർത്ഥികളുടെ കാര്യത്തിലും ഇത് ബാധകമാണ്.

എന്തെങ്കിലും അസ്വാഭാവികമായി നടന്നാൽ പോലീസ് നടപടികൾക്കൊപ്പം സംഭവത്തിന്റെ വിശദാംശങ്ങളടങ്ങിയ വാർഷിക റിപ്പോർട്ട് യൂണിവേഴ്സിറ്റി ഗ്രാൻഡ്സ് കമ്മീഷന് (യുജിസി) നല്കണം. ഇതോടൊപ്പം അതത് പ്രഫഷണൽ കോഴ്സുകളുടെ മേൽനോട്ടം വഹിക്കുന്ന ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യൂക്കേഷൻ (എഐസിടിഇ) നാഷണൽ മെഡിക്കൽ കമ്മീഷൻ (എൻഎംസി), ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ (ഡിഐസി), ബാർ കൗൺസിൽ ഓഫ് ഇന്ത്യ (ബിസിഐ) തുടങ്ങിയ ഉന്നതാധികാര കേന്ദ്രങ്ങൾക്കും റിപ്പോർട്ട് നല്കണം.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര നിയന്ത്രണത്തിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സർവകലാശാലകളും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിനാണ് റിപ്പോർട്ട് നല്കേണ്ടത്.

സർക്കാർ ഫണ്ട് കിട്ടാൻ വൈകിയാലും ഫീസോ കുടിശികയോ അടയ്ക്കാൻ വിദ്യാർത്ഥികൾ ബാദ്ധ്യസ്ഥരാണെന്ന് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരുത്തിത്തീർക്കരുതെന്നും സർക്കുലറിലുണ്ട്. സ്കോളർഷിപ്പ് വിതരണത്തിലെ കാലതാമസത്തിന്റെ പേരിൽ ഒരു വിദ്യാർത്ഥിയെയും സർവകലാശാല പരീക്ഷ എഴുതുന്നതിൽ നിന്ന് തടയാനോ ഹോസ്റ്റലുകളിൽ നിന്ന് പുറത്താക്കാനോ റഗുലർ ക്ലാസുകളിൽ പങ്കെടുക്കുന്നതിൽ നിന്ന് വിലക്കാനോ, അവരുടെ ഔദ്യോഗിക മാർക്ക് ലിസ്റ്റുകൾ, സർട്ടിഫിക്കറ്റുകൾ ബിരുദങ്ങൾ എന്നിവ തടഞ്ഞുവെക്കാനോ വൈകിപ്പിക്കാനോ പാടില്ല.

# ലെയോ മാർപാപ്പയ്ക്ക് അമേരിക്കയുടെ ലിബർട്ടി മെഡൽ പുരസ്കാരം



ഫിലാഡൽഫിയ: ലെയോ പതിനാലാമൻ മാർപാപ്പയ്ക്ക് അമേരിക്കയുടെ പരമോന്നത ലിബർട്ടി മെഡൽ പുരസ്കാരം സമ്മാനിച്ചു. ലോകമെങ്ങും മതസ്വാതന്ത്ര്യം, മനുഷ്യന്റെ മനസ്സാക്ഷിക്കും ആവിഷ്കാരത്തിനുമുള്ള സ്വാതന്ത്ര്യം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ മുൻനിർത്തി യുഎസ് നാഷണൽ കോൺസ്റ്റിറ്റ്യൂഷൻ സെന്ററാണ് പുരസ്കാരം നല്കിയത്.

അമേരിക്കയുടെ സ്വാതന്ത്ര്യത്തിന്റെ 250-ാം വാർഷികത്തോടനുബന്ധിച്ച് ഫിലാഡൽഫിയയിലെ നാഷണൽ കോൺസ്റ്റിറ്റ്യൂഷൻ സെന്ററിൽ സംഘടിപ്പിച്ച ചടങ്ങിൽ വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്തുകൊണ്ട് മാർപാപ്പ പുരസ്കാരം ഔദ്യോഗികമായി സ്വീകരിച്ചു. പുരസ്കാരം സ്വീകരിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിൽ അമേരിക്കയിൽ ജനിച്ച ആദ്യ മാർപാപ്പയായ അദ്ദേഹം തന്റെ ജന്മനാടിന്റെ ചരിത്രപരമായ ഈ മുഹൂർത്തത്തിൽ രാജ്യത്തിന് ആശംസകൾ നേർന്നു.

അമേരിക്കയുടെ ചരിത്രത്തിൽ കുടിയേറ്റക്കാർ നല്കിയ വലിയ സംഭാവനകളെ എടുത്തുപറഞ്ഞ മാർപാപ്പ, വ്യത്യസ്ത സംസ്കാരങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നുമുള്ള ജനങ്ങളെ ഇരുകൈയും നീട്ടി സ്വീകരിച്ച പാരമ്പര്യമാണ് അമേരിക്കയുടേതെന്നും അവരുടെയും അവരുടെ മക്കളുടെയും കഠിനാദ്ധ്വാനമാണ് ഈ രാജ്യത്തിന്റെ ഭാവി കെട്ടിപ്പടുത്തതെന്നും ഓർമ്മിപ്പിച്ചു.

കഴിഞ്ഞ ഏപ്രിലിൽ വത്തിക്കാനിൽ നടന്ന സ്വകാര്യ കൂടിക്കാഴ്ചയിൽ യുഎസ് നാഷണൽ കോൺസ്റ്റിറ്റ്യൂഷൻ സെന്ററിൽ നിന്നുള്ള പ്രതിനിധിസംഘം നേരിട്ടെത്തി മാർപാപ്പയ്ക്ക് പുരസ്കാരം കൈമാറിയിരുന്നു. അന്നു സമ്മാനിച്ച മെഡൽ അണിഞ്ഞുകൊണ്ടാണ് ഔദ്യോഗിക പുരസ്കാര ചടങ്ങിൽ മാർപാപ്പ വെർച്വലായി പങ്കെടുത്തത്.

# മെറ്റ'യ്ക്കെതിരെ നോട്ടീസ്

ന്യൂഡൽഹി: കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുകയും ഉപദ്രവിക്കുകയും ചെയ്യുന്ന ഉള്ളടക്കങ്ങൾ (സി.എസ്.ഇ.എ.എം) ഇൻസ്റ്റഗ്രാമിൽ നിന്ന് ഉടൻ നീക്കണമെന്ന് കർശനമായി ആവശ്യപ്പെട്ട് സാമൂഹികമാധ്യമ കമ്പനിയായ മെറ്റയ്ക്ക് കേന്ദ്രസർക്കാർ നോട്ടീസയച്ചു.

ഇത്തരം ഉള്ളടക്കം പ്രോത്സാഹിപ്പിക്കുകയും ലഭ്യമാക്കുകയും ചെയ്യുന്ന പരസ്യങ്ങളെല്ലാം ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ഐ.ടി. മന്ത്രാലയം ജൂലൈ നാലിന് ശനിയാഴ്ച വൈകിട്ടാണ് നോട്ടീസയച്ചത്. സി.എസ്.ഇ.എ.എം. പരസ്യങ്ങൾ ഇൻസ്റ്റഗ്രാമിൽ വരുന്നു എന്ന് 'ബി.ബി.സി' വാർത്ത നൽകിയതിനെത്തുടർന്ന് ഐ.ടി. മന്ത്രി അശ്വിനി വൈഷ്ണവ് മെറ്റ അധികൃതരെ വിളിച്ചുവരുത്തിയതിനു പിന്നാലെയാണ് നടപടി. ബാല ലൈംഗിക പീഡന ഉള്ളടക്കമുള്ള പരസ്യങ്ങളുടെ കാര്യത്തിൽ എന്തു നടപടിയെടുത്തു എന്ന് ഏഴുദിവസത്തിനുള്ളിൽ വിശദീകരണം നൽകണമെന്ന് മന്ത്രാലയം മെറ്റയോട് ആവശ്യപ്പെട്ടു. നഗ്നത, ലൈംഗിക ഉള്ളടക്കങ്ങൾ എന്നിവയുള്ള പരസ്യങ്ങൾ വിലക്കുന്നതിനു നയമുണ്ടെന്നു പറയുന്ന മെറ്റ, സി.എസ്.ഇ.എ.എം ഉള്ളടക്കമുള്ള പരസ്യങ്ങൾക്ക് എങ്ങനെ അനുമതി നൽകി, ഭാവിയിൽ ഇങ്ങനെ സംഭവിക്കാതിരിക്കാൻ എന്തു നടപടിയെടുത്തു എന്നീ കാര്യങ്ങളിൽ സർക്കാർ ഉത്തരം തേടും.

# ടെലിഗ്രാമിനെതിരെ കേന്ദ്രം നിലപാട് കടുപ്പിച്ചു

ന്യൂഡൽഹി: പ്രമുഖ മേസേജിംഗ് ആപ്പായ ടെലിഗ്രാമിനുമേൽ സമ്മർദം ശക്തമാക്കി കേന്ദ്രസർക്കാർ. സിനിമ, ഒടിടി ഉള്ളടക്കങ്ങൾ അനധികൃതമായി പ്രചരിക്കുന്നതു തടയാൻ സ്വന്തം നിലയിൽ മുൻകൈയെടുത്ത് കർശന നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം ടെലിഗ്രാമിന് നോട്ടീസ് നൽകി. വ്യാജവും അനധികൃതവുമായ ഉള്ളടക്കങ്ങൾ പ്രചരിക്കുന്നതിനെതിരെ എന്തെല്ലാം നടപടികളെടുത്തുവെന്ന് വ്യക്തമാക്കുന്ന റിപ്പോർട്ട് 15 ദിവസത്തിനകം സമർപ്പിക്കണമെന്നും നോട്ടീസിലുണ്ട്.

പരീക്ഷാ ചോദ്യപേപ്പറുകളുമായി ബന്ധപ്പെട്ട് തട്ടിപ്പുകൾ നടക്കുന്നുണ്ടെന്ന് കുറ്റപ്പെടുത്തി നീറ്റ് പുനഃപരീക്ഷയോടനുബന്ധിച്ച് നേരത്തേ ടെലിഗ്രാമിന് താത്കാലിക നിരോധനം ഏർപ്പെടുത്തിയ കേന്ദ്രസർക്കാർ ഈ ആപ്പിനെതിരെ തുടർന്നും നടപടികളെടുക്കുമെന്ന് സൂചന നൽകുന്നതാണ് പുതിയ നോട്ടീസ്.

ലിങ്കുകൾ നീക്കം ചെയ്യുന്നതിൽ ഒതുങ്ങാതെ, പ്ലാറ്റ്ഫോം എന്നനിലയിലുള്ള പൂർണ ഉത്തരവാദിത്വം കമ്പനി ഏറ്റെടുക്കണമെന്നും ഐടി നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കണമെന്നും നോട്ടീസിൽ വ്യക്തമാക്കുന്നു.

## കരാറുകളിൽ നടപടി

(ഒന്നാം പേജിൽ നിന്നും)

സെക്രട്ടേറിയറ്റ് തീരുമാനിച്ചിട്ടുണ്ട്. അതിവേഗം അനുമതി നല്കി എൽഡിഎഫ് സർക്കാർ അത്യാഢംബര അതുക അനുവദിച്ച പദ്ധതിയാണിത്. മണ്ണ് പരിശോധനയ്ക്കായി മാത്രം 6 ലക്ഷം രൂപയാണ് അനുവദിച്ചത്. ഇതിനു പുറമെ ലോക കേരളസഭ നടന്ന വേളയിൽ അതിഥികൾക്ക് രണ്ട് ദിവസത്തെ ഉച്ചഭക്ഷണം നല്കുന്നതിന് ഡൈനിങ് ഹാളിൽ എസി സ്ഥാപിച്ചതിനടക്കം 35 ലക്ഷം രൂപയുടെ ബിൽ കരാറുകാർ സെക്രട്ടേറിയറ്റിനു നല്കിയിരുന്നു. ഇത്രയും ഭീമമായ തുക എങ്ങനെയുണ്ടായി എന്നതിനെക്കുറിച്ചും അന്വേഷണമുണ്ടാകും.

# ബൈക്ക് റെയ്സിങ്ങിന്റെ പേരിൽ യുവാവിനെ കുത്തിക്കൊന്നു

തിരുവനന്തപുരം: നെയ്യാറ്റിൻകരയിൽ ബൈക്ക് റെയ്സിങ്ങിന്റെ പേരിലുള്ള തർക്കത്തിൽ യുവാവിനെ കുത്തിക്കൊലപ്പെടുത്തിയ സംഭവത്തിൽ നാലു പേരെ നെയ്യാറ്റിൻകര പോലീസ് കസ്റ്റഡിയിലെടുത്തു. അച്ഛനെയും രണ്ട് ആൺമക്കളെയും പ്രായപൂർത്തിയാകാത്ത കുട്ടിയെയുമാണ് പോലീസ് കസ്റ്റഡിയിലെടുത്തത്. ബിജു എന്ന പൊടിയൻ, ഇയാളുടെ മകൻ മിഥിൻ, സഹോദരൻ വിജിൻ എന്നിവരാണ് പിടിയിലായത്. മണ്ണറവിള സ്വദേശി മനോജ് എന്നു വിളിക്കുന്ന മനുവാണ് കൊല്ലപ്പെട്ടത്. കഴിഞ്ഞദിവസം രാത്രിയിലാണ് സംഭവം. കൊലപാതകം നടത്തുമ്പോൾ പ്രതികൾ മദ്യലഹരിയിലായിരുന്നുവെന്ന് പോലീസ് പറഞ്ഞു. കാഞ്ഞിരംകുളം ആലുനിന്നകുഴി എന്ന സ്ഥലത്തുവെച്ചാണ് കൊലപാതകം നടന്നത്. ബിജുവിന്റെ മകനെ കാണാൻ എത്തിയ സുഹൃത്ത് വീടിനു മുന്നിൽ ബൈക്ക് റേസ് ചെയ്തു. ഇത് മനോജ് ചോദ്യം ചെയ്തു. തുടർന്ന് തർക്കം വാക്കേറ്റത്തിലേക്കും കൊലപാതകത്തിലേക്കും എത്തുകയായിരുന്നു.


കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 27
July 06, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara



DISCLAIMER

The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


## മഹദ്‌വചനം


മനുഷ്യന്റെ ഏതു നേട്ടത്തിന്റെയും പിന്നിലുള്ള ശാശ്വത സത്യം ഏകാഗ്രതയാണ്.

**സ്റ്റീഫൻ സ്വൈഗ്**

അനുശാസനം നല്ലതാണ്. പ്രോത്സാഹനമാണ് ഉത്തമം.

**ഗെയ്ഥേ**


SECURE YOUR FUTURE AND PREPARE YOUR FAMILY LEGACY
ESTATE PLANNING
Wills • Revocable Living Trust • Incapacity Planning
Signature Signing Systems
Estate Planning Services
(713) 487 7814
(248) 467 7937
www.signaturemobilenotarytx.com
signaturesignsystems@gmail.com
JOMS MATHEW CEP
Certified Estate planner
WE PROVIDE SERVICES IN ALL OVER AMERICA


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay,
Kumbanad P.O.
Pathanamthitta District,
Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# പ്രതിഷേധം കേൾക്കാത്ത ഭരണം: ജനാധിപത്യത്തിന്റെ പ്രതിഷേധം

കേരളത്തിലെ മദ്യനയം എപ്പോഴും വീര്യമുള്ള രാഷ്ട്രീയ ചർച്ചകൾക്ക് വഴിമരുന്നിടാറുണ്ട്. എന്നാൽ പുതിയ യുഡിഎഫ് സർക്കാരിന്റെ ധനബില്ലിലൂടെ വീര്യം കുറഞ്ഞ മദ്യത്തിന് നികുതിയിളവ് പ്രഖ്യാപിച്ചതും അതിനെത്തുടർന്നുണ്ടായ വിവാദങ്ങളും അങ്ങേയറ്റം നാടകീയമായ ഒരു രാഷ്ട്രീയ അടിയൊഴുക്കിലേക്കാണ് വിരൽ ചൂണ്ടുന്നത്. മദ്യത്തിന്റെ നികുതി 251 ശതമാനത്തിൽനിന്ന് 120 ശതമാനത്തിലേക്കും 175 ശതമാനത്തിലേക്കും വെട്ടിക്കുറച്ച ധനബിൽ നിയമസഭ പ്രതിപക്ഷ ബഹിഷ്കരണത്തോടെ പാസാക്കിയെടുത്തു. എന്നാൽ, ഇതിനെതിരെ ഉയർന്ന ജനരോഷവും രാഷ്ട്രീയ പ്രതിസന്ധിയും മറികടക്കാൻ മുഖ്യമന്ത്രി വി.ഡി. സതീശൻ പ്രയോഗിച്ച 'തന്ത്രം' തികച്ചും വിചിത്രവും ജനാധിപത്യ മര്യാദകളെ വെല്ലുവിളിക്കുന്നതുമാണ്.

"ധനബിൽ പാസാക്കി നികുതിയിളവ് നിയമമാക്കിയ ശേഷം, യുഡിഎഫിന്റെ ഔദ്യോഗിക മദ്യനയം പ്രഖ്യാപിച്ചതിന് ശേഷമേ ഇത് നടപ്പിലാക്കൂ എന്ന് പറയുന്നതിലെ യുക്തി എന്താണ്? കുതിരയ്ക്ക് പുറകിൽ വണ്ടി കെട്ടുന്ന വിചിത്രമായ ഏർപ്പാടാണിത്." ചരിത്രത്തിലില്ലാത്തവിധം കടുത്ത തിടുക്കത്തോടെയാണ് ഈ നികുതിയിളവ് സർക്കാർ സഭയിൽ പാസാക്കിയെടുത്തത്. സഭയുടെ സബ്ജക്റ്റ് കമ്മിറ്റിയുടെ വെറ്റിംഗിന് പോലും വിടാതെയാണ് ധനബിൽ ധൃതിപിടിച്ച് പാസാക്കിയത് എന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ആരോപിക്കുമ്പോൾ അതിന് കൃത്യമായ മറുപടി നൽകാൻ ഭരണപക്ഷത്തിന് കഴിയുന്നില്ല. ഇതിന് പിന്നിൽ ചില വൻകിട മദ്യക്കമ്പനികളെ സഹായിക്കാനുള്ള രഹസ്യ അജണ്ടയുണ്ടെന്ന ആക്ഷേപം ശക്തമാണ്. കർണാടക ആസ്ഥാനമായുള്ള വൻകിട മദ്യലോബികൾക്ക് വേണ്ടിയാണ് ഈ 'ബാക്കാർഡി ടാക്സ്' ഇളവ് നൽകിയതെന്ന ആരോപണം ഉയരുമ്പോൾ, കേവലം മുൻ സർക്കാരിന്റെ ഫയലുകൾ ചൂണ്ടിക്കാട്ടി മുഖ്യമന്ത്രിക്ക് കൈകഴുകാനാകില്ല. ഈ നീക്കത്തിനെതിരെ രാഷ്ട്രീയ പ്രതിപക്ഷത്തേക്കാൾ ശക്തമായി ഉയർന്നുവന്നത് കേരളത്തിലെ സാമൂഹിക-ആത്മീയ നേതൃത്വങ്ങളുടെ ശക്തമായ പ്രതിഷേധമാണ്. കത്തോലിക്കാ സഭയും മറ്റ് ക്രൈസ്തവ മേലദ്ധ്യക്ഷന്മാരും സർക്കാരിന്റെ ഈ ഇരട്ടത്താപ്പിനെതിരെ പരസ്യമായി രംഗത്തുവന്നു കഴിഞ്ഞു. മാർത്തോമാ സഭയുടെ പരമാദ്ധ്യക്ഷൻ തിയോഡോഷ്യസ് മാർത്തോമാ മെത്രാപ്പോലീത്ത പരസ്യമായിത്തന്നെ സർക്കാരിന്റെ ഈ മദ്യാനുകൂല നീക്കത്തെ തള്ളിപ്പറഞ്ഞു. മദ്യം അത് മൈൽഡ് ആയാലും സ്ട്രോങ്ങ് ആയാലും മദ്യം തന്നെയാണ് എന്നും അത് യുവാക്കളിലേക്ക് എത്തിക്കുന്നത് സഭയ്ക്ക് ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ലെന്നുമാണ് അദ്ദേഹം വ്യക്തമാക്കിയത്.

കെസിബിസി ഉൾപ്പെടെയുള്ള ക്രൈസ്തവ സംഘടനകളും വിവിധ മദ്യവിരുദ്ധ സമിതികളും ജനകീയ പ്രക്ഷോഭത്തിന്റെ പാതയിലാണ്. തലശ്ശേരി ആർച്ച് ബിഷപ് ജോസഫ് പാംപ്ലാനി ഉൾപ്പെടെയുള്ളവർ മുഖ്യമന്ത്രി ചർച്ചയ്ക്ക് തയ്യാറായതിനെ സ്വാഗതം ചെയ്യുന്നുണ്ടെങ്കിലും ധനബില്ലിലൂടെ നികുതി കുറച്ച സർക്കാർ നടപടിയിലെ ദുരൂഹത ജനങ്ങൾക്ക് മുന്നിൽ ചോദ്യചിഹ്നമായി അവശേഷിക്കുന്നു. രാഷ്ട്രീയ അടിയൊഴുക്കുകൾ എന്തുതന്നെയായാലും, വോട്ട് ബാങ്കുകളെയും കമ്മ്യൂണിറ്റി നേതാക്കളെയും പിണക്കിക്കൊണ്ട് ഒരു മദ്യനയവുമായി മുന്നോട്ട് പോകാൻ യുഡിഎഫ് സർക്കാരിന് അത്ര എളുപ്പമാകില്ല. ഈ വിവാദക്കയത്തിൽനിന്നും ആത്മീയ നേതൃത്വങ്ങളുടെ പ്രതിഷേധത്തിൽനിന്നും രക്ഷപ്പെടാൻ മുഖ്യമന്ത്രി വി.ഡി. സതീശൻ പുറത്തെടുത്ത തന്ത്രമാണ് ഏറ്റവും രസകരം. മുന്നണിയിലും കോൺഗ്രസിനകത്തും (വി.എം. സുധീരനെപ്പോലുള്ള മുതിർന്ന നേതാക്കളിൽ നിന്നും) ഘടകകക്ഷികളായ മുസ്‌ലിം ലീഗിൽ നിന്നും ഒപ്പം ക്രൈസ്തവ സഭകളിൽനിന്നും കടുത്ത വിയോജിപ്പ് ഉയർന്നപ്പോൾ മുഖ്യമന്ത്രി: 'ഇത് വെറുമൊരു നികുതി ഘടന നിശ്ചയിക്കൽ മാത്രമാണ്, കുറഞ്ഞ വീര്യമുള്ള മദ്യത്തിന്റെ വിൽപന അനുവദിക്കണോ വേണ്ടയോ എന്ന് യുഡിഎഫ് മുന്നണി ചർച്ച ചെയ്ത് മദ്യനയം പ്രഖ്യാപിച്ച ശേഷമേ അന്തിമ തീരുമാനം എടുക്കൂ." എന്തൊരു മനോഹരമായ അടവ് നയം! നിയമസഭയിൽ ധനബിൽ പാസാകുന്നതോടെ നികുതിയിളവ് നിയമമായി മാറിക്കഴിഞ്ഞു. നിയമമാക്കി മാറ്റിയ ഒരു കാര്യം പിന്നീട് ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ എടുത്തുകളയാൻ കഴിയില്ലെന്ന പ്രാഥമിക ജനാധിപത്യ തത്വം മുഖ്യമന്ത്രി മറക്കുകയാണോ? അതോ ജനങ്ങളെയും സ്വന്തം മുന്നണിയിലെ ഘടകകക്ഷികളെയും സഭാ നേതൃത്വങ്ങളെയും ഒരേപോലെ പറ്റിക്കുകയാണോ? മുസ്‌ലിം ലീഗ് തങ്ങളുടെ മദ്യവിരുദ്ധ നിലപാട് ആവർത്തിക്കുമ്പോഴും 'മുന്നണി മര്യാദയുടെ' പേരിൽ ഈ ബില്ലിനെ വിഴുങ്ങേണ്ടി വരുന്ന കാഴ്ചയും നാം കണ്ടു.

ഒരു സംസ്ഥാനത്ത് ഏത് തരത്തിലുള്ള മദ്യം വിൽക്കണം, എങ്ങനെയുള്ള സംസ്കാരം വളർത്തണം എന്ന് തീരുമാനിക്കുന്നത് മദ്യനയമാണ്. ഇവിടെ സഭകളുടെയും സമുദായങ്ങളുടെയും എതിർപ്പ് നിലനിൽക്കെ, നയം രൂപീകരിക്കുന്നതിന് മുൻപ് ധനബില്ലിലൂടെ നികുതി കുറച്ചു നൽകിയതിൽ എന്ത് സുതാര്യതയാണുള്ളത്? പൊതുജനാരോഗ്യത്തെയും യുവതലമുറയെയും ബാധിക്കുന്ന ഇത്രയും വലിയൊരു വിഷയം മുന്നണിയിലോ ക്യാബിനറ്റിലോ കൃത്യമായി ചർച്ച ചെയ്യാതെ, ധനബില്ലിന്റെ മറവിൽ തിരക്കിട്ട് പാസാക്കിയെടുത്തതിന് പിന്നിലെ യഥാർത്ഥ ഗുണഭോക്താക്കൾ ആരാണ്?

കേരളത്തിലെ കർഷകരെ സഹായിക്കാനാണ് കശുവണ്ടിയിൽനിന്നും ചക്കയിൽനിന്നും വൈനും മൈൽഡ് മദ്യവും ഉണ്ടാക്കാൻ നികുതി കുറച്ചത് എന്ന ന്യായീകരണം കേൾക്കാൻ നല്ലതാണ്. എന്നാൽ സ്പിരിറ്റ് അടങ്ങിയ, വിദേശ കമ്പനികളുടെ റെഡി-ടു-ഡ്രിങ്ക് മദ്യങ്ങൾ കുറഞ്ഞ വിലയ്ക്ക് വിപണിയിൽ എത്തിക്കാൻ ഈ ഇളവ് കാരണമാകുമെന്നതാണ് യാഥാർത്ഥ്യം. മദ്യനയം പ്രഖ്യാപിച്ച ശേഷം മാത്രം നികുതി നടപ്പിലാക്കൂ എന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന കേവലം തടിയൂരാനുള്ള രാഷ്ട്രീയ തന്ത്രം മാത്രമാണ്. സമുദായ നേതാക്കളുടെയും ജനങ്ങളുടെയും കണ്ണിൽ പൊടിയിട്ട്, നിയമസഭയെ നോക്കുകുത്തിയാക്കി, മദ്യലോബികൾക്ക് പരവതാനി വിരിക്കുന്ന ഈ ഇരട്ടത്താപ്പ് ഒരു ജനാധിപത്യ സർക്കാരിന് ഭൂഷണമല്ല. ഒളിച്ചുകളി അവസാനിപ്പിച്ച് യഥാർത്ഥ നിലപാട് ജനങ്ങൾക്ക് മുന്നിൽ വ്യക്തമാക്കാൻ സർക്കാർ തയ്യാറാകണം.

# വിപിഎൻ സേവനങ്ങൾക്ക് നിയന്ത്രണം കടുപ്പിക്കാനൊരുങ്ങി കേന്ദ്രം

ന്യൂഡൽഹി: ഓൺലൈൻ സ്വകാര്യത സംരക്ഷിക്കാൻ ഉപയോഗിക്കുന്ന വെർച്വൽ പ്രൈവറ്റ് നെറ്റ്‌വർക്ക് (വിപിഎൻ) സേവനങ്ങൾക്ക് കടുത്ത നിയന്ത്രണമേർപ്പെടുത്താനൊരുങ്ങി കേന്ദ്രം.

വിപിഎൻ സേവനങ്ങളുടെ ദുരുപയോഗം മൂലം കുറ്റകൃത്യങ്ങൾ വർധിക്കുന്നതിന്റെയും ഇന്ത്യയിൽ ബ്ലോക്ക് ചെയ്തിട്ടുള്ള വെബ്സൈറ്റുകളും ഓൺലൈൻ പ്ലാറ്റ്ഫോമുകളും തങ്ങളുടെ ഓൺലൈൻ വ്യക്തിത്വം മറച്ച് ഉപയോക്താക്കൾക്കു ലഭ്യമാക്കുന്നതിന്റെയും പശ്ചാത്തലത്തിലാണ് വിപിഎൻ കമ്പനികൾക്കുമേൽ കടുത്ത നിയന്ത്രണങ്ങൾ നിർദേശിക്കുന്ന വിപുലമായ നിയമചട്ടക്കൂട് കൊണ്ടുവരാൻ കേന്ദ്രം ആലോചിക്കുന്നത്.

ഇന്ത്യയിൽ ബ്ലോക്ക് ചെയ്ത ആപ്പുകളും നിരോധിച്ച ഓൺലൈൻ ഉള്ളടക്കങ്ങളും ലഭ്യമാക്കാൻ വിപിഎന്നുകൾ ഉപയോഗിക്കുന്നവരുടെ എണ്ണം അനുദിനം വർധിക്കുന്നതിനിടെയാണ് കേന്ദ്രസർക്കാരിന്റെ നീക്കം.

നീറ്റ് പുനഃപരീക്ഷയോടനുബന്ധിച്ച് ഇന്ത്യയിൽ ടെലഗ്രാം ബ്ലോക്ക് ചെയ്തിരുന്നെങ്കിലും ഇത് ഉപയോഗിക്കുവാനായി പലരും വിപിഎൻ സേവനങ്ങൾ പ്രയോജനപ്പെടുത്തിയിരുന്നു. ഈ പശ്ചാത്തലത്തിൽ വിപിഎൻ സേവനങ്ങൾക്കുമേലുള്ള നിരീക്ഷണവും നിയന്ത്രണവും കടുപ്പിക്കാനാണ് കേന്ദ്രം ശ്രമിക്കുന്നത്.

പുതിയ നിയമപ്രകാരം വിദേശത്തുള്ള വിപിഎൻ കമ്പനികൾ ഇന്ത്യയിൽ തങ്ങളുടെ ഓഫീസ് തുറക്കേണ്ടിവരും. കൂടാതെ, അന്വേഷണ ഏജൻസികളുമായും സർക്കാരുമായും സഹകരിക്കുന്നതിനായി പ്രത്യേക കംപ്ലയൻസ് ഓഫീസർമാരെ കമ്പനികൾ ഇന്ത്യയിൽ നിയമിക്കണം.

ഇന്ത്യയിൽ ഓഫീസ് തുറക്കുന്നതിലൂടെ ബ്ലോക്ക് ചെയ്ത ഏതൊക്കെ ഉള്ളടക്കങ്ങൾ ജനങ്ങൾക്കു ലഭ്യമാക്കാതിരിക്കണമെന്ന നിർദേശം കമ്പനികൾക്കുനൽകാൻ സർക്കാരിനു കഴിയും.

സർക്കാർ മുന്നോട്ടുവെക്കുന്ന നിയമങ്ങൾ പാലിക്കാൻ കമ്പനികൾ തയാറായില്ലെങ്കിൽ കമ്പനികളുടെ പ്രാദേശിക ജീവനക്കാർക്ക് തടവുശിക്ഷ ഉൾപ്പെടെയുള്ള നിയമനടപടികളും സർക്കാർ പരിഗണിക്കുന്നുണ്ടെന്നാണ് റിപ്പോർട്ട്.

എന്നാൽ സർക്കാരിന്റെ സെൻസർഷിപ്പുകൾക്കെതിരെ പോരാടാനും ഇന്ത്യയിലെ ജനങ്ങളിൽനിന്ന് സർക്കാർ മൂടിവെക്കുന്ന വിവരങ്ങൾ ലഭ്യമാക്കാനും വിപിഎനുകൾ ജനങ്ങളെ സഹായിക്കുന്നുണ്ടെന്നതിനാൽ അതിനുമേലുള്ള നിയന്ത്രണങ്ങൾ സർക്കാർ കടുപ്പിക്കുന്നതിൽ ചില മേഖലകളിൽ ആശങ്കയ്ക്കും വഴിവെക്കുന്നുണ്ട്.

# ഹൈടെക് വാഹനങ്ങൾക്ക് സൈബർ സുരക്ഷ നിർബന്ധമാക്കി

ന്യൂഡൽഹി: നൂതന സാങ്കേതികവിദ്യ ഉൾക്കൊള്ളുന്ന വാഹനങ്ങൾക്കു സൈബർ സുരക്ഷയും സോഫ്റ്റ്‌വേർ അപ്ഡേറ്റ് മാനേജ്മെന്റും നിർബന്ധമാക്കുന്നതു സംബന്ധിച്ച നിയമം കർശനമാക്കാൻ കേന്ദ്രസർക്കാർ. കംപ്യൂട്ടറൈസ്ഡ് സംവിധാനങ്ങളുള്ള പുതിയ മോഡൽ വാഹനങ്ങൾ മോഷണം പോകുന്നത് തടയുന്നതിനും ഇത്തരം വാഹനങ്ങൾ നേരിടുന്ന സൈബർ സുരക്ഷാഭീഷണി ഒഴിവാക്കുന്നതിനുമാണ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ഇടപെടൽ.

ലെവൽ-3 അല്ലെങ്കിൽ അതിനു മുകളിലുള്ള ഓട്ടോമേറ്റഡ് ഡ്രൈവിംഗ് സാങ്കേതികവിദ്യയും ഇലക്ട്രോണിക് കൺട്രോൾ യൂണിറ്റുമുള്ള യാത്രാ-വാണിജ്യ വാഹനങ്ങൾക്കും ട്രാക്ടറുകൾക്കും ഈ സൈബർ സുരക്ഷാ നിയമങ്ങൾ ബാധകമായിരിക്കും. മെഴ്സിഡസ് ബെൻസ് എസ് ക്ലാസ്, ഔഡി എ8, ബിഎംഡബ്ല്യു 7 സീരീസ് തുടങ്ങിയ ഉയർന്ന സാങ്കേതികവിദ്യയുള്ള പുതിയ മോഡൽ വാഹനങ്ങൾക്ക് ഒക്ടോബർ മുതലും നിലവിലുള്ള മോഡലുകൾക്ക് അടുത്ത ഏപ്രിൽ മുതലും പുതിയ ചട്ടങ്ങൾ നിർബന്ധമാക്കും. സ്മാർട്ട്ഫോണുകൾക്കു സമാനമായി ഡീലർഷിപ്പുകളിൽ പോകാതെതന്നെ വൈ ഫൈ അല്ലെങ്കിൽ മൊബൈൽ നെറ്റ്‌വർക്കുകൾ വഴി സിസ്റ്റം അപ്ഡേറ്റുകൾ നേരിട്ടു ലഭ്യമാക്കുന്ന ഒടിഎ (ഓവർ ദി എയർ) സാങ്കേതികവിദ്യയുള്ള വാഹനങ്ങൾക്ക് 2028 ഏപ്രിലിലും ഒക്ടോബറിനുമിടയിൽ നിയമം ബാധകമായി തുടങ്ങും. മറ്റു സോഫ്റ്റ്‌വേർ അപ്ഡേറ്റ് സംവിധാനമുള്ള വാഹനങ്ങൾക്ക് 2029 ഒക്ടോബറോടെയാകും നിയമം ബാധകമായി തുടങ്ങുക.

ഇലക്ട്രിക് വാഹനങ്ങളുടെ ബാറ്ററി മാനേജ്മെന്റ് സിസ്റ്റം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ റിമോട്ടായി നിയന്ത്രിക്കപ്പെടുന്നതിലൂടെ ഉണ്ടാകാനിടയുള്ള സുരക്ഷാ വീഴ്ചകൾ തടയാൻ കൂടുതൽ സുരക്ഷിതമായ കോഡിംഗ് ഉറപ്പാക്കണമെന്ന് വാഹനനിർമാതാക്കൾക്കു നിർദേശം നൽകിയിട്ടുണ്ട്. ബാറ്ററി സംവിധാനം ഉപയോഗിച്ച് ചെറിയ ദൂരം ഓടുന്ന ഇ-റിക്ഷകൾ ഫോണിലെ ബ്ലൂടൂത്ത് സംവിധാനം ഉപയോഗിച്ച് പുറത്തുനിന്നും സ്വിച്ച് ഓഫാക്കാൻ സാധിക്കുമെന്ന് അടുത്തിടെയാണു കണ്ടെത്തിയത്. ഇ-റിക്ഷ ഡ്രൈവർ മാരെ കബളിപ്പിക്കാനെന്നോണം ഇത്തരത്തിൽ നിരവധി ഇ-റിക്ഷകൾ ഓടിക്കൊണ്ടിരിക്കെ ഓഫായതിന്റെ വീഡിയോ സമൂഹമാധ്യമങ്ങളിൽ വൈറലായതോടെയാണു വിഷയം അധികൃതരുടെ ശ്രദ്ധയിൽപ്പെടുന്നത്.

# ഗഗൻയാൻ ദൗത്യം: ആദ്യ പരീക്ഷണത്തിൽ വിജയിച്ച് 'സോൾവ്'

തിരുവനന്തപുരം: ഗഗൻയാൻ ദൗത്യത്തിന്റെ പാരഷൂട്ട് സംവിധാനം പരീക്ഷിക്കാൻ നിർമിച്ച പുതിയ റോക്കറ്റ് മോട്ടറിന്റെ ആദ്യപരീക്ഷണം വിജയം. സബ് ഓർബിറ്റൽ ലോഞ്ച് വെഹിക്കിൾ ഫോർ എക്സ്പെരിമെന്റ്സ് (സോൾവ്) എന്നു പേരിട്ട ഈ പരീക്ഷണ വാഹനം ബഹിരാകാശ യാത്രികരെ അയയ്ക്കുന്നതിനു മുൻപ് ഗഗൻയാൻ ക്രൂ മൊഡ്യൂളിന്റെ പാരഷൂട്ട് പരീക്ഷണങ്ങൾ ആവർത്തിച്ചു നടത്താൻ വികസിപ്പിച്ചതാണ്. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിലെ സ്റ്റാറ്റിക് ടെസ്റ്റ് ഫെസിലിറ്റിയിൽ ജൂലൈ മൂന്നിന് നടന്ന പരീക്ഷണത്തിൽ റോക്കറ്റ് മോട്ടർ പ്രതീക്ഷിച്ച പ്രകടനം കാഴ്ചവെച്ചെന്ന് ഐഎസ്ആർഒ അറിയിച്ചു.


മടക്കയാത്രയിൽ സുരക്ഷിതമായി കടലിൽ പതിക്കുന്നെന്ന് ഉറപ്പാക്കാൻ ഗഗൻയാൻ ക്രൂ മൊഡ്യൂളിനെ 10-17 കിലോമീറ്റർ ഉയരത്തിലേക്ക് എത്തിക്കാനാണ് സോൾവ് ഉപയോഗിക്കുക. റോക്കറ്റിൽനിന്നു വേർപെട്ട് പാരഷൂട്ട് കടലിലേക്കു പതിക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ പലവട്ടം പരീക്ഷിച്ച് ഉറപ്പിച്ച ശേഷമേ ഗഗൻയാൻ ദൗത്യത്തിൽ ക്രൂ മൊഡ്യൂൾ ഉപയോഗിക്കാൻ കഴിയൂ.

പിഎസ്എൽവി റോക്കറ്റിൽ ഉപയോഗിക്കുന്ന സ്ട്രാപ്-ഓൺ ബൂസ്റ്ററിനെ പരിഷ്കരിച്ചാണ് സോൾവിലെ ഖര ഇന്ധന റോക്കറ്റ് മോട്ടർ നിർമിച്ചത്. ഗഗൻയാൻ ദൗത്യത്തിനായി ഇതിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ചെറിയ വിക്ഷേപണ പരീക്ഷണങ്ങൾക്കായി വലിയ റോക്കറ്റുകൾ ഉപയോഗിക്കുന്നതിനു പകരമായി ഭാവിയിൽ സോൾവ് ഉപയോഗിക്കാൻ കഴിയും.

# ആറ് ഇന്ത്യക്കാരുൾപ്പെടെ 23 പേരെ ഭീകരവാദികളായി പ്രഖ്യാപിച്ചു

ന്യൂഡൽഹി: ആറ് ഇന്ത്യൻ പൗരന്മാരുൾപ്പെടെ പാകിസ്താൻ കേന്ദ്രമായി തീവ്രവാദപ്രവർത്തനം നടത്തുന്ന 23 പേരെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഭീകരവാദികളായി പ്രഖ്യാപിച്ചു. നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള നിയമമായ യുഎപിഎക്കു കീഴിലാണ് കേന്ദ്രനടപടി. ജയ്ഷ ഇ മുഹമ്മദ്, ലഷ്കർ ഇ തൊയ്ബ, ജമാത്ത് ഉദ് ദവ, ദി റസിസ്റ്റൻസ് ഫ്രണ്ട് എന്നീ ഭീകരസംഘടനകളുമായി ബന്ധമുള്ള 23 പേരെയാണു കേന്ദ്രം പുതിയതായി ഭീകരവാദികളുടെ പട്ടികയിൽ ചേർത്തിരിക്കുന്നത്.

23 പേരിൽ 17 പേർ പാകിസ്താൻ പൗരന്മാരും ശേഷിക്കുന്നവർ ഇന്ത്യൻ പൗരന്മാരുമാണെന്നും എന്നാൽ നിലവിൽ എല്ലാവരും പാകിസ്താനിൽനിന്നും പാക് അധീന കശ്മീരിൽനിന്നും ഭീകരവാദ പ്രവർത്തനങ്ങൾ നടത്തുന്നവരാണെന്നും കേന്ദ്ര ആഭ്യന്തരമന്ത്രാലയം എക്സിലൂടെ അറിയിച്ചു.





## IPC SOUTH FLORIDA, INC.

### WE ARE SEEKING A FULL-TIME LEAD PASTOR POSITION AVAILABLE AS SOON AS POSSIBLE

**QUALIFICATIONS**

Ordained minister in good standing in a recognized Pentecostal body.

Deep commitment to preach and teach sound Pentecostal doctrines and offer pastoral care with a desire for church growth.

At least 10 years of verifiable experience as a minister, preferably 5 years in North America.

Recognized Bachelor's degree in Bible/Theology/Ministry. Advanced theological degree/s and/or ministerial experience assisting reputable senior pastors will count partially to fulfill the required years of experience.

Prefer a person around 45 years of age.

Able to communicate and preach proficiently in English and Malayalam

Must be a citizen or legal permanent resident of the United States.

**Send inquiries and letter of interest with resume including references and photo no later than June 30, 2026 to:**

**ipcsflsearch@gmail.com**




# ഫാർമസി പഠനം: ചെലവ് കുറയ്ക്കാൻ കമ്മീഷൻ

ന്യൂഡൽഹി: ഇന്ത്യയിൽ ഗുണമേന്മയുള്ളതും ചെലവ് കുറഞ്ഞതുമായ ഫാർമസി വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും ഈ മേഖലയുടെ നിയന്ത്രണത്തിനും ദേശീയ ഫാർമസി കമ്മീഷൻ രൂപീകരിക്കാൻ നിർദേശിച്ചു കേന്ദ്ര സർക്കാർ.

നിലവിലുള്ള 1948-ലെ ഫാർമസി നിയമത്തിനു പകരമായി കേന്ദ്ര ആരോഗ്യമന്ത്രാലയം തയാറാക്കിയ നാഷണൽ ഫാർമസി കമ്മീഷൻ ബില്ല് 2026-ന്റെ പുതുക്കിയ കരടിലാണ് കേന്ദ്ര സർക്കാർ ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്.

ആധുനിക വൈദ്യശാസ്ത്രം, ഇന്ത്യൻ ചികിത്സാ രീതികൾ, ഹോമിയോപ്പതി തുടങ്ങിയ മേഖലകളിലെ ഫാർമസി പ്രൊഫഷണലുകളെ അത്യാധുനിക ഫാർമസ്യൂട്ടിക്കൽ-ലൈഫ് സയൻസ് ഗവേഷണങ്ങൾ സ്വീകരിക്കാൻ പ്രാപ്തരാക്കുകയാണ് പുതിയ ബില്ലുകൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.

ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ കമ്മീഷനിൽ ഒരു ചെയർപേഴ്സണും 15 എക്സ്-ഒഫീഷ്യോ അംഗങ്ങളും 13 പാർട്ട് ടൈം അംഗങ്ങളും ഉണ്ടായിരിക്കും.

കുറഞ്ഞത് 20 വർഷത്തെ പ്രവൃത്തിപരിചയവും അതിൽ പത്തു വർഷം ഫാർമസി മേഖലയിൽ നേതൃസ്ഥാനവും വഹിച്ചിട്ടുള്ള രജിസ്ട്രേഡ് ഫാർമസിസ്റ്റുകളെയാണ് ചെയർപേഴ്സൺ സ്ഥാനത്തേക്കു നിയമിക്കുക.

ഫാർമസി സ്ഥാപനങ്ങൾ, ഗവേഷണം, പ്രൊഫഷണലുകൾ എന്നിവയെ നിയന്ത്രിക്കാനും പരമാവധി ട്യൂഷൻ ഫീസ് നിശ്ചയിക്കാനുമുള്ള അധികാരം കമ്മീഷന് ഉണ്ടായിരിക്കും.

കൂടാതെ, ഫാർമസി പ്രാക്ടീസ് ചെയ്യുന്നതിനുള്ള ലൈസൻസ് നൽകുന്നതിനും പിജി പ്രവേശനത്തിനുമുള്ള മാനദണ്ഡമായി നാഷണൽ എക്സിറ്റ് ടെസ്റ്റ് (ഫാർമസി) ഈ ബില്ലിലൂടെ കൊണ്ടുവരാനും സർക്കാർ ശ്രമിക്കുന്നു.

നിയമം പ്രാബല്യത്തിൽ വന്ന് അഞ്ചു വർഷത്തിനുള്ളിൽ ഇതു നടപ്പാകും.

# ഇപിഎസ്-2026 നിലവിൽ വന്നു

ന്യൂഡൽഹി: 1971-ലെയും 1995-ലെയും എംപ്ലോയീസ് പെൻഷൻ സ്കീം (ഇ.പി.എസ്.) ഒഴിവാക്കി 'ഇ.പി.എസ് 2026' നിലവിൽ വന്നു. സുപ്രീംകോടതി അനുവദിച്ച ഉയർന്ന പെൻഷനെ പുതിയ സ്കീം ബാധിക്കില്ല. പെൻഷൻ കണക്കാക്കുന്ന ഫോർമുലയിലും മാറ്റമില്ല.

കുറവുകൾ ഇല്ലാത്ത പെൻഷൻ ക്ലെയിമുകൾ 20 ദിവസത്തിനകം അനുവദിച്ചില്ലെങ്കിൽ വൈകുന്ന ദിവസങ്ങൾക്ക് 12 ശതമാനം പലിശ നൽകണം. ഇത് പി.എഫ് കമ്മീഷണറുടെ ശമ്പളത്തിൽനിന്നാണ് അപേക്ഷകന് നൽകേണ്ടത്. ജൂൺ 29 മുതലാണ് പുതിയ പദ്ധതി. അന്നുമുതൽ ചേരുന്നവർക്ക് അതാണ് ബാധകം. പഴയ സ്കീമുകളിലുള്ളവർക്ക് പുതിയതിലേക്ക് മാറാം. ജീവനക്കാരുടെ വിവരങ്ങൾ 15 ദിവസത്തിനകം തൊഴിലുടമ പി.എഫ്. കമ്മീഷണർക്ക് നൽകണം. പെൻഷന് ആശ്രയിക്കുന്ന ശമ്പളത്തിന്റെ പരിധി എത്രയെന്ന് വ്യക്തമാക്കുന്നില്ല. അതത് സമയത്ത് സർക്കാർ നിശ്ചയിക്കുന്നത് എന്നാണ് പറയുന്നത്. 2014 മുതൽ ഇത് 15,000 രൂപയാണ്. സുപ്രീംകോടതി വിധിപ്രകാരം ഉയർന്ന പെൻഷൻ അനുവദിക്കപ്പെട്ടവർക്ക് സീലിങ് ബാധകമല്ല.

15,000 രൂപവരെയുള്ള ശമ്പളത്തിന് പെൻഷൻ ഫണ്ടിലേക്ക് നൽകുന്ന വിഹിതത്തിന്റെ 1.16 ശതമാനം സർക്കാർ അടയ്ക്കും. അതിനു മുകളിലുള്ള ശമ്പളത്തിന് ഇതുകൂടി തൊഴിലുടമ അടയ്ക്കണം.

10 വർഷത്തിലേറെ സർവീസുള്ളവർക്ക് 50 വയസ്സിനുശേഷം ജോലി അവസാനിപ്പിക്കേണ്ടി വന്നാലും പെൻഷൻ ലഭിക്കും. 58 വയസ്സിൽ നിന്ന് കുറവുവരുന്ന ഓരോ വർഷത്തിനും നാല് ശതമാനം വീതം പെൻഷൻ കുറയും.

# മദ്യം വാങ്ങാൻ 23 വയസ് കർശനമാക്കുന്നു

തിരുവനന്തപുരം: സംസ്ഥാനത്ത് മദ്യം വാങ്ങുന്നതിനുള്ള പ്രായപരിധി നിയന്ത്രണം കർശനമാക്കാൻ സർക്കാർ. 23 വയസ് പൂർത്തിയായെങ്കിൽ മാത്രമേ മദ്യം വാങ്ങാനാകൂ എന്ന നിയമം കർശനമാക്കാനാണ് നീക്കം. നിലവിൽ 21 വയസ് പൂർത്തിയായവർക്ക് മാത്രമേ പല സംസ്ഥാനങ്ങളിലും മദ്യം നല്കുകയുള്ളൂ. എക്സൈസ് വകുപ്പിന്റെ ഫയൽ ഇപ്പോൾ മുഖ്യമന്ത്രിയുടെ പരിഗണനയിലാണ്. സർക്കാർ അംഗീകാരം നല്കിയാൽ അടുത്ത മദ്യനയത്തിൽ ഈ വിഷയത്തിൽ തീരുമാനമുണ്ടാകുമെന്നാണ് വിവരം. 'നോ ഐഡി, നോ എൻട്രി' എന്ന കർണാടക മോഡൽ നടപ്പാക്കുന്നതിനുള്ള ചർച്ച പുരോഗമിക്കുകയാണ്.

മദ്യം വാങ്ങാനെത്തുന്നവരുടെ പ്രായത്തിൽ സംശയം തോന്നിയാൽ തിരിച്ചറിയൽ രേഖ ആവശ്യപ്പെടാവുന്ന തരത്തിൽ കർശനമാക്കിയേക്കും. 18 വയസായിരുന്നു സംസ്ഥാനത്ത് മദ്യം വാങ്ങുന്നതിനുള്ള പ്രായപരിധി. ഉമ്മൻ ചാണ്ടി മന്ത്രിസഭയുടെ കാലത്ത് ഇത് 21 ആക്കി. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഇത് 23 ആയി ഉയർത്തി. ആ ഉത്തരവ് ഇറങ്ങിയെങ്കിലും കർശനമായി നടപ്പാക്കിയില്ലെന്നാണ് യുഡിഎഫ് സർക്കാരിന്റെ വിലയിരുത്തൽ.

# അവകാശികളില്ലാതെ 9330 കോടി ഇപിഎഫ് നിക്ഷേപം

ന്യൂഡൽഹി: രാജ്യത്തുടനീളമുള്ള 30.91 ലക്ഷത്തിലധികം നിഷ്ക്രിയ ഇപിഎഫ് അക്കൗണ്ടുകളിലായി 9330 കോടിയിലധികം രൂപ അവകാശികളില്ലാതെ കെട്ടിക്കിടക്കുന്നതായി വിവരാവകാശ രേഖ.

കേന്ദ്രസർക്കാരിന്റെ മുൻനിര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ ആയുഷ്മാൻ ഭാരതിന് 2026-27 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയ്ക്ക് ഒപ്പമാണിത്. മുൻവർഷത്തെ അപേക്ഷിച്ച് നിഷ്ക്രിയ അക്കൗണ്ടുകളുടെ എണ്ണത്തിൽ നേരിയ കുറവുണ്ടായിട്ടുണ്ട്. 2025 മാർച്ച് 31-ൽ 31.83 ലക്ഷമായിരുന്ന അക്കൗണ്ടുകൾ 2026 മാർച്ച് ആയപ്പോഴേക്ക് 30.91 ലക്ഷമായി കുറഞ്ഞു. ഇതോടെ കെട്ടിക്കിടക്കുന്ന തുക 10,181 കോടിയിൽ നിന്ന് 9,330 കോടിയായി ചുരുങ്ങി. കഴിഞ്ഞ അഞ്ചു വർഷത്തെ വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും 2025, 2026 വർഷങ്ങളിലെ വിവരങ്ങൾ മാത്രമേ നല്കാനാകൂ എന്ന് ഇപിഎഫ് അറിയിച്ചതായി റിപ്പോർട്ടിലുണ്ട്.

## ഇന്ത്യ പുനരുദ്ധരിച്ച ബുദ്ധവിഹാരത്തിന് യുനെസ്കോ പുരസ്കാരം

കാഠ്മണ്ഡു: ഇന്ത്യ നല്കിയ സാമ്പത്തിക സഹായത്താൽ പുനരുദ്ധരിച്ച നേപ്പാളിലെ ബുദ്ധവിഹാരത്തിന് സംരക്ഷണത്തിനുള്ള യുനെസ്കോ പുരസ്കാരം. 2015-ലെ ഭൂചലമത്തെ തുടർന്ന് കേടുപാടുകൾ സംഭവിച്ച 17-ാം നൂറ്റാണ്ടിലെ ലളിത്പൂർ ജസ്തവർണ മഹാവീറാണ് ഇന്ത്യയുടെ സഹായത്താൽ പുനരുദ്ധരിച്ചത്.

ലളിത്പൂരിൽ യുനെസ്കോ സംഘടിപ്പിച്ച ചടങ്ങിൽ വെച്ച് സംസ്കാരത്തിന്റെയും പൗരാണികതയുടെയും സംരക്ഷണത്തിനായുള്ള യുനെസ്കോ ഏഷ്യാ-പസഫിക് 2025 പുരസ്കാരം നേപ്പാളിലെ യുനെസ്കോ പ്രതിനിധി ജാകോഡു ടോയ്റ്റ്, ജസ്ത വർണമഹാവീർ അധികൃതർക്ക് കൈമാറി.

നേപ്പാളിലെ സാംസ്കാരിക-പൗരാണിക മേഖലകളിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 13.78 കോടി നേപ്പാളി രൂപയാണ് ഇന്ത്യ നല്കിയതെന്ന് കാഠ്മണ്ഡുവിലെ ഇന്ത്യൻ മിഷൻ പ്രസ്താവനയിൽ അറിയിച്ചു. ഇന്ത്യൻ എംബസിയിലെ മിഷന്റെ ഡെപ്യൂട്ടി ചീഫ് രാകേഷ് പാണ്ഡേയും നേപ്പാളിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ഇന്ത്യ-നേപ്പാൾ സാംസ്കാരിക-പൗരാണിക പങ്കാളിത്തങ്ങളെക്കുറിച്ച് വിശദീകരിച്ച പാണ്ഡേ ജസ്ത വർണ മഹാവീർ പ്രോജക്ടിന്റെ വിജയത്തിൽ ഭാഗഭാക്കായ ഏവരെയും അഭിനന്ദിച്ചു. 2024 മാർച്ച് 22-ന് നേപ്പാളിലെ ഇന്ത്യൻ അംബാസഡർ നവീൻ ശ്രീവാസ്തവയും നേപ്പാളിന്റെ ഗ്രാമവികസന മന്ത്രി ധൻ ബഹാദൂർ ബുദ്ധയും ചേർന്നാണ് പുനരുദ്ധരിച്ച ജസ്ത വർണ മഹാവീർ ഉദ്ഘാടനം ചെയ്തത്. ഭൂകമ്പത്തെ അതിജീവിക്കുന്ന ആധുനിക സാങ്കേതങ്ങളും പരമ്പരാഗത നിർമാണശൈലിയും സമന്വയിപ്പിച്ചായിരുന്നു ജസ്ത വർണ മഹാവീറിന്റെ പുനരുദ്ധാരണം.

## ഡോ. സി.ടി. അരവിന്ദകുമാർ മികച്ച ശാസ്ത്രജ്ഞരുടെ പട്ടികയിൽ

കോട്ടയം: എംജി സർവകലാശാല മുൻ വൈസ് ചാൻസലറും പ്രമുഖ പരിസ്ഥിതിശാസ്ത്രജ്ഞനുമായ ഡോ. സി.ടി. അരവിന്ദകുമാർ 'സൈ റാങ്ക് ഗ്ലോബൽ' പ്രഖ്യാപിച്ച ലോകത്തെ മികച്ച് അഞ്ച് ശതമാനം ശാസ്ത്രജ്ഞരുടെ പട്ടികയിൽ ഇടംനേടി.

പരിസ്ഥിതിശാസ്ത്ര ഗവേഷണരംഗത്തെ സംഭാവനകളെയും പ്രബന്ധങ്ങളെയും മുൻനിർത്തിയാണു നേട്ടം.







THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms
FOR BOOKING
ABRAHAM THANNIKARI
+1 346- 285-1633
athannikari@hotmail.com
JENNI THANNIKARI
+1 713-280-8688
SOBHANA
+91 965 616 8399


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200
773.685.7388
www.bmautocollision.com

# ഔട്ട്സ്റ്റാൻഡിംഗ് സർവീസ് ഇൻ ലീഡർഷിപ് അവാർഡ് എബിൻ കുര്യാക്കോസിന് സമ്മാനിച്ചു

ഇല്ലിനോയി: 2026-ലെ ഏഷ്യൻ അമേരിക്കൻ പസഫിക് ഐലൻഡർ ഹെറിറ്റേജ് മാസാചരണത്തിന്റെ ഭാഗമായി ഇല്ലിനോയി സ്റ്റേറ്റ് ട്രഷറർ മൈക്കൽ ഫ്രെറിക്സ് എബിൻ കുര്യാക്കോസിന് ഔട്ട്സ്റ്റാൻഡിംഗ് സർവീസ് ഇൻ ലീഡർഷിപ് അവാർഡ് സമ്മാനിച്ചു. സമൂഹത്തിനും പൊതുസേവനരംഗത്തിനും സാമ്പത്തിക വികസനത്തിനും നല്കിയ അസാധാരണമായ നേതൃത്വവും ദീർഘകാല സംഭാവനകളും പരിഗണിച്ചാണ് ഈ വിശിഷ്ട ബഹുമതി അദ്ദേഹത്തിനു സമ്മാനിച്ചത്.



വേൾഡ് ബിസിനസ് ചിക്കാഗോയുടെ ചീഫ് സ്ട്രാറ്റജി ആൻഡ് ഇന്നോവേഷൻ ഓഫീസർ എന്ന നിലയിൽ അദ്ദേഹം നൂതന സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും നിക്ഷേപം ആകർഷിക്കുന്നതിനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വൈവിധ്യമാർന്ന സമൂഹങ്ങളെ ശാക്തീകരിക്കുന്നതിനും നിർണായക പങ്കുവഹിച്ചു. ഏഷ്യൻ അമേരിക്കൻ പസഫിക് ഐലൻഡർ സമൂഹത്തിന്റെ നേട്ടങ്ങളും അമേരിക്കൻ സമൂഹത്തിന് അവർ നല്കിയ വിലപ്പെട്ട സംഭാവനകളും ആദരിക്കുന്നതിനായി വർഷംതോറും സംഘടിപ്പിക്കുന്ന ആ ആഘോഷത്തിൽ വിവിധ മേഖലകളിൽ മാതൃകാപരമായ സേവനം കാഴ്ചവെച്ച വ്യക്തികളെയാണ് ഇല്ലിനോയി സ്റ്റേറ്റ് ട്രഷററുടെ ഓഫീസ് ആദരിക്കുന്നത്. അവരിൽ ഒരാളായി എബിൻ കുര്യാക്കോസ് തെരഞ്ഞെടുക്കപ്പെട്ടത് അദ്ദേഹത്തിന്റെ പ്രൊഫഷണൽ മികവിനും ജനസേവനത്തിനുള്ള പ്രതിബദ്ധതയ്ക്കും യുവതലമുറയെ പ്രചോദിപ്പിക്കുന്ന നേതൃത്വത്തിനുമുള്ള വലിയ അംഗീകാരമാണ്.ഈ പുരസ്കാരം വ്യക്തിപരമായ ഒരു നേട്ടം മാത്രമല്ല, ഇന്ത്യൻ-അമേരിക്കൻ സമൂഹത്തിന്റെയും പ്രത്യേകിച്ച് മലയാളി സമൂഹത്തിന്റെയും അഭിമാനനേട്ടമാണ്.

കഠിനാദ്ധ്വാനം, ദീർഘവീക്ഷണം, നവീനചിന്ത, സമൂഹത്തോടുള്ള പ്രതിബദ്ധത എന്നിവയിലൂടെ ആഗോളതലത്തിൽ ശ്രദ്ധേയമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് എബിൻ കുര്യാക്കോസിന്റെ ഈ അംഗീകാരം തെളിയിക്കുന്നു. അദ്ദേഹത്തിന്റെ നേട്ടം യുവജനങ്ങൾക്ക് പ്രചോദനമാവുകയും പൊതുസേവനത്തിലും നേതൃത്വത്തിലും കൂടുതൽപേർ മുന്നോട്ടുവരാൻ പ്രേരണയാവുകയും ചെയ്യുന്നു.

എബിന്റെ ജീവിതയാത്രയിൽ ഭാര്യ മെലീസ്സയുടെ പിന്തുണയും പ്രോത്സാഹനവും ശ്രദ്ധേയമാണ്. കുടുംബജീവിതത്തിലും പൊതുസേവന രംഗത്തുമുള്ള ഉത്തരവാദിത്വങ്ങൾ സന്തുലിതമായി മുന്നോട്ടുകൊണ്ടുപോകുന്നതിൽ അവർ അദ്ദേഹത്തിന് ശക്തമായ പിന്തുണ നല്കുന്നു.

കുടുംബത്തിന്റെ സ്നേഹവും സഹകരണവും അദ്ദേഹത്തിന്റെ വിജയയാത്രയ്ക്ക് കൂടുതൽ കരുത്തും പ്രചോദനവും പകരുന്നതായി വിലയിരുത്തപ്പെടുന്നു.



## കെ.എസ്.ആർ.ടി.സി. ബസപകടം; ഉടൻ നഷ്ടപരിഹാരം

തിരുവനന്തപുരം: കെ.എസ്.ആർ.ടി.സി. ബസ് ഉണ്ടാക്കുന്ന അപകടങ്ങളിൽ ഇരകൾക്ക് ഉടൻ നഷ്ടപരിഹാരം നൽകും. പദ്ധതി സർക്കാരിന്റെ 100 ദിന കർമ പദ്ധതിയിൽ ഉൾപ്പെടുത്തി. ഇത് ഉൾപ്പെടെ 13 കാര്യങ്ങളാണ് 100 ദിന കർമപദ്ധതിയിലൂടെ കെഎസ്ആർടിസി നടപ്പാക്കാൻ ഒരുങ്ങുന്നത്.

കെഎസ്ആർടിസി ബസുകൾ ഉണ്ടാക്കുന്ന അപകടങ്ങളിൽ കോടതി മുഖാന്തരമാണ് നഷ്ടപരിഹാരം. ഇത് കിട്ടാനും സമയമെടുക്കും. അതിനൊരു മാറ്റമാണ് ഗതാഗത വകുപ്പ് ആലോചിച്ചത്. വേഗത്തിൽ കുറച്ച് പണമെങ്കിലും കിട്ടുന്നത് ഇരകൾക്ക് ഒരാശ്വാസമാണ്. പരുക്കേൽക്കുന്നവർക്ക് ആശുപത്രി ചെലവിന് ഉപകരിക്കുന്ന പദ്ധതിയാണ് ആവിഷ്കരിക്കുന്നത്. അപകടമുണ്ടാകുന്ന ദിവസംതന്നെ തുക നൽകുന്ന രീതി. ആദ്യ നഷ്ടപരിഹാരമെന്ന നിലയിൽ 10,000 രൂപ വരെ നൽകുന്നതാണ് സ്പോട്ട് നഷ്ടപരിഹാര പദ്ധതി. കെഎസ്ആർടിസി ബസിടിച്ച് വാഹനം തകരുന്നവർക്കും സ്പോട്ടിൽ നഷ്ടപരിഹാരം കൊടുക്കുന്നതും ആലോചനയിലുണ്ട്. എംഎൽഎ ഫണ്ട്, തദ്ദേശ സ്ഥാപന ഫണ്ട് എന്നിവ ഉപയോഗിച്ച് ബസുകൾ വാങ്ങുന്ന പരിപാടിയും 100 ദിന കർമ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ മാസവും മികച്ച ഡ്രൈ വർ കണ്ടക്ടർ അവാർഡും നൽ കും. റെയിൽ മാതൃകയിൽ വെയ്റ്റിങ് ലിസ്റ്റ്, തത്കാൽ ബുക്കിങ് എന്നിവ നടപ്പിലാക്കുന്നതും കർമപരിപാടിയിലുണ്ട്.

## കാർ സ്വകാര്യബസിൽ ഇടിച്ചുകയറി യുവതി മരിച്ചു

ഓച്ചിറ: നിയന്ത്രണംവിട്ട കാർ എതിരേ വന്ന സ്വകാര്യ ബസിൽ ഇടിച്ചുകയറി യുവതിക്ക് ദാരുണാന്ത്യം. അടൂർ കൊടുമൺ നിലമേൽ മേലതിൽ അരുണിന്റെ ഭാര്യ അമൃത (27) യാണ് മരിച്ചത്. കരുനാഗപ്പള്ളി സ്വദേശിനിയാണ് അമൃത.

പുനലൂരിൽ വിവാഹത്തിൽ പങ്കെടുത്തശേഷം അഴീക്കൽ ബീച്ച് കാണാനെത്തി തിരികെ ഓച്ചിറ ഭാഗത്തേക്കു വരുംവഴി പ്രയാർ പാലത്തിനു സമീപം ജൂലൈ അഞ്ചിന് ഞായറാഴ്ച ആറുമണിയോടെയായിരുന്നു അപകടം. ആശുപത്രിയിലേക്കു കൊണ്ടുപോകവേയാണ് അമൃത മരിച്ചത്. ഒപ്പം യാത്രചെയ്ത അമൃതയുടെ മകൾ മിയോണി (ഒന്നര വയസ്സ്) ഗുരുതര പരുക്കുകളോടെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലാണ്.

വിവാഹം കഴിഞ്ഞ് ഏഴു വർഷത്തെ ചികിത്സയ്ക്കും പ്രാർത്ഥനയ്ക്കും ശേഷമാണ് മിയോണി പിറന്നത്. അമൃതയുടെ ഭർത്തൃസഹോദരി കൊടുമൺ നിലമേൽ മേലതിൽ അർച്ചന (24), അമൃതയുടെ അമ്മ പത്മാവതിയമ്മ (60) എന്നിവർ ചെറിയ പരുക്കുകളോടെ രക്ഷപ്പെട്ടു.

വണ്ടിയോടിച്ച അർച്ചനയുടെ പ്രതിശ്രുത വരൻ മുണ്ടക്കയം കുളത്തിൽവീട്ടിൽ സാംസണ് (29) സാരമായ പരുക്കേറ്റിട്ടുണ്ട്. മൂവരെയും കരുനാഗപ്പള്ളിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ബസിൽ യാത്രചെയ്ത ക്ലാപ്പന അരുൺനിവാസിൽ ലീലാമണി, വൈക്കം തോട്ടത്തിൽ പൂജാ ബിജു, ആദിനാട് സ്വദേശി രജനി, പ്രയാർ പൂമുഖത്തുവീട്ടിൽ പത്മകുമാരി, ക്ലാപ്പന വെള്ളാറ്റിൽ ഷൈജാബീഗം, ക്ലാപ്പന പ്ലാങ്കീഴിൽ നബീസ് എന്നിവരെ പരുക്കുകളോടെ ഓച്ചിറയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.






# ആണും പെണ്ണും എന്ന ജൈവവ്യത്യാസം അംഗീകരിച്ച് യുഎസ് സുപ്രീംകോടതി; ക്രൈസ്തവ വിശ്വാസവുമായി യോജിക്കുന്ന വിധിയെന്ന് വിലയിരുത്തൽ

ലാൽ വർഗീസ്,
അറ്റോർണി അറ്റ് ലോ, ഡാളസ്

അമേരിക്കൻ സുപ്രീം കോടതി 2026 ജൂൺ 30-ന് പുറപ്പെടുവിച്ച Weast Virginia v. B.P.J കേസിലെ സുപ്രധാന വിധിയിൽ വനിതകളുടെയും പെൺകുട്ടികളുടെയും കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യത നിർണയിക്കാൻ സംസ്ഥാനങ്ങൾക്ക് ജൈവലിംഗം (Biological Sex) അടിസ്ഥാനമാക്കാമെന്ന് വ്യക്തമാക്കിയിരിക്കുന്നു. സ്ത്രീകളുടെ കായിക മത്സരങ്ങളിലെ സുരക്ഷയും ന്യായമായ മത്സരാവകാശവും സംരക്ഷിക്കുന്നതിനുള്ള സംസ്ഥാനങ്ങളുടെ താല്പര്യം ഭരണഘടനാപരമായി സാധുവാണെന്ന് കോടതി നിരീക്ഷിച്ചു.

ഈ വിധിയിൽ, സ്ത്രീകളുടെയും പെൺകുട്ടികളുടെയും കായികമത്സരങ്ങളിൽ ജൈവപുരുഷന്മാരെ (Biological Males) മത്സരിപ്പിക്കാൻ അമേരിക്കൻ ഭരണഘടനയിലെ സമത്വ സംരക്ഷണ വ്യവസ്ഥ (Equal Protection Clause) അല്ലെങ്കിൽ Title IX നിർബന്ധിക്കുന്നില്ലെന്നും സുപ്രീം കോടതി വ്യക്തമാക്കി.

വിധിയുടെ വിവിധ ഭാഗങ്ങളിൽ കോടതി ‘ജൈവപുരുഷൻ’ (Biological Male) ‘ജൈവസ്ത്രീ’ (Biological Female) എന്നീ പദങ്ങൾ ഉപയോഗിച്ചുകൊണ്ട് ജൈവലിംഗം ഒരു വസ്തുനിഷ്ഠമായ ശാസ്ത്രീയ യാഥാർത്ഥ്യമാണെന്ന് അംഗീകരിക്കുന്നു. ശാസ്ത്രീയവും സാമൂഹികവുമായ വിഷയങ്ങളിൽ വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്ന സാഹചര്യങ്ങളിൽ പൊതുനയം രൂപപ്പെടുത്തേണ്ടത് കോടതികളല്ല, നിയമസഭകളാണെന്നും കോടതി ചൂണ്ടിക്കാട്ടി.

ഈ വിധി മതപരമായോ ദൈവശാസ്ത്രപരമായോ അടിസ്ഥാനത്തിൽ നല്കിയതല്ല. ഭരണഘടനാ വ്യവസ്ഥകളും ഫെഡറൽ നിയമങ്ങളും ജൈവശാസ്ത്രപരമായ വസ്തുതകളും അടിസ്ഥാനമാക്കിയുള്ള നിയമവിശകലനമാണ് കോടതിയുടെ സമീപനം.

അതേസമയം, ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനഗ്രന്ഥമായ ബൈബിളിലെ ഉല്പത്തി പുസ്തകം മനുഷ്യസൃഷ്ടിയെക്കുറിച്ച് വ്യക്തമായി പ്രസ്താവിക്കുന്നു:

“ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചു. ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു; ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു.” (ഉല്പത്തി 1:27)

തുടർന്ന് ബൈബിൾ പറയുന്നത്:

“അതുകൊണ്ട് പുരുഷൻ തന്റെ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോട് ചേർന്നിരിക്കും; അവർ ഏകദേഹമായിത്തീരും.” (ഉല്പത്തി 2:24)



ലേഖകൻ

അതുപോലെ “സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയെ നിറപ്പിൻ” (ഉല്പത്തി 1:28) എന്ന ദൈവകല്പനയിലൂടെ പുരുഷനും സ്ത്രീയും തമ്മിലുള്ള വിവാഹവും സന്താനോല്പാദനവും മനുഷ്യസമൂഹത്തിന്റെ നിലനില്പിനുള്ള ദൈവികപദ്ധതിയുടെ ഭാഗമാണെന്ന് ക്രൈസ്തവവിശ്വാസം പഠിപ്പിക്കുന്നു.

ക്രൈസ്തവ ദൈവശാസ്ത്രമനുസരിച്ച് ആണും പെണ്ണും എന്ന വ്യത്യാസം മനുഷ്യർ സൃഷ്ടിച്ച സാമൂഹിക ആശയമല്ല. അത് ദൈവത്തിന്റെ സൃഷ്ടിക്രമത്തിന്റെ അവിഭാജ്യ ഘടകമാണ്. അതുകൊണ്ടുതന്നെ വിവാഹം, കുടുംബം, മനുഷ്യന്റെ വ്യക്തിത്വം എന്നിവയെക്കുറിച്ചുള്ള ക്രൈസ്തവപാഠങ്ങൾ ഈ സൃഷ്ടിസത്യത്തിന്റെ അടിസ്ഥാനത്തിലാണ് രൂപപ്പെട്ടിട്ടുള്ളത്.

സുപ്രീം കോടതിയുടെ ഈ വിധി ദൈവശാസ്ത്രത്തെ അടിസ്ഥാനമാക്കിയുള്ളതല്ലെങ്കിലും ജൈവലിംഗം നിയമപരമായി അംഗീകരിക്കപ്പെടുന്ന ഒരു വസ്തുനിഷ്ഠ യാഥാർത്ഥ്യമാണെന്ന കോടതിയുടെ നിരീക്ഷണം, മനുഷ്യനെ ആണും പെണ്ണുമായി ദൈവം സൃഷ്ടിച്ചുവെന്ന ബൈബിളിലെ സൃഷ്ടിവിശ്വാസവുമായി യോജിച്ചുനിൽക്കുന്നതായി പല ക്രൈസ്തവ നിരീക്ഷകരും വിലയിരുത്തുന്നു.

അങ്ങനെ അമേരിക്കൻ സുപ്രീം കോടതിയുടെ ഈ വിധി ഭരണഘടനാ നിയമത്തിന്റെ അടിസ്ഥാനത്തിൽ ജൈവലിംഗത്തെ അംഗീകരിക്കുമ്പോൾ ക്രൈസ്തവ വിശ്വാസം അതേ ജൈവവ്യത്യാസത്തെ ദൈവത്തിന്റെ സൃഷ്ടിപദ്ധതിയുടെ ഭാഗമായാണ് വ്യാഖ്യാനിക്കുന്നത്. ഇരുസമീപനങ്ങളും വ്യത്യസ്ത അടിസ്ഥാനത്തിൽ നിന്നാണെങ്കിലും ആണും പെണ്ണും എന്ന ജൈവവ്യത്യാസം ഒരു യാഥാർത്ഥ്യമാണെന്ന കാര്യത്തിൽ അവ തമ്മിൽ സമാനത പുലർത്തുന്നതായി ഈ വിധിയെക്കുറിച്ചുള്ള ചർച്ചകളിൽ ചൂണ്ടിക്കാണിക്കപ്പെടുന്നു.

## ‘എഐ’ വ്യാജവിധിക്കെതിരെ സുപ്രീം കോടതി

ന്യൂഡൽഹി: കോടതി നടപടികളിൽ നിർമിത ബുദ്ധി (എഐ) ഉപയോഗിച്ച് നിർമിച്ച, തെറ്റായ വിവരങ്ങളും ‘വ്യാജ വിധി’കളും ഉൾപ്പെടുത്തുന്നതിനെതിരെ സുപ്രീം കോടതിയുടെ താക്കീത്.

എസെൽ ഇൻഫ്രാ പ്രോജക്ട്സുമായി ബന്ധപ്പെട്ട കേസിൽ, നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ (എൻസിഎൽടി) എഐ ഉപയോഗിച്ചു നിർമിച്ച വ്യാജ നിയമ പരാമർശങ്ങളെ ആശ്രയിച്ചെന്ന കണ്ടെത്തലിനെത്തുടർന്നാണു കോടതിയുടെ രൂക്ഷ വിമർശനം. എൻസിഎൽടിയുടെ വിധി റദ്ദാക്കുകയും ചെയ്തു. ട്രിബ്യൂണൽ ആശ്രയിച്ചത് നിലവിലില്ലാത്തതും വ്യാജവും എഐ നിർമിതവുമായ ഉദ്ധരണികളും വിധികളുമാണെന്നു ജസ്റ്റിസുമാരായ പി.എസ്. നരസിംഹ, അലോക് ആരാധേ എന്നിവരടങ്ങിയ ബെഞ്ച് ചൂണ്ടിക്കാട്ടി.

‘വ്യാജവും നിലവിലില്ലാത്തതുമായ വിവരങ്ങൾ നിർമിച്ച് നിയമനടപടികളിൽ ഉപയോഗിക്കുന്നത് നിയമത്തിന്റെയും നീതിയുടെയും ലോകത്ത് വിഷവാതകം പ്രയോഗിക്കുന്നതിനു തുല്യമാണ്. ആരും ശ്രദ്ധിക്കുന്നതിന് മുമ്പ് തന്നെ അത് അദൃശ്യവും ചതിക്കുഴികൾ നിറഞ്ഞതും ദുരന്തപൂർണവുമായി മാറുന്നു. ഇത് നീതിന്യായ വ്യവസ്ഥയെ മലിനമാക്കുക മാത്രമല്ല, അതിന്റെ ജീവരക്തം തന്നെ ഇല്ലാതാക്കുകയും ചെയ്യുന്നു.

പരിശോധന കൂടാതെ എഐ നിർമിത വിവരങ്ങൾ ഹാജരാക്കുന്നത് കോടതികൾ ഒരു കാരണവശാലും അംഗീകരിക്കരുത്. പരിശോധന കൂടാതെ ‘വ്യാജ വിധികൾ’ ഉദ്ധരിച്ചത് അഭിഭാഷകന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ പെരുമാറ്റദൂഷ്യമാണ്.’ – കോടതി വ്യക്തമാക്കി.

‘നിയമപരമായ തീരുമാനങ്ങൾ എടുക്കുമ്പോൾ മനുഷ്യന്റെ മേൽനോട്ടം അനിവാര്യമാണ്. യന്ത്രങ്ങൾ വഴി ലഭിക്കുന്ന വിവരങ്ങൾ അന്ധമായി വിശ്വസിക്കരുത്.

ആധുനിക സാങ്കേതിക വിദ്യ സഹായത്തിനായി ഉപയോഗിക്കാമെങ്കിലും അതു നീതിന്യായ വ്യവസ്ഥയുടെ വിശ്വാസ്യതയെയും സുതാര്യതയെയും ബാധിക്കരുത്’ – കോടതി പറഞ്ഞു. ബാർ കൗൺസിൽ ഓഫ് ഈ വിഷയം ഗൗരവത്തോടെ കാണണമെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മാർഗനിർദേശം തയാറാക്കണമെന്നും സുപ്രീം കോടതി നിർദേശിച്ചു.

## ‘കേരളം’ ബില്ലിന് അംഗീകാരം

തിരുവനന്തപുരം: കേരളത്തിന്റെ ഔദ്യോഗിക നാമം ‘കേരളം’ എന്നു ഭരണഘടനാപരമായി ഭേദഗതി ചെയ്യുന്ന ബില്ലിന്റെ കരട് നിയമസഭ ഏകകണ്ഠമായി അംഗീകരിച്ചു. നിയമസഭയുടെ അഭിപ്രായം ആരായുന്നതിനായി രാഷ്ട്രപതി അയച്ച കരടു ബില്ലിലെ വ്യവസ്ഥകളാണ് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ സഭയിൽ അവതരിപ്പിച്ചത്. കേരള നിയമസഭയുടെ ചരിത്രത്തിൽ ഇത്തരമൊരു റഫറൻസ് ആദ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

മലയാളത്തിൽ കേരളം എന്ന് ഉപയോഗിക്കുമ്പോഴും ഭരണഘടനയുടെ ഒന്നാം ഷെഡ്യൂൾ ഉൾപ്പെടെയുള്ള ഔദ്യോഗിക രേഖകളിൽ ഇംഗ്ലീഷിൽ ‘കേരള’ എന്നാണു രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു മാറ്റി എല്ലാ ഭാഷകളിലും ഔദ്യോഗികമായി കേരളം എന്നാക്കണമെന്ന ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണു ബിൽ. ഈ വിഷയത്തിൽ മുൻപു നിയമസഭ ഏകകണ്ഠമായി പ്രമേയം പാസാക്കി കേന്ദ്ര സർക്കാരിന് അയച്ചിരുന്നു. തുടർന്ന് പേരുമാറ്റത്തിനു കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകുകയും ചെയ്തു. നിയമസഭാ തെരഞ്ഞെടുപ്പിനു തൊട്ടുമുമ്പാണു കേരളത്തിന്റെ ആവശ്യം അംഗീകരിക്കപ്പെട്ടത്.

ഭരണഘടനയുടെ ആർട്ടിക്കിൾ 3 പ്രകാരം ബില്ലിൽ രാഷ്ട്രപതി നിയമസഭയുടെ അഭിപ്രായം തേടുകയായിരുന്നു. കരടു ബില്ലിന്റെ പത്ത് വകുപ്പുകളും നിയമസഭ അംഗീകരിച്ച ശേഷം വിശദാംശങ്ങൾ സഹിതം തിരിച്ചയക്കാനാണ് രാഷ്ട്രപതി നിർദേശിച്ചത്. നിയമസഭ ഔദ്യോഗിക അഭിപ്രായം രേഖപ്പെടുത്തി രാഷ്ട്രപതിക്കു തിരികെ സമർപ്പിക്കും. രാഷ്ട്രപതിയുടെ ശിപാർശയോടെ കേന്ദ്ര സർക്കാർ പാർലമെന്റിൽ ഔദ്യോഗികമായി ബിൽ അവതരിപ്പിച്ച് പാസാക്കുന്നതോടെ ഭരണഘടനയുടെ ഒന്നാം ഷെഡ്യൂളിൽ മാറ്റം വരികയും കേരളത്തിന്റെ പേര് എല്ലാ ഭാഷകളിലും ഔദ്യോഗികമായി കേരളം എന്നാകുകയും ചെയ്യും.



# ഐസിഇസിഎച്ച് ക്രിക്കറ്റ് ടൂർണമെന്റ്: സെ.മേരീസ് സീറോമലബാർ കാത്തലിക് ചർച്ച് പെയർലാൻഡ് ജേതാക്കൾ





ജീമോൻ റാന്നി

ഹൂസ്റ്റൺ: ഇന്ത്യൻ ക്രിസ്ത്യൻ എക്യുമെനിക്കൽ കമ്യൂണിറ്റി ഓഫ് ഹൂസ്റ്റൺ (ഐസിഇസിഎച്ച്) സംഘടിപ്പിച്ച 12-ാമത് ക്രിക്കറ്റ് ടൂർണമെന്റിന്റെ ഗ്രാൻഡ് ഫൈനൽ മത്സരത്തിൽ സെന്റ് മേരീസ് സീറോമലബാർ കാത്തലിക് ചർച്ച് പെയർലാൻഡ് ജേതാക്കളായി.

ടൂർണമെന്റിന്റെ ഗ്രാൻഡ് ഫൈനലിൽ സെന്റ് മേരീസ് സീറോമലബാർ പെയർലാൻഡ് ടോസ് നേടി സെന്റ് മേരീസ് മലങ്കര ഓർത്തഡോക്സ് ടീമിനെ ബാറ്റിങ്ങിന് അയച്ചു, ഫൈനലിലെ പതിനെട്ട് ഓവർ മത്സരത്തിൽ സെ. മേരീസ് പെയർലാൻഡിന്റെ കൃത്യമായ ബൗളിങ്ങിനും ഫീൽഡിങ്ങിനും മുൻപിൽ 14.2 ഓവറിൽ 67 റൺസിന് സെ. മേരീസ് മലങ്കര ഓർത്തഡോക്സ് ടീം പുറത്തായി.

തുടർന്ന് ബാറ്റിങ്ങിനിറങ്ങിയ സെന്റ് മേരീസ് പെയർലാൻഡ് 9 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം കണ്ടു. അങ്ങനെ കഴിഞ്ഞ കൊല്ലത്തെ ചാമ്പ്യന്മാരായ സെ. മേരീസ് പെയർലാൻഡ് ഈ കൊല്ലവും അവരുടെ ജൈത്രയാത്ര തുടർന്നുകൊണ്ടിരിക്കുന്നു.

ജൂൺ 21-ന് ഞായറാഴ്ച ഉച്ചയ്ക്ക് 2.30-ന് സ്റ്റാഫോർഡ് സിറ്റി പാർക്കിലാണ് ഫൈനൽ മത്സരം നടന്നത്. ഏപ്രിൽ 11-ന് തുടക്കം കുറിച്ച് മൂന്നു മത്സരങ്ങൾ നീണ്ടുനിന്ന 14 ടീമുകൾ പങ്കെടുത്ത ടൂർണമെന്റിന്റെ ആവേശകരമായ മത്സരങ്ങൾക്ക് ശേഷമാണ് ഇരു ടീമുകളും ഫൈനലിലേക്ക് യോഗ്യത നേടിയത്.

സമ്മാനദാനചടങ്ങിൽ സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ഫോർട്ട് ബെൻഡ് കൗണ്ടി പ്രിസിങ്ക്റ്റ് 3 പോലീസ് ക്യാപ്റ്റൻ മനു പൂപ്പാറയിൽ എന്നിവർ മുഖ്യാതിഥികളായി വിജയികൾക്ക് ട്രോഫികൾ സമ്മാനിച്ചു.

ടൂർണമെന്റിലെ വിജയികൾക്ക് കെ.കെ. മാത്യു കുറ്റിയിൽ മെമ്മോറിയൽ എവർ റോളിങ് ട്രോഫി സമ്മാനിച്ചു. റണ്ണേഴ്സ് അപ്പ് ടീമിന് ബിജു ചാലക്കൽ സ്പോൺസർ ചെയ്ത ട്രോഫി സമ്മാനിച്ചു. മറ്റുള്ള ട്രോഫികൾ മുഴുവൻ സ്പോൺസർ ചെയ്തത് ജോർജ് ജോസഫാണ് (മാസ് മ്യൂച്വൽഗ്രേറ്റർ ഹൂസ്റ്റൺ). മാസ് മ്യൂച്വൽ, അലാമോ ട്രാവൽസ്,

(ശേഷം 24-ാം പേജിൽ)








# ചിക്കാഗോ സീറോ മലബാർ രൂപത രജതജൂബിലി കൺവൻഷൻ: ഒരുക്കങ്ങൾ അവസാനഘട്ടത്തിൽ: മാർ ജോയ് ആലപ്പാട്ട്

ചിക്കാഗോ: ഇന്ത്യക്ക് പുറത്ത് സ്ഥാപിതമായ ആദ്യ സീറോ മലബാർ രൂപതയായ ചിക്കാഗോ സെന്റ് തോമസ് രൂപതയുടെ ഒരു വർഷം നീണ്ടുനിന്ന സിൽവർ ജൂബിലി ആഘോഷങ്ങൾ ജൂലൈ ഒൻപത് മുതൽ 12 വരെ നടക്കുന്ന ബൃഹത്തായ കൺവൻഷനോടെ സമാപിക്കുകയാണെന്ന് ചിക്കാഗോ രൂപത അദ്ധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് പത്രസമ്മേളനത്തിൽ അറിയിച്ചു. കൺവൻഷന്റെ വിജയത്തിനുവേണ്ട എല്ലാ ഒരുക്കങ്ങളും അവസാനഘട്ടത്തിലാണെന്നും മാർ ജോയ് വ്യക്തമാക്കി.

ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ (ഐപിസിഎൻഎ) ചിക്കാഗോ ചാപ്റ്ററിന്റെ നേതൃത്വത്തിൽ നടത്തിയ മാധ്യമ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ബിഷപ് മാർ ജോയ് ആലപ്പാട്ട്. അമേരിക്കയിലെത്തന്നെ പ്രസിദ്ധമായ ചിക്കാഗോ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിൽ നടക്കുന്ന സമ്മേളനത്തിൽ ചിക്കാഗോ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുമായി മൂവായിരത്തിലേറെ പ്രതിനിധികൾ പങ്കെടുക്കും. കൂടാതെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും സീറോ മലബാർ സഭയുടെ ആത്മീയ നേതാക്കളും കൺവൻഷനിൽ എത്തിച്ചേരുമെന്നും ബിഷപ് മാർ ആലപ്പാട്ട് അറിയിച്ചു.

2001 മാർച്ച് 13-ന് സ്വർഗീയനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പയാൽ സ്ഥാപിതമായ ചിക്കാഗോ രൂപത ഇരുപത്തഞ്ചു വർഷംകൊണ്ട് അദ്ഭുതപൂർവമായ വളർച്ചയാണ് കൈവരിച്ചത്. രൂപതയുടെ കീഴിൽ ഇപ്പോൾ പതിനാല് ഫൊറോനകളിലായി, അമ്പത്തിനാല് ഇടവകകളും മുപ്പത്തിമൂന്ന് മിഷൻ സെന്ററുകളും എഴുപതിനായിരത്തോളം വിശ്വാസികളും എഴുപതിൽപരം വൈദികരുമുണ്ട്. അതുപോലെ 12000-ൽ ഏറെ കുട്ടികൾ ഈ രൂപതയ്ക്കു കീഴിൽ വിശ്വാസ പരിശീലനവും നടത്തിവരുന്നു. ജൂലൈ 9, 10, 11, 12 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിലാണ് സീറോ മലബാർ കൺവൻഷൻ നടക്കുന്നത്. ഇതോടൊപ്പം രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേകജൂബിലിയും ആഘോഷിക്കുന്നു.

ജൂലൈ ഒൻപത് വ്യാഴാഴ്ച വൈകിട്ട് 3.30-ന് മാർ ജേക്കബ് അങ്ങാടിയത്തിന്റെ കാർമ്മികത്വത്തിൽ നടക്കുന്ന കുർബാനയോടെ കൺവൻഷൻ ആരംഭിക്കും. തുടർന്നു നടക്കുന്ന പൊതു സമ്മേളനം സീറോ മലബാർ സഭ അദ്ധ്യക്ഷൻ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്യും. കർദ്ദിനാൾ മാർ ജോർജ് കൂവക്കാട്ട്, ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ച് ബിഷപ് മാർ തോമസ് തറയിൽ, ബിഷപ് മാർ ജോസ് കല്ലുവേലിൽ, കൊളംബസ് ബിഷപ് മാർ ഏൾ ഫെർണാണ്ടസ്, സീറോ മലങ്കര സഭ ബിഷപ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ് തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കുമെന്നും ബിഷപ് മാർ ജോയ് ആലപ്പാട്ട് അറിയിച്ചു.

ഒരു വർഷം നീണ്ടുനിന്ന ജൂബിലി ആഘോഷങ്ങൾ തികച്ചും ബൈബിൾ അധിഷ്ഠിതമായ ആശയങ്ങൾ കൊണ്ടാണ് വിഭാവനം ചെയ്തത്. "ബാഹ്യമായ കണ്ണുകൾ കൊണ്ടല്ല, വിശ്വാസത്താലാണ് ഞങ്ങൾ സഞ്ചരിക്കുന്നത്" എന്ന ബൈബിൾ വാക്യമാണ് കൺവൻഷന്റെ പ്രധാന തീം. രൂപതയുടെ രൂപീകരണത്തിനും വളർച്ചയ്ക്കും വേണ്ടി വിശ്വാസത്തോടെ പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്ത എല്ലാവരേയും നന്ദിയോടെ അനുസ്മരിക്കാനും തുടർന്നുള്ള പ്രവർത്തനങ്ങൾ വിശ്വാസത്തിലൂന്നി ആവിഷ്കരിക്കാനും ഈ അവസരം ഉപയോഗിക്കുമെന്ന് ബിഷപ് പറഞ്ഞു. അത്മായരുടെ പ്രാർത്ഥനയുടേയും പ്രയത്നത്തിന്റേയും സഹകരണത്തിന്റേയും ഫലമാണ് ഇന്ന് അമേരിക്കയിലുള്ള സീറോ മലബാർ ഇടവകകൾ. രൂപതയെ മുന്നോട്ടു നയിക്കുന്നത് ഈ അത്മായ കൂട്ടായ്മയുടെ കഠിനാദ്ധ്വാനമാണെന്നും ബിഷപ് ആലപ്പാട്ട് ഊന്നിപ്പറഞ്ഞു.

**ബിജി സി. മാണി (കൺവൻഷൻ ചെയർമാൻ)–** ഇത് സീറോമലബാർ സഭ ചിക്കാഗോ രൂപതയുടെ രജത ജൂബിലി കൺവൻഷനാണ്. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽനിന്നുള്ള മൂവായിരത്തിലേറെപ്പേർ കൺവൻഷനിൽ പങ്കെടുക്കും. നിരവധി സാംസ്കാരിക പരിപാടികൾ കൺവൻഷനിൽ എത്തുന്നതുവരെ കാത്തിരിക്കുന്നു. പ്രശസ്ത സിനിമാതാരം ജയറാം, പാർവതി, മകൻ കാളിദാസ് എന്നിവർ ഉദ്ഘാടന ദിവസം എത്തിച്ചേരും. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 150 ചെണ്ട കലാകാരന്മാർ അണിനിരക്കുന്ന മേള വിസ്മയം കൺവൻഷൻ ഉദ്ഘാടനത്തിന് മാറ്റുകൂട്ടും. സ്റ്റീഫൻ ദേവസി, ബിജു നാരായണൻ എന്നീ കലാകാരന്മാർ അണിനിരക്കുന്ന സംഗീത വിരുന്നും പരിപാടിയുടെ ഭാഗമായിട്ടുണ്ട്. കൂടാതെ 200 വനിതകൾ അണിനിരക്കുന്ന മെഗാ മാർഗം കളിയും വേദിയെ ധന്യമാക്കും.

**റവ. ഫാ. ജോൺ മേലേപ്പുറം (ജൂബിലി കമ്മിറ്റി കൺവീനർ)–** ചിക്കാഗോ രൂപതയുടെ പ്രവർത്തനം മറ്റ് പ്രവാസി രൂപതകൾക്ക് മാതൃകയും പ്രചോദനവുമാണ്. 2001-ൽ വെറും മൂന്ന് ഇടവകകളുമായി ആരംഭിച്ച ചിക്കാഗോ രൂപതയ്ക്ക് ഇന്ന് 54 ഇടവകകളും 33 മിഷൻ സെന്ററുകളുമുണ്ട്. ഏറ്റവും ശക്തമായ പ്രവാസി മലയാളി സമൂഹം ഉള്ളത് അമേരിക്കയിലാണ്. ഇവിടുത്തെ പ്രവർത്തനങ്ങളാണ് കാനഡ, ഓസ്ട്രേലിയ, ഇംഗ്ലണ്ട് തുടങ്ങി മറ്റ് യൂറോപ്യൻ രാജ്യങ്ങളിലെ രൂപതകൾക്കും മാതൃക.

**റവ. ഫാ. തോമസ് കടുകപ്പിള്ളിൽ (കൺവൻഷൻ കൺവീനർ)–** ഈ കൺവൻഷന്റെ പ്രത്യേകത ഇതിനു മുന്നിൽ നിൽക്കുന്നത് യുവജനങ്ങളാണ് എന്നതാണ്. ഈ രൂപത മുന്നോട്ടു പോകണമെങ്കിൽ ഇവിടുത്തെ യുവാക്കളും കുട്ടികളും സഭയെകുറിച്ചും സീറോമലബാർ സഭയുടെ ആവശ്യങ്ങളെ കുറിച്ചും ബോധ്യമുള്ളവരാകണം. ആ ഒരു അറിവിലേക്ക് ഉതകുന്ന തലത്തിലേക്കാണ് യുവാക്കളെ നേതൃത്വം ഏൽപ്പിച്ചത്. അതുകൊണ്ടു തന്നെ യുവജനങ്ങളുടെ ആഗ്രഹം അനുസരിച്ചുള്ള പരിപാടികളാണ് കൺവൻഷനിൽ അധികവും ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ രൂപതയുടെ മുന്നോട്ടുള്ള പോക്കിന് യുവാക്കളും കുട്ടികളും മുന്നോട്ടു വരണം എന്ന കരുതലോടെയാണ് എല്ലാം വിഭാവനം ചെയ്തിരിക്കുന്നത്. പൗരാണിക ജറുസലേം അന്തരീക്ഷം പുനഃസൃഷ്ടിക്കുന്ന അറുപതിലധികം കലാകാരൻമാർ ചേർന്നൊരുക്കുന്ന 'ജറുസലേം' എന്ന മനോഹര ദൃശ്യവിരുന്ന് കൺവൻഷനിൽ അരങ്ങേറും. ഇതിൽ പകുതിയോളം കലാകാരൻമാർ അമേരിക്കക്കാരാണ് എന്ന പ്രത്യേകതയും ഉണ്ട്.

**ജോസഫ് ചാമക്കാല (ജൂബിലി കമ്മിറ്റി ചെയർമാൻ)–** ഒരു വർഷത്തെ ആഘോഷ പരിപാടികളിൽ ആത്മീയവും സാമൂഹികവും സാംസ്കാരികവും വികസനോന്മുഖവുമായ ധാരാളം കാര്യങ്ങൾ വിഭാവനം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ആത്മീയ കാര്യങ്ങൾക്ക് തുടക്കമിട്ടുകൊണ്ട് മെയ്മാസത്തിൽ ന്യൂജേഴ്സിയിൽ വിശുദ്ധകുർബാനയുടെ പ്രദക്ഷിണം നടത്തുകയുണ്ടായി. തുടർന്ന് യുഎസിലെ വൈദികരുടെ സംഗമം ഫ്ളോറിഡയിലും കന്യാസ്ത്രീകളുടെ സംഗമം ചിക്കാഗോയിലും നടത്തി. രൂപതക്കായി ഒരു പാസ്റ്ററൽ സെന്ററും മൈനർ സെമിനാരിയും നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ 10 ഏക്കർ ഭൂമി വാങ്ങാൻ ഈ ജൂബിലി വർഷത്തിൽ സാധിച്ചു.

**ആൻഡ്രൂ തോമസ് (ഫൈനാൻസ് കമ്മിറ്റി ചെയർമാൻ)–** ഈ കൺവൻഷൻ ഏറ്റവും മനോഹരമായി നടത്താനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായിട്ടുണ്ട്. അതിനായി രജിസ്ട്രേഷൻ വഴി കുറേ പണം സമാഹരിക്കാനായി. കൂടാതെ നിരവധി സ്പോൺസർഷിപ്പുകളും ലഭിച്ചിട്ടുണ്ട്. ഈ കൺവൻഷൻ എക്സ്ക്ലൂസീവായി സ്പോൺസർ ചെയ്തിരിക്കുന്നവരെ പ്രത്യേകം പരാമർശിക്കട്ടെ- ജിബി പാറക്കൽ (സിഇഒ, പിഎസ്ഇ ഗ്രൂപ്പ് ഓഫ് കമ്പനീസ്, ഫെബിൻ മുത്തേഴിൽ (സിഇഒ, എനെർജെറ്റിവ്), ജോർജ് & ഷീല മാളിയേക്കൽ (ഹോളിസ്റ്റർ ഇന്റർനാഷണൽ) എന്നിവരാണ് അവർ. ഒരു മില്യൺ ഡോളറിലധികം തുക സ്പോൺസർഷിപ്പായി തന്നെ ലഭിച്ചിട്ടുണ്ട്.

**ജോണി വടക്കുംചേരി (ഫെസിലിറ്റി ചെയർമാൻ)–** ചിക്കാഗോയിലെ പ്രശസ്തമായ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിലാണല്ലോ പരിപാടി നടക്കുന്നത്. അതിനു സമീപമുള്ള മാരിയറ്റ് മാർക്വിസ്, ഹിൽട്ടൺ, ഹയാത്ത് റീജൻസി എന്നീ ഹോട്ടലുകളിലാണ് താമസ സൗകര്യം ഒരുക്കിയിരിക്കുന്നത്. എല്ലാ പ്രായത്തിൽപ്പെട്ട ആളുകൾക്കും ആസ്വദിക്കാവുന്ന ഭക്ഷണവും താമസ സൗകര്യവുമാണ് ഒരുക്കിയിരിക്കുന്നത്. എല്ലാ സൗകര്യങ്ങളും ലോകോത്തര നിലവാരത്തിലുള്ളതാണ്. കൺവൻഷൻ സെന്ററിൽ പാർക്കിങ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വിമാനത്താവളത്തിൽനിന്ന് ഹോട്ടലുകളിലേക്ക് ഷട്ടിൽ സർവീസും ഏർപ്പെടുത്തിയിട്ടുണ്ട്. ഫാ. മെൽവിൻ പോൾ (കൺവൻഷൻ യൂത്ത് കൺവീനർ) - രൂപതയ്ക്ക് കരുത്തു പകരുന്ന യുവജനങ്ങളെ ലക്ഷ്യമാക്കി വൈവിധ്യമാർന്ന സെമിനാറുകളും പ്രോഗ്രാമുകളും കൺവൻഷന്റെ ഭാഗമായി ഒരുക്കുന്നുണ്ട്.

**സജി വർഗീസ് കാവാലം (മീഡിയ, പബ്ലിസിറ്റി ചെയർ)–** ലോകത്തുള്ള എല്ലാവരേയും എല്ലാ കൺവൻഷൻ വിശേഷങ്ങളും അറിയിക്കാനുള്ള സംവിധാനം ഞങ്ങൾ ഒരുക്കിയിട്ടുണ്ട്. ഏകദേശം 30 പേരുള്ള ഒരു മീഡിയ ടീം ഇപ്പോൾ തന്നെ സജ്ജമാണ്. സോഷ്യൽ മീഡിയ ടീം, ഒൻപത് റിപ്പോർട്ടർമാർ, വീഡിയോ-ഫോട്ടോ ക്രിയേഷൻ ടീം ഇപ്പോൾതന്നെ പ്രവർത്തിക്കുന്നു. കൂടാതെ കേരളത്തിലെ പല മെയിൻ സ്ട്രീം മീഡിയ ചാനലുകളും കൺവൻഷന്റെ മീഡിയ പാർട്നേഴ്സ് ആയിട്ടുണ്ട്. ഏകദേശം നാൽപതോളം മീഡിയകളുടെ റിപ്പോർട്ടർമാർ കൺവൻഷൻ വേദിയിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**ബീന വള്ളിക്കളം (സെക്രട്ടറി)–** ഈ കൺവൻഷന്റെ വിജയത്തിനായി ഏതാണ്ട് 60 കമ്മിറ്റികളിലായി 250 സന്നദ്ധപ്രവർത്തകർ അഹോരാത്രം പ്രവർത്തിക്കുന്നുണ്ട്. ഈ പരിപാടിക്കായി രജിസ്റ്റർ ചെയ്ത എല്ലാവരെയും വൊളന്റീയേഴ്സ് ആയാണ് പരിഗണിക്കുന്നത്. എല്ലാ പള്ളികളിലും നിന്നുള്ള നാല് പേർ ഈ കമ്മിറ്റിയുടെ ഭാഗമാണ്. ഏതാണ്ട് ഒന്നര വർഷമായി നിരവധിയായ പ്രവർത്തനങ്ങൾ ഈ കൺവൻഷനായി നടത്തിവരികയാണ്. അതിന്റെ പരിസമാപ്തിക്ക് ഇനി കുറച്ചു ദിവസങ്ങളേയുള്ളൂ.

**ഫാ. കുര്യൻ നെടുവേലി ചാലുങ്കൽ (രൂപത പ്രൊക്യൂറേറ്റർ)–** ചിക്കാഗോ രൂപതയുടെ എട്ടാമത്തെ കൺവൻഷനാണ് നടക്കാൻ പോകുന്നത്. ഓരോ കാലഘട്ടത്തിന് യോജിച്ചവിധമായാണ് ഓരോ കൺവൻഷനുകളും വിഭാവനം ചെയ്യപ്പെടുന്നത്. കൂടുതൽ മെച്ചമായ രീതിയിൽ നടത്താനുള്ള പ്രവർത്തനങ്ങൾ ഈ കൺവൻഷനായി ചെയ്തിട്ടുണ്ട്. ഇതൊരു മികച്ച കൺവൻഷനായിരിക്കും എന്നതിൽ ഒരു സംശയവും വേണ്ട.

**മാറ്റ് തോമസ് (യൂത്ത് ഇവന്റ് മാനേജ്മെന്റ് കോ-ഓർഡിനേറ്റർ)–** യുവാക്കൾക്കായി നിരവധി പരിപാടികളാണ് കൺവൻഷനിൽ കാത്തിരിക്കുന്നത്. പല പ്രായ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും യുവാക്കൾക്കുമായി നിരവധി പരിപാടികളും മത്സരങ്ങളും ഉണ്ട്. ഡാൻസ് കോംപറ്റീഷൻ, ബിസിനസ് മീറ്റ് തുടങ്ങിയ ശ്രദ്ധേയ പരിപാടികളും ഒരുക്കിയിട്ടുണ്ട്. യുവാക്കൾക്കായുള്ള പരിപാടികൾ ഇംഗ്ലീഷിൽ തന്നെയാണ് ഒരുക്കുന്നത്. കൂടാതെ ലീഡർഷിപ്പ് പ്രോഗ്രാമുകൾ, സ്റ്റാർട്ട് അപ്പുകൾ തുടങ്ങുന്നതിനുള്ള മാർഗ നിർദേശങ്ങൾ ഉൾപ്പെടെ വിവിധ പരിപാടികളും ഉൾപ്പെടുത്തിയിട്ടുണ്ട്. യുവാക്കളുടേയും കുട്ടികളുടേയും സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**മോൺ. ജോൺസൺ കൂവൂർ പുത്തൻപുരയിൽ (രൂപത ചാൻസലർ)–** ബിഷപ്പുമാരും വൈദികരും അൽമായരും ചേർന്ന് മുന്നോട്ടു കൊണ്ടുപോകുന്ന ഒരു ആത്മീയ സംരംഭമാണ് ഈ കൺവൻഷൻ.

**ആനി മാനാട്ട് (ജോയിന്റ് സെക്രട്ടറി)–** കൺവൻഷനിൽ എത്തിച്ചേരുന്ന എല്ലാവരേയും പ്രത്യേകിച്ച് വിശിഷ്ടാതിഥികളെ സ്വീകരിക്കാൻ എല്ലാ ഒരുക്കങ്ങളും പൂർത്തിയായി.

**നീന ജോർജ് (സ്പോൺസർഷിപ്പ് ഡയറക്ടർ)–** വിശ്വാസസമൂഹത്തിന്റെ ഹൃദയപൂർവ്വമായ പിന്തുണയും സഹകരണവും കൺവൻഷന്റെ വിജയത്തിനായി ലഭിച്ചു.

ഐപിസിഎൻഎ ചിക്കാഗോ ചാപ്റ്റർ പ്രസിഡന്റ് പ്രസന്നൻ പിള്ള അദ്ധ്യക്ഷനായിരുന്നു. ചാപ്റ്റർ സെക്രട്ടറി അലൻ ജോർജ് സ്വാഗതം ആശംസിച്ചു. ജോയിന്റ് സെക്രട്ടറി റോസ് വടകര പരിപാടിയുടെ എംസി ആയിരുന്നു.

നാഷണൽ വൈസ് പ്രസിഡന്റ് അനിൽ മറ്റത്തിക്കുന്നേൽ, അഡ്വൈസറി ബോർഡ് അംഗങ്ങളായ ബിജു കിഴക്കേക്കുറ്റ്, ബിജു സഖറിയ, ചാപ്റ്റർ വൈസ് പ്രസിഡന്റ് സാജു കണ്ണമ്പള്ളി, ട്രഷറർ അനിൽ ശ്രീനിവാസൻ, ജോയിന്റ് ട്രഷറർ വർഗീസ് പാലമലയിൽ, ഡൊമിനിക് ചൊള്ളമ്പേൽ എന്നിവർ മാധ്യമ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. എൻആർഐ റിപ്പോർട്ടർ, കേരളവോയിസ്, ഏഷ്യാനെറ്റ്, ഫ്ളവേഴ്സ് ടിവി, കൈരളി ടിവി എന്നീ മാധ്യമങ്ങളുടെ പ്രതിനിധികളും സമ്മേളനത്തിൽ എത്തിയിരുന്നു.






# PASTOR LIJO GEORGE OKLAHOMA, EARNED HIS DOCTOR OF MINISTRY (D.MIN.) FROM FULLER THEOLOGICAL SEMINARY



Oklahoma: Pastor Lijo George Oklahoma earned his Doctor of Ministry (D.Min.) from Fuller Theological Seminary, one of the world's respected & leading seminaries, recognized for its contributions to theology, ministry, mission, leadership, and psychology. He serves as a Pastor at North Church Oklahoma, with a passion for teaching, counseling, discipleship, church planting and Gospel-centered leadership. He is married to Phebe George, and together they are blessed with their son, Samuel Aiden George.

Dissertation: Pastoral Care for Mental Health for the South Asian Community in North America.

This doctoral project emerges from his personal and pastoral concern for the mental health challenges faced by South Asian (SA) communities in North America. Within many of these communities, mental health continues to be stigmatized, misunderstood, or ignored, often interpreted as a sign of spiritual weakness, moral failure, or a source of shame for the family. Through his ministry experience, he has witnessed how these beliefs, combined with migration stress, cultural expectations, and limited access to culturally competent care, prevent individuals from seeking help, leading to unnecessary suffering.

This project's purpose is to equip pastors, church leaders, and congregations to better understand and respond to mental health needs within their communities. He seek to develop a pastoral care model that integrates spiritual practices with psychological and medical insights, moving beyond approaches that rely solely on prayer or spiritual deliverance. By fostering awareness and reducing stigma, he aim to help churches become safe and supportive spaces where individuals can openly address their struggles and pursue holistic healing.



This study engages theological reflection, cultural analysis, and current mental health research to construct a framework that is both biblically grounded and culturally relevant. Particular attention is given to the influence of honor and shame dynamics, as well as the gaps in pastoral training that often leave leaders unprepared to address mental health concerns effectively.

As part of this project, he proposes practical ministry strategies, including training programs, educational workshops, and partnerships with mental health professionals. These initiatives are designed to help church leaders recognize signs of distress, offer appropriate care, and guide individuals toward professional support when needed. His hope is that South Asian churches transform into communities that reflect God's care for the whole person-spiritually, emotionally, and psychologically-and that this model can be adapted to serve similar communities globally.

# റവ.ഡോ. കെ. തോമസ് മാർത്തോമ്മാ സഭയുടെ വൈദിക ട്രസ്റ്റിയായി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു

**പി.പി. ചെറിയാൻ**

ന്യൂയോർക്ക്/തിരുവല്ല: മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ചരിത്രപ്രധാനമായ നേതൃത്വ നിരയിലേക്ക് പുതിയ ഭാരവാഹിയെ തെരഞ്ഞെടുത്തു. സഭയുടെ പുതിയ വൈദിക ട്രസ്റ്റിയായി കരവാളൂർ സ്വദേശിയായ റവ.ഡോ. കെ. തോമസ് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. സഭയുടെ ഔദ്യോഗിക അറിയിപ്പുകളിലൂടെ പുറത്തുവന്ന ഈ തീരുമാനം വിശ്വാസിസമൂഹം വലിയ ആദരവോടെയും ആഹ്ലാദത്തോടെയുമാണ് സ്വീകരിച്ചിരിക്കുന്നത്.

കരവാളൂർ സ്വദേശിയായ റവ. ഡോ. കെ. തോമസ് സഭയുടെ ഉന്നത തലപ്പത്തേക്ക് ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടത് സഭയ്ക്കും ജനതയ്ക്കും ഒന്നുപോലെ അഭിമാന നിമിഷമായി മാറിയിരിക്കുകയാണ്.

മാർത്തോമ്മാ സഭയുടെ ആത്മീയവും ഭരണപരവുമായ വളർച്ചയിൽ ഇനിമുതൽ നിർണായക പങ്കുവഹിക്കാൻ നിയോഗിതനായ റവ.ഡോ. കെ. തോമസിന് സഭയുടെ വിവിധ ഭദ്രാസനങ്ങളിൽ നിന്നും ഇടവകകളിൽ നിന്നും വൻ അഭിനന്ദനങ്ങളാണ് പ്രവഹിക്കുന്നത്. സോഷ്യൽ മീഡിയയിലും അദ്ദേഹത്തിന് ആശംസകൾ നേർന്നുകൊണ്ടുള്ള പോസ്റ്റുകൾ സജീവമാണ്.



'ലൈറ്റഡ് ടു ലൈറ്റൻ' എന്ന സഭയുടെ ആപ്തവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പുതിയ സേവനകാലം സഭയ്ക്കും സമൂഹത്തിനും വലിയ അനുഗ്രഹമായി മാറട്ടെയെന്ന് സഭാനേതൃത്വവും വിശ്വാസികളും ആശംസിച്ചു.






# റവ.ഫാ. അലക്സ് കെ. ജോയിക്ക് ആദരവ്



ജിനേഷ് തമ്പി

ന്യൂയോർക്ക്: പുതുതായി പണികഴിപ്പിച്ച സ്റ്റാറ്റൻ ഐലൻഡ് സെന്റ് ജോർജ് ഓർത്തഡോക്സ് ദേവാലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ ബഹുമാനപ്പെട്ട വികാരി അലക്സ് കെ. ജോയി അച്ചൻ ഇടവകയുടെ സ്നേഹോപഹാരം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. സഖറിയ മാർ നിക്കോളാവോസ് തിരുമേനിയിൽ നിന്നും സ്വീകരിച്ചു.






# മിഷൻ സംഗമം – 2026 ഡാളസിൽ സമാപിച്ചു



രാജു തരകൻ

ഡാളസ്: ഡാളസ് സിറ്റി വൈഡ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മിഷൻ സംഗമം-2026 ജൂൺ 27-ന് ശനിയാഴ്ച ഗാർലന്റിലെ കംഫർട്ട് ഫുൾ ഗോസ്പൽ ചർച്ചിൽ വിജയകരമായി നടന്നു. രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12.30 വരെ നടന്ന സമ്മേളനത്തിൽ ഡാളസ് ഫോർട്ട് വർത്ത് മെട്രോപ്ലെക്സിലെ വിവിധ സഭകളിൽ നിന്നും സംഘടനകളിൽ നിന്നുമുള്ള നിരവധി വിശ്വാസികളും പാസ്റ്റേഴ്സും പങ്കെടുത്തു.

അമേരിക്കയിലേക്ക് കുടിയേറി, നിലവിൽ ഡാളസ് പട്ടണത്തിൽ താമസിച്ചുകൊണ്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മിഷണറി പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികളെയും സംഘടനകളെയും പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംഗമം സംഘടിപ്പിച്ചത്.

വിവിധ സുവിശേഷീകരണ മേഖലകളിൽ ലോകത്ത് പല സ്ഥലങ്ങളിലായി പ്രവർത്തുന്ന 20-ഓളം മിനിസ്ട്രി ലീഡർമാർ തങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് സമ്മേളനത്തിൽ അവതരിപ്പിച്ചു.

ദീർഘകാലമായി വടക്കെ ഇന്ത്യയിൽ മിഷണറിയായി പ്രവർത്തിക്കുന്ന മസീഹ് മണ്ഡലി സഭയുടെ പ്രസിഡണ്ട് പാസ്റ്റർ സജി മാത്യു സമ്മേളനത്തിൽ മുഖ്യാതിഥിയായിരുന്നു. കാലഘട്ടത്തിന്റെ ആവശ്യകതയറിഞ്ഞ് മിഷൻ രംഗത്തേക്ക് കൂടുതൽ ആളുകൾ കടന്നുവരണമെന്ന് അദ്ദേഹം തന്റെ ശക്തമായ മിഷൻ ചലഞ്ചിലൂടെ ആഹ്വാനം ചെയ്തു.

തുടർന്നു നടന്ന പ്രത്യേക പ്രാർത്ഥനയ്ക്ക് പാസ്റ്റർ ഷാജി കരയ്ക്കൽ നേതൃത്വം നല്കുകയും സമ്മേളനത്തിൽ പങ്കെടുത്തവർക്കായി അനുഗ്രഹപ്രാർത്ഥന നടത്തുകയും ചെയ്തു. റവ. തോമസ് മുല്ലയ്ക്കൽ (ചെയർമാൻ), റവ.ഡോ. തോമസ് ഇടിക്കുള (കോ-ചെയർമാൻ), എസ്.പി. ജെയിംസ് (സെക്രട്ടറി), തോമസ് ചെല്ലേത്ത് (ട്രഷറർ) എന്നിവർ സമ്മേളനത്തിനു നേതൃത്വം നല്കി. മ്യൂസിക് കോ-ഓർഡിനേറ്റർ ബ്ലെസൻ കുന്നേൽ നേതൃത്വം നല്കിയ സംഗീതശുശ്രൂഷയിൽ കംഫർട്ട് ഫുൾ ഗോസ്പൽ ചർച്ച് ക്വയർ ഗാനങ്ങൾ ആലപിച്ചു.

കൂടുതൽ വിവരങ്ങൾക്ക് www.-Dallascitywide.org സന്ദർശിക്കാവുന്നതാണ്.



# മക്കൾക്കുള്ള ദൈവിക പദ്ധതി തിരിച്ചറിയുവാൻ മാതാപിതാക്കൾ പ്രാർത്ഥിക്കണമെന്ന് മാർ മാത്യു മൂലക്കാട്ട്

ജസ്റ്റിൻ ചാമക്കാല

ന്യൂയോർക്ക്: ന്യൂയോർക്കിലെ റോക്‌ലൻഡിലുള്ള സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ 2026-ലെ മതബോധന ബിരുദദാന ചടങ്ങ് ഭക്തിപൂർവവും ആഘോഷപൂർണവുമായി ജൂൺ 28-ന് നടത്തി. കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് മുഖ്യകാർമ്മികത്വം വഹിച്ച് അർപ്പിച്ച വിശുദ്ധ കുർബാനയോടെയായിരുന്നു പരിപാടികളുടെ തുടക്കം. ഇടവക വികാരി ഫാ. ജോബി പൂച്ചുക്കണ്ടത്തിൽ, മുൻ വികാരി ഫാ. ജോസ് അദോപ്പിള്ളിൽ എന്നിവർ സഹകാർമ്മികരായിരുന്നു.

വിശുദ്ധ കുർബാന മദ്ധ്യേ നല്കിയ സന്ദേശത്തിൽ മാതാപിതാക്കൾ സ്വന്തം ആഗ്രഹങ്ങൾ മക്കളിൽ അടിച്ചേല്പിക്കുന്നതിനേക്കാൾ ദൈവം ഓരോ മക്കൾക്കും ഒരുക്കിയിരിക്കുന്ന ദൈവിക പദ്ധതി തിരിച്ചറിയുവാൻ പ്രാർത്ഥിക്കണമെന്ന് മാർ മാത്യു മൂലക്കാട്ട് പിതാവ് ആഹ്വാനം ചെയ്തു.





മതബോധന അദ്ധ്യാപനം ഒരു ദൈവവിളിയാണെന്നും ആ വിളി സ്വീകരിക്കുന്നവർക്ക് ആവശ്യമായ ജ്ഞാനവും കൃപയും ദൈവം തന്നെ നല്കുന്നുവെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. അദ്ധ്യാപകരുടെ കഴിവുകൾ മാത്രമല്ല, ദൈവാനുഗ്രഹവും സഹായവുമാണ് വിശ്വാസപഠനം ഫലപ്രദമാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

തുടർന്നു നടന്ന ബിരുദദാന സമ്മേളനത്തിൽ മതബോധന അദ്ധ്യാപിക എല്ലൻ റെജുൻ പുരയ്ക്കൽ സ്വാഗതം ആശംസിച്ചു.

മാർ മാത്യു മൂലക്കാട്ട് പിതാവ് വിദ്യാർത്ഥികൾക്ക് ബിരുദ സർട്ടിഫിക്കറ്റുകളും വിവിധ മത്സരങ്ങളിൽ മികവ് പുലർത്തിയവർക്കുള്ള പുരസ്കാരങ്ങളും വിതരണം ചെയ്തു.

വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും മാതാപിതാക്കളെയും അഭിനന്ദിച്ച അദ്ദേഹം വിശ്വാസജീവിതത്തിൽ വളരാനും സഭയോടുള്ള പ്രതിബദ്ധത ശക്തിപ്പെടുത്താനും ആശംസിക്കുകയും ചെയ്തു.

ഇടവക ട്രസ്റ്റി ജോസഫ് കീഴങ്ങാട്ട് നന്ദി രേഖപ്പെടുത്തി. മതബോധന പ്രിൻസിപ്പൽ ആശാ മൂലേപ്പറമ്പിൽ, ഇടവക ട്രസ്റ്റിമാരായ ജസ്റ്റിൻ ചാമക്കാല, ഏബ്രഹാം പുളിയലക്കുന്നേൽ, മതബോധന അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ഇടവകാംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.







# ചരിത്രമുഹൂർത്തത്തിന് സാക്ഷ്യംവഹിച്ച് ന്യൂയോർക്ക്; ഡീക്കൻ മോസസ് സ്റ്റീഫൻ പുതുപ്പള്ളിമ്യാലിൽ വൈദികനായി അഭിഷിക്തനായി



**അനൂപ് മുകളേൽ**

ന്യൂയോർക്ക്: കോട്ടയം അതിരൂപതയുടെ ചരിത്രത്തിൽ ആദ്യമായി നോർത്ത് അമേരിക്കൻ മണ്ണിൽ വെച്ച് നടത്തപ്പെട്ട തിരുപ്പട്ട ശുശ്രൂഷകൾക്കും നവപൂജാർപ്പണത്തിനും ലോങ് ഐലൻഡ് സെന്റ് സ്റ്റീഫൻ ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയം പ്രാർത്ഥനാപൂർവ്വം സാക്ഷ്യം വഹിച്ചു. ജൂൺ 27 ശനിയാഴ്ച ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ നടന്ന ശുശ്രൂഷകളിലൂടെ ഡീക്കൻ മോസസ് സ്റ്റീഫൻ പുതുപ്പള്ളിമ്യാലിൽ കോട്ടയം അതിരൂപതയിലെ വൈദികനായി അഭിഷിക്തനായി. കത്തോലിക്കാ സഭയുടെ അജപാലന ശുശ്രൂഷയിലേക്ക് ഒരു പുതിയ വൈദികൻകൂടി കടന്നുവന്ന ഈ ആത്മീയ നാഴികക്കല്ലിനെ ന്യൂയോർക്കിലെ വിശ്വാസികൾ ഒന്നടങ്കം പ്രാർത്ഥനാപൂർവം വരവേറ്റു.





രാവിലെ 9.30 - ഓടെ ദേവാലയകവാടത്തിൽ വെച്ച് അഭിവന്ദ്യ മെത്രാന്മാർക്കും ഡീക്കൻ മോസസിനും മറ്റ് വിശിഷ്ട വ്യക്തിത്വങ്ങൾക്കും ആചാരപൂർവ്വമായ സ്വീകരണം നല്കി. തുടർന്ന് അഭിവന്ദ്യ പിതാക്കന്മാരും വൈദികരും സിസ്റ്റേഴ്സും പ്രദക്ഷിണമായി ദേവാലയത്തിലേക്ക് പ്രവേശിച്ചു. ഡീക്കൻ മോസസ് തന്റെ മാതാപിതാക്കളായ സ്റ്റീഫൻ - ലൗലി പുതുപ്പള്ളിമ്യാലിൽ ദമ്പതിമാരുടെ ഒപ്പമാണ് ശുശ്രൂഷകൾക്കായി ബലിപീഠത്തിലേക്ക് ആനയിക്കപ്പെട്ടത്.

ഇടവക വികാരി ഫാ. പത്രോസ് ചമ്പക്കര തിരുക്കർമ്മങ്ങളിലേക്ക് ഏവരെയും ഔദ്യോഗികമായി സ്വാഗതം ചെയ്തതോടെ ശുശ്രൂഷകൾക്ക് തുടക്കമായി. തുടർന്ന് ഡാളസ് ക്രൈസ്റ്റ് ദി കിംഗ് ഇടവകാംഗമായ ബ്രദർ ജോഷ് ചിറയിൽ വൈദികവസ്ത്രം സ്വീകരിച്ചു. കോട്ടയം അതിരൂപത മെത്രാപ്പോലീത്ത ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ കൈവെപ്പ് പ്രാർത്ഥനയിലും തിരുപ്പട്ട ശുശ്രൂഷയും ഭക്തിപൂർവം നടന്നു. ചിക്കാഗോ സീറോ മലബാർ രൂപതാദ്ധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് തദവസരത്തിൽ സന്ദേശം നല്കി. ബ്രൂക്ലിൻ രൂപത സഹായമെത്രാൻ അഭിവന്ദ്യ റവ.ഡോ. ജെയിംസ് മാസ്സ ഉൾപ്പെടെയുള്ള പ്രമുഖ സഭാമേലദ്ധ്യക്ഷന്മാരും മറ്റ് വൈദികരും ചടങ്ങുകളിൽ സന്നിഹിതരായിരുന്നു. ശുശ്രൂഷകൾക്കു ശേഷം പൗരോഹിത്യ കൂട്ടായ്മയിലേക്ക് (Priestly koinonia) നവവൈദികനെ ഔദ്യോഗികമായി വരവേറ്റു. തുടർന്ന് നവവൈദികൻ ഫാ. മോസസ് പുതുപ്പള്ളിമ്യാലിന്റെ മുഖ്യ കാർമ്മികത്വത്തിൽ പ്രഥമദിവ്യബലി അർപ്പണം നടന്നു.

തിരുക്കർമ്മങ്ങൾക്കുശേഷം നടന്ന അനുമോദന സമ്മേളനത്തിൽ ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്, മാർ ജോയി ആലപ്പാട്ട്, ബ്രൂക്ലിൻ രൂപത സഹായ മെത്രാൻ അഭിവന്ദ്യ ജെയിംസ് മാസ്സ, ക്നാനായ റീജിയൻ ഡയറക്ടർ ഫാ. തോമസ് മുളവനാൽ, എസ്.വി.എം. സുപ്പീരിയർ ജനറൽ സിസ്റ്റർ ഇമ്മാക്കുലേറ്റ്, ഇടവക പ്രതിനിധി ട്രസ്റ്റി നോയൽ കുഴിപ്പറമ്പിൽ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

തനിക്കു ലഭിച്ച വലിയ ദൈവവിളിക്കും ഈ ശുശ്രൂഷകൾ ഭംഗിയായി നടക്കാൻ പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്ത ഏവർക്കും ഫാ. മോസസ് പുതുപ്പള്ളിമ്യാലിൽ നന്ദി പ്രകാശിപ്പിച്ചു. അനുമോദന സമ്മേളനത്തിൽ നവവൈദികൻ മധുരം പങ്കുവെച്ചു. ചടങ്ങിൽ പങ്കെടുത്ത ഏവർക്കും നവവൈദികന്റെ പിതാവ് സ്റ്റീഫൻ പുതുപ്പള്ളിമ്യാലിൽ നന്ദിയർപ്പിച്ചു. തുടർന്ന് നവാഭിഷിക്തനായ വൈദികന്റെ വിശുദ്ധീകരിക്കപ്പെട്ട കരങ്ങളിൽ ചുംബനമർപ്പിച്ച് വിശ്വാസികൾ അനുഗ്രഹം വാങ്ങിയതിനെത്തുടർന്ന് സ്നേഹവിരുന്നോടെ ചരിത്രപരമായ ഈ ആത്മീയ ശുശ്രൂഷകൾ സമാപിച്ചു. വികാരി ഫാ. പത്രോസ് ചമ്പക്കരയുടെയും ട്രസ്റ്റിമാരായ എബ്രഹാം തേർവാലക്കട്ടേൽ, ജെയിംസ് നികർത്തിൽ, ജെയിംസ് പുള്ളോർകുന്നേൽ, നോയൽ കുഴിപ്പറമ്പിൽ എന്നിവരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റികൾ ചടങ്ങുകളുടെ വിജയകരമായ നടത്തിപ്പിന് പിന്നിൽ പ്രവർത്തിച്ചു.















# THE NORTHEAST AMERICAN DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

# FAMILY & YOUTH CONFERENCE-2026

www.fycnead.org e-mail: fyc@neamericandiocese.org

**Date: JULY 15 – JULY 18, 2026 Venue: WYNDHAM LANCASTER, 2300 LINCOLN HWAY EAST, LANCASTER, PA 17602**

**Conference Theme : "Vessels of Grace."** *2 Timothy 2: 20-22*



**HH Baselios Marthoma Mathews III**
Catholicos & Malankara Metropolitan

## സഖറിയാ മാർ നിക്കളൊവോസ് മെത്രാപ്പോലീത്തയുടെ സന്ദേശം

പ്രിയമുള്ളവരെ,

ഭദ്രാസന ഫാമിലി & യൂത്ത് കോൺഫറൻസിനായി നാം ഒരുമിച്ചുകൂടുമ്പോൾ, നമ്മുടെ വൈദികർക്കും ദൈവജനത്തിനും ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ സമ്മേളനം ക്രമീകരിക്കുന്നതിനായി സ്നേഹപൂർവം ഓടിനടന്ന് അധ്വാനിച്ച ഫാമിലി & യൂത്ത് കോൺഫറൻസ് കമ്മിറ്റിക്ക് പ്രാർത്ഥനകളും അനുഗ്രഹങ്ങളും നേരുന്നു. നവീകരണവും സഹവർത്തിത്വവും ആത്മീയ വളർച്ചയും ആഗ്രഹിച്ചു വന്നിരിക്കുന്ന ഓരോ അംഗങ്ങൾക്കും അനുഗ്രഹങ്ങൾ നേരുന്നു.

വിശുദ്ധ പൗലോസ് അപ്പസ്തോലൻ തിമോത്തിയോസിന് എഴുതിയ ലേഖനത്തിൽ നിന്ന് (2 തിമോത്തിയോസ് 2:20–22) പ്രചോദനം ഉൾക്കൊണ്ട് തിരഞ്ഞെടുത്ത 'കൃപയുടെ പാത്രങ്ങൾ' (Vessels of Grace) എന്ന ചിന്താവിഷയം തികച്ചും അനുയോജ്യവും അർത്ഥവത്തുമാണ്. 'ഒരുവൻ നികൃഷ്ടമായ അവസ്ഥയിൽ നിന്ന് തന്നെത്തന്നെ ശുദ്ധീകരിക്കുന്നെങ്കിൽ അവൻ ശ്രേഷ്ഠമായ ഉപയോഗത്തിന് പറ്റിയതും ഗൃഹനായകന് പ്രയോജനകരവും ഏതൊരു നല്ല കാര്യത്തിനും ഉപയോഗയോഗ്യവുമായ വിശുദ്ധപാത്രമാകും.' എന്ന് അപ്പസ്തോലൻ നമ്മെ ഓർമ്മിപ്പിക്കുമ്പോൾ, അത് നമ്മെ ഓരോരുത്തരെയും പ്രത്യേകിച്ച് നമ്മുടെ കുടുംബങ്ങളെയും യുവാക്കളെയും, വിശുദ്ധിയുടെയും വിശ്വസ്തതയുടെയും ദൈവവേലയ്ക്കുള്ള സന്നദ്ധതയുടെയും ജീവിതത്തിലേക്ക് ആഹ്വാനം ചെയ്യുന്നു.

ശ്രദ്ധയില്ലായ്മയിലേക്കും ഒത്തുതീർപ്പുകളിലേക്കും നമ്മെ പലപ്പോഴും വലിച്ചടുപ്പിക്കുന്ന ഈ ലോകത്തിൽ, ക്രിസ്തീയ സാക്ഷ്യത്തിന് മങ്ങലേൽപ്പിക്കുന്ന എല്ലാറ്റിൽ നിന്നും ബോധപൂർവ്വം പിന്തിരിഞ്ഞ് നന്മ, നീതി, വിശ്വാസം, സ്നേഹം, സമാധാനം എന്നിവയെ പിന്തുടരുവാൻ ഈ ചിന്താവിഷയം നമ്മെ ക്ഷണിക്കുന്നു. നമ്മുടെ ഭവനങ്ങൾ പ്രാർത്ഥനയിൽ വളരുന്നതും ക്രിസ്തുവിനെ അറിയുന്നതുമായ കൃപയുടെ പാത്രങ്ങളാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ യുവജനങ്ങൾ, പ്രത്യേകിച്ച്, കൃപ വഹിക്കുന്നവർ മാത്രമല്ല, ക്രിസ്തുവിൽ വേരൂന്നിയതും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതുമായ ജീവിതത്തിലൂടെ ആ കൃപയെ പ്രകാശിപ്പിക്കുന്നവരാകാൻ വിളിക്കപ്പെട്ടിരിക്കുന്നു.


ഈ കോൺഫറൻസ് ഹൃദയങ്ങൾ ശക്തിപ്പെടുകയും ബന്ധങ്ങൾ പുതുക്കപ്പെടുകയും ആഴമേറിയ ലക്ഷ്യബോധം ഉണരുകയും ചെയ്യപ്പെടുന്ന വിശുദ്ധമായ ഒരു സമാഗമത്തിന്റെ വേദിയായി മാറട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കുടുംബങ്ങൾ വിശ്വാസത്തിൽ ഒരുമിച്ച് നടക്കുവാനും നമ്മുടെ യുവജനങ്ങൾ സഭയിലും ലോകത്തിലും സുവിശേഷത്തിന് സാക്ഷികളായി തങ്ങളുടെ വിളിയെ നെഞ്ചേറ്റുവാനും ഇത് പ്രചോദനമേകട്ടെ. തന്റെ മഹത്വത്തിനായി നമ്മെ പാത്രങ്ങളായി രൂപപ്പെടുത്തുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തു ഈ കോൺഫറൻസിനെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. പരിശുദ്ധാത്മാവ് ഓരോ സെഷനുകളെയും സംഭാഷണങ്ങളെയും കൂട്ടായ്മയുടെ നിമിഷങ്ങളെയും വഴിനടത്തട്ടെ.

സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹങ്ങളും കാരുണ്യവും നമ്മുടെ മേൽ വർഷിക്കപ്പെടുമാറാകട്ടെ.

കർത്താവിൽ നിങ്ങളുടെ,
സഖറിയാ മാർ നിക്കളൊവോസ് മെത്രാപ്പോലീത്ത



**HG Zachariah Mar Nicholovos**
Diocesan Metropolitan



**H. G. Dr. Thomas Mar Athanasius**
Keynote Speaker



**Rev. Fr. Vasileios Willard**
Keynote Speaker



**Rev. Fr. Dr. Abey George**
Keynote Speaker



**Lijin Hannah Thomas**
Keynote Speaker



**Rev.Fr.Dr. Varghese M. Daniel**
Diocesan Secretary



**Rev. Fr. Alex Joy**
Conference Coordinator



**Jaison Thomas**
Conference Secretary



**John Thamaravelil**
Treasurer



**Dr. Rebecca Pothen**
Souvenir Editor



**Ringle T. Biju**
Joint Treasurer



**Asha George**
Joint Secretary

### FAMILY & YOUTH CONFERENCE COMMITTEE - 2026

| | |
|---|---|
| Conference Chair | His Grace Zachariah Mar Nicholovos Metropolitan |
| Conference Coordinator | Rev. Fr. Alex K. Joy |
| Conference Secretary | Mr. Jaison Thomas |
| Treasurer | Mr. John Thamaravelil |
| Souvenir Editor | Dr. Rebecca Pothen |
| Joint Treasurer | Mrs. Ringle T. Biju |
| Joint Secretary | Mrs. Asha George |
| Registration | Mrs. Diana Thomas |
| Sports | Ms. Aksah Varghese |
| Events | Mr. Andrew Thomas |
| Choir Master | Mr. Joseph Pappan (Reji) |
| Medical | Dr. Blessy Varghese |
| Media & Publicity | Mr. Jinesh Thampi |
| | Mr. Oommen Kappil |
| | Mr. George Thumpayil |
| | Mr. Anil Thomas |
| Social Media | Ms. Julia Alex |
| Procession | Mr. Ajith Vattasseril |
| Chaplains | Rev. Fr. Tojo Baby, |
| | Rev. Fr. Jerry Varghese |
| Curriculum Lead | Rev. Fr. Varghese M. Daniel |
| Photography | Mr. Bipin V. Mathew |
| IT/Website | Mr. Cheriyan Perumal |
| Facilities, Safety & Security | Mr. Titus Alexander |
| Food | Mr. Mathew Varughese (Baby) |
| Diocesan Secretary | Rev.Fr. Dr. Varghese M. Daniel |
| Diocesan Council : | Rev. Fr. Shibu V. M, Rev. Fr. Vijay Thomas |
| | Mr. Joby John, Mr. Oommen Kappil |
| | Mr. Shane Oommen, Mr. Bijo Thomas |
| Malankara Association Managing Committee Members: | |
| | Mr. Koppara Samuel, |
| | Mr. Shaji Varghese |
| | Mr. K. G. Oommen |
| Diocesan Chancery Staff : | |
| Chancellor | Rev. Fr. Thomas Paul |
| Principal Secretary | Rev. Fr. Dr.Abraham (Abey) George |
| Executive Assistant to Metropolitan | Rev. Fr. Daniel (Dennis) Mathai |
| Auditor | Mr. John Thomas, CPA |

# THE NORTHEAST AMERICAN DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

# FAMILY & YOUTH CONFERENCE-2026

www.fycnead.org e-mail: fyc@neamericandiocese.org

**Date: JULY 15 – JULY 18, 2026 Venue: WYNDHAM LANCASTER, 2300 LINCOLN HWAY EAST, LANCASTER, PA 17602**

**Conference Theme : "Vessels of Grace."** ***2 Timothy 2: 20-22***



Conference General Committee



Rev. Fr. Tojo Baby – Chaplain (Adult)
Rev. Fr. Jerry Varghese – Chaplain (Youth)
Joseph Pappan (Reji) – Choir Master
Jinesh Thampi – Media & Publicity
Oommen Kappil – Media & Publicity
George Thumpayil – Media & Publicity
Anil Thomas – Media & Publicity
Julia Alex – Social Media



Mathew Varughese (Baby) – Food
Diana Thomas – Registration
Andrew Thomas – Events
Dr.Blessy Varghese – Medical
Aksah Varghese – Sports
Cheriyan Perumal – IT/Website
Ajith Vattasseril – Procession
Bipin V. Mathew – Photography
Titus Alexander – Facilities & Safety



Diocesan Council



Finance Committee



FYC Choir

## HIGHLIGHTS

- **In addition to the distinguished keynote speakers, the conference will feature skilled clergy and lay leaders from the Diocese who will lead group sessions, workshops, and devotional addresses, offering a spiritually enriching experience for the entire family.**

## MAJOR ACTIVITIES

- Opening Procession: A colorful and traditional procession will launch the conference on opening night
- Devotional Messages: Inspiring messages delivered throughout the event by clergy and leaders
- Study Classes: Focused on the Bible, Orthodox faith, and Church traditions
- Interactive Sessions & Discussions: Separate tracks for adults and youth on relevant spiritual and practical topics
- Sports & Games: Team competitions and recreational activities
- Entertainment Night: A lively evening of performances (pre-registration required by each parish)
- Holy Confession: Offered on Friday evening
- Holy Qurbana: Celebrated on Saturday morning to conclude the conference in worship.



# കേരളാ ചീഫ് വിപ്പ് ആസ്ട്രേലിയൻ ചീഫ് വിപ്പിനെ കണ്ടപ്പോൾ

**അനിൽ പെണ്ണുക്കര**

കഴിഞ്ഞ ദിവസം കേരള നിയമസഭയിൽ ഒരു അപൂർവ്വ സംഗമം നടന്നു. ഓസ്ട്രേലിയയിലെ വിക്ടോറിയ സ്റ്റേറ്റ് പാർലമെന്റിലെ ചീഫ് വിപ്പ് ലീ ടർലാമിസ് കേരള നിയമസഭ ചീഫ് വിപ്പ് അപു ജോൺ ജോസഫിനെ സന്ദർശിച്ചു. Chief Whip meets Chief Whip എന്ന കുറിപ്പോടെ അപു ജോൺ ജോസഫ് കുറിച്ച കുറിപ്പ് ഏറെ ശ്രദ്ധേയമായി. ശിവഗിരി മഠം സംഘടിപ്പിച്ച ആദരവ് ഏറ്റുവാങ്ങുന്നതിനായാണ് അദ്ദേഹം ഭാര്യാ സമേതം കേരളത്തിൽ എത്തിയത്. ശനിയാഴ്ച രാവിലെ 10 മണിക്ക് ശിവഗിരി മഠത്തിന്റെ അന്ന ക്ഷേത്രം ആഡിറ്റോറിയത്തിലാണ് സ്വീകരണ ചടങ്ങുകൾ നടന്നത്.

ഗുരുദേവൻ 1924-ൽ സംഘടിപ്പിച്ച സർവ്വമത സമ്മേളനത്തിന്റെ ശദാബ്ദി യാഘോഷത്തോടനുബന്ധിച്ച് 2025 ഒക്ടോബർ 14-ന് ആസ്ട്രേലിയയിലെ വിക്ടോറിയൻ പാർലമെന്റിൽ വെച്ച് ഒരു സർവ്വമത സമ്മേളനം നടത്തുന്നതിന് ആവശ്യമായ എല്ലാ ഒരുക്കങ്ങളും ശിവഗിരി മഠത്തിന് ഒരുക്കി കൊടുത്തത് വിക്ടോറിയൻ പാർലമെന്റ് ചീഫ് വിപ്പ് ലീ ടർലാമിസ് ആയിരുന്നു. ശ്രീ നാരായണ ഗുരുദേവനോടും ഗുരുദേവ ദർശനത്തോടും ശിവഗിരി മഠത്തോടും ആദരവ് പുലർത്തുന്ന അദ്ദേഹം രണ്ടാം തവണയാണ് ശിവഗിരി മഠത്തിൽ എത്തിയത്.അദ്ദേഹത്തിനൊപ്പം ഓസ്ട്രേലിയൻ പ്രതിനിധി സംഘവും ഉണ്ടായിരുന്നു .ഓസ്ട്രേലിയയിലെ വിക്ടോറിയ സംസ്ഥാനവും കേരളവും തമ്മിലുള്ള ഉഭയകക്ഷി ബന്ധവും സാംസ്കാരിക-വ്യാവസായിക സഹകരണവും കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ പ്രമുഖ രാഷ്ട്രീയ-ഭരണ നേതാക്കളുമായി അദ്ദേഹവും സംഘവും കൂടിക്കാഴ്ച നടത്തുകയും ചെയ്തു . ഓസ്ട്രേലിയൻ മലയാളി സമൂഹത്തിന് അഭിമാനമായി, ഗവൺമെന്റ് പ്രതിനിധിയായി മലയാളിയായ ഫിനി മാത്യുവും ഈ ഔദ്യോഗിക പ്രതിനിധി സംഘത്തിന്റെ ഭാഗമായി ഒപ്പമുണ്ടായിരുന്നു.





സന്ദർശനത്തിന്റെ ഭാഗമായി കേരള നിയമസഭാ മന്ദിരത്തിലെത്തിയ വിക്ടോറിയൻ പ്രതിനിധി സംഘത്തിന് ഊഷ്മളമായ സ്വീകരണമാണ് ലഭിച്ചത്. കേരള നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ എന്നിവർ ചേർന്ന് സംഘത്തെ സ്വീകരിക്കുകയും ആതിഥേയത്വം വഹിക്കുകയും ചെയ്തു. നിയമസഭയിലെ സഭാ നടപടികൾ നേരിട്ട് വീക്ഷിച്ച പ്രതിനിധി സംഘം, ഇരു സംസ്ഥാനങ്ങളും തമ്മിലുള്ള ജനാധിപത്യ മൂല്യങ്ങളെയും സഹകരണ സാധ്യതകളെയും കുറിച്ച് മുഖ്യമന്ത്രിയുമായും, സ്പീക്കറുമായും ഡെപ്യൂട്ടി സ്പീക്കറുമായും ആശയ വിനിമയം നടത്തി.

വിക്ടോറിയയും കേരളവും തമ്മിൽ വ്യാപാരം, വിദ്യാഭ്യാസം, ആരോഗ്യം, മൾട്ടി കൾച്ചറൽ രംഗം തുടങ്ങിയ മേഖലകളിൽ പുതിയ പങ്കാളിത്തത്തിന് വഴിതുറക്കുന്നതായിരുന്നു മുഖ്യമന്ത്രിയുമായുള്ള ചർച്ചകൾ. പരസ്പര ബഹുമാനത്തിലും പങ്കുവെക്കപ്പെട്ട കാഴ്ചപ്പാടുകളിലും അധിഷ്ഠിതമായ അന്താരാഷ്ട്ര സൗഹൃദം ഇരു സംസ്ഥാനങ്ങളിലെയും ജനങ്ങൾക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുമെന്ന് മുഖ്യമന്ത്രിയുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം ലീ തർലാമിസ് വ്യക്തമാക്കി.

# അതിജീവനം



കവിത



**റോയി പൂച്ചേരിൽ**

മുരളുന്നിരുളിൻ മറവിൽ
കയറുന്നു നാട്ടിലിരവിൽ
കാടിറങ്ങുന്നു വന്യം ഇന്ന്
കാനനത്തിൽ ഭോജ്യമില്ല!

ആവാസം തകർത്തില്ലേ
താപനം ഏറ്റിയില്ലേ
ആരണ്യത്തിൻ അഗാധത
അരിഞ്ഞരിഞ്ഞു വീഴ്ത്തിയില്ലേ?

ജീവനം മുട്ടിയ മൃഗമിന്ന്
മതിലുകൾ തകർക്കുന്നു
വേലികൾ പൊളിക്കുന്നു
നാടിറങ്ങുന്നു നിത്യം!

ഗർജ്ജനമെങ്ങും മുഴങ്ങി
ആർജ്ജവമെല്ലാം പൊലിഞ്ഞു
നിസ്സഹായനാം മനുജൻ
നിലനിൽപ്പിനായ് കേഴുന്നു.


ഇനി നമുക്കുണരാം
ഉണരണം നമുക്കിനിയെങ്കിലും
വനരോദനം കേൾക്കാം
സ്വജീവനെ കാക്കാം.

കരഞ്ഞുതീർക്കാൻ
ഇനി തരില്ല ജീവൻ
അംഗഭംഗം, വൈധവ്യമനാഥത്വം
ഒന്നുമുണ്ടാവില്ലിനി.

ഇനി കൈകോർക്കാം നമുക്ക്,
അതിജീവനത്തിന്നായ്
കാടു കാക്കാം, നാടു നോക്കാം
നിർഭയമായ് വസിച്ചീടാം.

# പോരാട്ടവീര്യത്തിന് വീരവണക്കം





**രമേശ് ചെന്നിത്തല**
**(കേരള ആഭ്യന്തര വകുപ്പ് മന്ത്രി)**

കടലിനോടും കടലിനോടും അഗ്നിപർവ്വതങ്ങളോടും മല്ലിട്ട് ജീവിക്കുന്ന അഞ്ചുലക്ഷം മനുഷ്യരുള്ള കാബോ വെർദെ എന്ന ചെറിയ ആഫ്രിക്കൻ ദ്വീപിന്റെ ലോകകപ്പ് സ്വപ്നവുമായി വന്ന മനുഷ്യർ. തുടക്കക്കാരായിട്ടും ഇതുവരെ തോൽവി അറിയാതെയാണ് അവർ അർജന്റീനക്ക് മുന്നിൽ എത്തിയത്.

നാൽപതുകാരൻ ഗോൾകീപ്പർ വൊസീഞ്ഞ, എന്തൊരു പ്ലെയർ ആണ് നിങ്ങൾ! മതിലല്ല, കോട്ടകെട്ടിയാണ് നിങ്ങൾ വല കാത്തത്.

ആ വല ഇന്നലെ ആദ്യം ഭേദിച്ചത് ലോകകപ്പിലെ തന്റെ ഇരുപതാമത്തെ ഗോൾ നേടിയ സാക്ഷാൽ ലയണൽ മെസ്സിയാണ്. എന്തൊരു ഗോൾ! എന്തൊരു സുന്ദരൻ, സുന്ദരൻ ഗോൾ!

കഴിഞ്ഞ ദിവസം പെരുമ്പാവൂരിൽ അവിടെ കൂടിയ ചെറുപ്പക്കാരോട് ഞാൻ പറഞ്ഞിരുന്നു, ജീവിതമാണ് ലഹരി എന്ന്. അത് വെറുതെ പറയുന്ന ഒരു വാചകമല്ല. ജീവിതം വച്ചുനീട്ടുന്ന മനോഹരമായ സംഗതികളിൽ ഒന്നാണ് കായിക സംസ്കാരം. അതിന്റെ ഏറ്റവും മനോഹരമായ ചില മണിക്കൂറുകൾ കടന്നാണ് അർജന്റീന റൗണ്ട് ഓഫ് 16 ലേക്ക് കടക്കുന്നത്.

വൊസീഞ്ഞ, കാബോ വെർദെ, ലോക ചാമ്പ്യന്മാരെ എക്സ്ട്രാ ടൈമിലേക്ക് നയിച്ച് പൊരുതിത്തോറ്റു മടങ്ങുന്ന പോരാട്ടവീര്യത്തിന് വീരവണക്കം.

ഇന്നായിരുന്നു ഫൈനൽ എന്ന് ലോകം പറയും.



# കാബെ വെർദെ; നിങ്ങൾ അടിച്ച ഓരോ ഗോളും അത്ഭുതമാണ്



**ഷിബു ഗോപാലകൃഷ്ണൻ**

മെസ്സി ഗോൾ അടിക്കുന്നത് അത്ഭുതമല്ല, അർജന്റീന ജയിക്കുന്നതും അത്ഭുതമല്ല. എന്നാൽ കാബെ വെർദെ, നിങ്ങൾ അടിച്ച ഓരോ ഗോളും അത്ഭുതമാണ്, നിങ്ങൾ കളിച്ച നൂറ്റിയിരുപത് മിനിറ്റും അത്ഭുതമാണ്.

നഷ്ടപ്പെടാൻ യാതൊന്നും ഇല്ലാത്തവന്റെ, ജീവനും ജീവിതവും വച്ചുള്ള കളി. ലോകചാമ്പ്യന്മാരെ നിലത്തു നിർത്താതെ, ഒരു മിനിട്ടു പോലും അലസമാവാൻ അനുവദിക്കാതെ, ജയിച്ചു എന്നൊരു സമാധാനത്തിന്റെ നിമിഷം നൂറ്റിയിരുപത് മിനിറ്റും നൽകാതെ, ഏത് നിമിഷവും തിരിച്ചടിക്കും എന്ന തോൽവിയുടെ നിഴലിൽ നിർത്തി, നിങ്ങൾ കളിച്ചകളി ചരിത്രമല്ല, ചരിത്രാതീതമാണ്.



ജയിച്ചവരെ കുറിച്ച് പറയുന്നതിനെ മുൻപേ, തോറ്റവരെ കുറിച്ച് പറയാതിരിക്കാൻ കഴിയാത്ത കളി.




നിങ്ങൾ അടിച്ച രണ്ടു മറുപടി ഗോളുകൾക്ക് അർജന്റീന അടിച്ച മൂന്നു ഗോളുകളേക്കാൾ മൂർച്ചയുണ്ട്; ലോകകപ്പിന് അത്രയും ചാരുത നൽകിയ അപൂർവ്വം ഗോളുകളെ ഉള്ളൂ.

വോസിഞ്ഞോ, മെസ്സിയുടെ ഫ്രീകിക്ക് നിങ്ങൾ വായുവിൽ പറന്നു കുത്തിയ ആ നിമിഷം. നിങ്ങൾ നടത്തിയ എട്ടു എണ്ണം പറഞ്ഞ സേവുകൾ. പത്രസമ്മേളനത്തിൽ പറഞ്ഞതു പോലെ, നിങ്ങളുടെ മക്കളോട്, ഞാൻ മെസ്സിയോടൊപ്പം കളിച്ചിട്ടുണ്ട് എന്നല്ല, മെസ്സിയുടെ ഗോളുകളെ വലക്കു പുറത്തേക്ക് പറഞ്ഞയച്ചിട്ടുണ്ട് എന്ന് ജീവിതകാലം മുഴുവൻ പറയാം.

ലോകകപ്പിൽ നിന്നു മാത്രമേ നിങ്ങൾ മടങ്ങുന്നുള്ളൂ. കാൽപ്പന്തു ചരിത്രത്തിലെ ഏറ്റവും ആവേശം നിറഞ്ഞ അധ്യായങ്ങളിൽ നിന്നും നിങ്ങൾക്ക് മടക്കമില്ല.

കളി ജയിച്ചത് ചാമ്പ്യന്മാരായിരിക്കാം, എന്നാൽ കളികണ്ടവരെ ജയിച്ചു ചാമ്പ്യന്മാരായത് കാബെ വെർദെയാണ്.

# ദൈവസഭകളുടെ 29–ാമത് ദേശീയ സമ്മേളനം കൊളറാഡോയിൽ ജൂലൈ 9 മുതൽ 12 വരെ

കൊളറാഡോ: നോർത്ത് അമേരിക്കയിലുള്ള ദൈവസഭകളുടെ 29-ാമത് ദേശീയ സമ്മേളനം Denver Marriott Tech Center-ൽ വെച്ച് ജൂലൈ 9 മുതൽ 12 വരെ തീയതികളിൽ നടത്തുവാനുള്ള ക്രമീകരണങ്ങൾ പൂർത്തീകരണത്തിലേക്ക് എത്തുകയാണ്. അമേരിക്കുടെ പാശ്ചാത്യഭാഗത്ത് ആദ്യമായി നടക്കുന്ന സമ്മേളനം ആയതിനാൽ ഇത് ചരിത്രപരമായ ഒരു സംഭവമാകുമെന്ന് സംഘാടകർ വിശ്വസിക്കുന്നു.

ജോവേൽ 2-28-നാൽ പ്രചോദിത

**പ്രസാദ് തീയാടിക്കൽ**

മായി കോൺഫറൻസിന്റെ തീം 'ആത്മാവിൽ ഏകത' (United by the Sprit) എന്നാണ്. സമ്മേളനം വിശ്വാസികൾ ആത്മീയമായി ബന്ധപ്പെടുവാനും ഒപ്പം മലകൾ നിറഞ്ഞു നിൽക്കുന്ന കൊളറാഡോയുടെ മനോഹര സൗന്ദര്യവും ദൈവം ഈ മലനാടായ സംസ്ഥാനത്തിനു സമ്മാനിച്ച സ്വാഭാവിക അത്ഭുതങ്ങളെ കണ്ടെത്താനും അവസരം നല്കുന്ന അവിസ്മരണീയമായ ദിനങ്ങളാണ്. സമ്മേളനത്തിന്റെ പ്രസിഡണ്ട് റവ. ബെൻസൺ എബ്രഹാം, വൈസ് പ്രസിഡണ്ട് റവ. സൈമൺ ഫിലിപ്പ്, സെക്രട്ടറി ഡോ. ഷിബു സാമുവേൽ, ട്രഷറർ റവ. ജെയിംസ് ഏബ്രഹാം എന്നിവരും പാസ്റ്റർ ഡാർവിൻ വിൽസൺ ഇംഗ്ലീഷ് കോ-ഓർഡിനേറ്ററായും ഡോ. ജോളി ജോസഫ് ലേഡീസ് പ്രസിഡണ്ട് എന്ന നിലയിലും പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു. സമ്മേളനത്തിനു മുന്നോടിയായി ജൂലൈ 8, 9 തീയതികളിൽ ശുശ്രൂഷകന്മാരുടെ കുടുംബസമ്മേളനവും ക്രമീകരിച്ചിട്ടുണ്ട്.

കോൺഫറൻസിന്റെ വിവിധ സമയങ്ങളിലായി ആത്മാവിൽ ഏകീകരണം എന്ന വിഷയത്തിൽ കേന്ദ്രീകരിച്ചു സംസാരിക്കുവാൻ പ്രാദേശിക സഭകളിലെ ദൈവദാസന്മാർക്കൊപ്പം അതിഥികളായ ദൈവദാസന്മാർ റെജി ശാസ്താംകോട്ട, ഷിബു തോമസ് (ഒക്കലഹോമ), അനീഷ് തോമസ് (കേരളം), ഗ്ലാഡ്സൺ വർഗീസ് (യുഎഇ) എന്നിവർക്കു പുറമെ അമേരിക്കയിൽ അറിയപ്പെടുന്ന ഉണർവ് പ്രസംഗകരായ ടോണി സ്റ്റുവാർട്ട്, ബോബി ആൻഡ്രൂസ് എന്നിവരും ദൈവവചനം പങ്കിടും. ജെനറേഷൻ സെറ്റ് അപ്പാർട് എന്ന പേരിൽ യുവാക്കൾക്കും കുട്ടികൾക്കും പ്രത്യേകം മീറ്റിങ്ങുകൾ ക്രമീകരിച്ചിട്ടുണ്ട്. ദൈവദാസന്മാരായ ജസ്റ്റിൻ ശാമുവേൽ, ദിലീപ് കുര്യൻ,




ഗുഡ്‌വിൻ ജോർജ്, അലൻ ജോർജ്, ലിൻസൺ ഡാനിയേൽ, ഡെൻസിൽ വിൽസൺ എന്നിവർ ഇംഗ്ലീഷ് വിഭാഗത്തിന്റെ മേൽനോട്ടം വഹിക്കുന്നു. റോയ് വർഗീസ് ലോക്കൽ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നു.

# ഹൂസ്റ്റൺ ക്നാനായ കത്തോലിക്കാ പള്ളിയിൽ മലയാളം ക്ലാസുകൾക്ക് തുടക്കമായി

ഹൂസ്റ്റൺ: ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോന ഇടവകയിൽ ഈ വർഷത്തെ മലയാളം ക്ലാസുകളുടെ ഔപചാരികമായ ഉദ്ഘാടനം പ്രൗഢഗംഭീരമായ ചടങ്ങുകളോടെ നിർവഹിക്കപ്പെട്ടു. ജൂൺ 28-ന് ഞായറാഴ്ച നടന്ന ചടങ്ങിൽ യുണൈറ്റഡ് കിംഗ്ഡം (യുകെ) ക്നാനായ കത്തോലിക്കാ എപ്പാർക്കിയൽ കോ-ഓർഡിനേറ്റർ റവ.ഫാ. സു

**ബിബി തെക്കനാട്ട്**

നി പടിഞ്ഞാറേക്കര ക്ലാസുകളുടെ ഉദ്ഘാടനം നിർവഹിച്ചു. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ സാന്നിദ്ധ്യത്തിലായിരുന്നു ഉദ്ഘാടനം. അമേരിക്കയിൽ വളരുന്ന നമ്മുടെ കുട്ടികൾക്ക് മലയാളഭാഷ പഠിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഫാ. സുനി പടിഞ്ഞാറേക്കര മുഖ്യപ്രഭാഷണത്തിൽ ഊന്നിപ്പറഞ്ഞു. മുതിർന്നവരുമായി മികച്ച രീതിയിൽ ആശയവിനിമയം നടത്തുന്നതിനും നമ്മുടെ സമ്പന്നമായ സംസ്കാരം, ആരാധനാക്രമം, പൈതൃകം എന്നിവ ആഴത്തിൽ മനസ്സിലാക്കുന്നതിനും മാതൃഭാഷാപഠനം അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

ചടങ്ങിൽ ഇടവക വികാരി റവ. ഫാ. അബ്രാഹം മുത്തോലത്ത് അദ്ധ്യക്ഷത വഹിച്ചു. കുട്ടികളെ ഈ കോഴ്സിലേക്ക് അയയ്ക്കാൻ താല്പര്യം കാണിച്ച മാതാപിതാക്കളെ അദ്ദേഹം പ്രത്യേകം അഭിനന്ദിച്ചു. ഈ മലയാളം പഠനക്ലാസ് നമ്മുടെ കുടുംബങ്ങൾക്കും സമൂഹത്തിനും ഒന്നുപോലെ എത്രത്തോളം പ്രയോജനകരമായിരിക്കുമെന്ന് അദ്ദേഹം തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ വ്യക്തമാക്കി.

അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ, സിസ്റ്റർ റെജി എസ്.ജെ.സി എന്നിവർ ചടങ്ങിൽ ആശംസകൾ നേർന്നു. അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സജീവമായ പങ്കാളിത്തത്തെ അവർ അഭിനന്ദിച്ചു. ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും മാത്യു പനതാനപ്പറമ്പിൽ നന്ദി രേഖപ്പെടുത്തി.

ഇടവകയിലെ സീനിയർ മിനിസ്ട്രിയുടെ പ്രത്യേക നിർദ്ദേശപ്രകാരമാണ് ഈ മലയാളം ക്ലാസുകൾക്ക് തുടക്കം കുറിച്ചിരിക്കുന്നത് എന്ന പ്രത്യേകതയുമുണ്ട്.

നിലവിൽ 45 വിദ്യാർത്ഥികളും എട്ട് സന്നദ്ധ അദ്ധ്യാപകരുമാണ് ഈ പുതിയ അദ്ധ്യയനവർഷത്തെ ക്ലാസുകളിൽ പങ്കാളികളാകുന്നത്.











# WHY THE NEXT GENERATION MUST STEP INTO LEADERSHIP

**Finny Raju Houston**

Every time I attend a community event, I am reminded of the sacrifices made by the generation that came before us. The organizations, churches, cultural associations, and media platforms that we enjoy today did not appear overnight. They were built by people who worked long hours, raised their families, and still found time to serve the community.

Many of them came to America with very little. They were trying to build a better future for their children while also making sure that our culture, traditions, and faith would not be lost in a foreign land. They organized gatherings, started associations, supported charitable causes, and created opportunities for people to come together as one community.

I have had the opportunity to serve in different community organizations over the years. One lesson I have learned is that behind every successful event, there are a handful of people who quietly do the work. They make phone calls, arrange venues, raise funds, coordinate volunteers, and solve problems that most people never see.

I still remember occasions when a program was just days away and only a few people were carrying most of the responsibility. At the last minute, a few young volunteers stepped in to help. Some handled social media, some managed registrations, and others stayed until late at night helping with the final arrangements. Their willingness to serve made a tremendous difference. It reminded me that our community has no shortage of talent; what we need is more people willing to become involved.

I have also witnessed something else over the years. Many of the leaders who founded our organizations are still serving today. They continue to give their time and energy because they care deeply about the community. But no generation can carry the responsibility forever.

That brings us to an important question: Who will continue this work in the years ahead?

The future of any organization depends on its ability to prepare new leaders.

I often hear young people say that they are too busy. They are building careers, raising families, and trying to balance countless responsibilities. Those challenges are real. Life in America is demanding, and finding extra time is not always easy.



Finny Raju

But leadership is not about having plenty of free time. Leadership is about having a willingness to serve.

No one begins as a leader. Most people serving in leadership positions today started with very small responsibilities. Someone asked them to help at an event, join a committee, or take care of a simple task. Over time, those experiences prepared them for greater responsibilities.

The younger generation brings many strengths to the table. They are creative, energetic, and comfortable with new technology and modern communication methods. They understand the challenges faced by young families and can help organizations remain relevant in a changing world.

At the same time, the current generation of leaders has an important responsibility. Leadership should never be about holding on to positions or titles. It should be about mentoring others and creating opportunities for new people to grow. A successful leader is one who leaves behind an organization that is stronger than the one he inherited.

I have seen organizations struggle because the same small group of people carried the responsibility year after year. Eventually, fatigue sets in, and finding new volunteers becomes difficult. That is why leadership development cannot wait until tomorrow.

Community organizations survive because ordinary people decide to do something extraordinary—they choose to serve.

Service is the foundation of leadership.

Our young people do not need to wait until they are older or more experienced to become involved. Leadership often begins with simple acts—volunteering at an event, helping behind the scenes, participating in community activities, or offering one's talents for the benefit of others.

Every generation inherits something valuable from the people who came before them. We have inherited strong institutions, lasting friendships, and a community spirit that many people worked hard to build.

Now it is our responsibility to protect those blessings and prepare the next generation to carry them forward.

The future of our organizations, our community, and our heritage will depend on people who are willing to step forward, work together, and serve with humility.

The next generation does not need to have all the answers. They simply need to be willing to take the first step. Because if we do not prepare tomorrow's leaders today, there may not be anyone ready to lead tomorrow.

# ഒരു നല്ല രാഷ്ട്രീയനേതാവിന്റെ ഗുണങ്ങൾ എന്താണെന്നാണ് നിങ്ങൾ കരുതുന്നത്?

**ആന്റണി ഫ്രാൻസിസ്**

വിരലിലെണ്ണാവുന്ന ചിലർ തങ്ങളുടെ സ്വാഭാവികമായിട്ടുള്ള ഗുണങ്ങൾ കൊണ്ടും ജന്മനാ ഉള്ള കഴിവുകൾ കൊണ്ടും രാഷ്ട്രീയത്തിൽ എത്തപ്പെടാറുണ്ട്. നമ്മുടെ സ്വന്തം ശശി തരൂരിനെപ്പോലെ അവർക്ക് വ്യക്തമായ കാഴ്ചപ്പാടുകളും (വിഷൻ) മറ്റുള്ളവർക്ക് പ്രചോദനമാകാനുള്ള കഴിവും (ഇൻസ്പിരേഷൻ) പ്രസംഗിക്കാനും ആളുകളോട് ഇടപഴകാനുമുള്ള (ഇന്റർപേർസണൽ കമ്യൂണിക്കേഷൻ) കഴിവുകളും തുറന്ന മനസ്സും ക്ഷമയും ആധികാരികതയും നേതൃത്വപരമായ കഴിവുകളും ഒക്കെ ഉണ്ടാകും.

എന്നാൽ, ഇന്ന് സാധാരണയായി രാഷ്ട്രീയ നേതൃത്വത്തിലുള്ള പല ആളുകളും ആ പദവിയിലേക്ക് എത്തുന്നത് ഒരു നല്ല നേതാവിന് അവശ്യംവേണ്ട കഴിവുകളൊന്നും കൊണ്ടുമല്ല. സമരം ചെയ്തും കല്ലെറിഞ്ഞും തരാതരം വർഗീയത വിളമ്പിയും പാർട്ടിയിലെ ഉയർന്ന നേതാക്കൾക്ക് നാരിയൽ പാനി കൊടുത്തും ചെരിപ്പെടുത്തും സുഖിപ്പിച്ചുമൊക്കെയാണ് ഉന്നത സ്ഥാനങ്ങളിലേക്ക് എത്തുന്നത്. ഇങ്ങനെയുള്ള ഒരു സെറ്റപ്പിൽ ഉയർന്ന നേതാക്കൾക്ക് ചോട്ടാനേതാക്കളും ചെറിയവർക്ക് ബഡാനേതാക്കളും നിലനില്പിന് വളരെ പ്രധാനമാണ്. 'ഒരു പരസ്പര സഹായ സഹകരണസംഘം'.

ഇങ്ങനെയുള്ളവർക്ക് നേതാവാകാൻ എത്തിക്സോ എന്തെങ്കിലും ഗുണങ്ങളോ ഒന്നുംതന്നെ വേണ്ട. ഒരു ഇന്ത്യൻ പ്രണയകഥയിലെ അയ്മനം സിദ്ധാർത്ഥിനെപ്പോലെ 'അവർക്ക് ആകെ വേണ്ടത് വാളെടുക്കണം വലവിരിക്കണം.'

വേണ്ടിടത്തു വേണ്ടപോലെ വാൽ മടക്കണം



ലേഖകൻ

വേഷം കെട്ടണം നാണം മാറ്റണം

വേണ്ടിവന്നാൽ വായ പൊത്തി ഇലയെടുക്കണം

മാളോരെ കാണുമ്പോൾ നേരെ നിൽക്കണം

മേലോരെ കാലുതൊട്ട് തലയിൽ വെക്കണം.

ഈ പാട്ട് കേൾക്കുമ്പോഴൊക്കെ എനിക്ക് ഓർമ്മവരുന്നത് എന്റെ പരിചയത്തിലുള്ള ഒരു കുട്ടിരാഷ്ട്രീയ നേതാവിനെയാണ്. കക്ഷിയുടെ എക്സ്റ്റൻഡഡ് കുടുംബത്തിൽ കുറച്ചു വർഷങ്ങൾക്കുമുമ്പ് മരിച്ചുപോയ രണ്ട് നേതാക്കൾ ഉണ്ടായിരുന്നു. സാമുദായികമായും സാമൂഹികമായും രാഷ്ട്രീയമായും സ്വന്തം പരിശ്രമത്താൽ ഉയർന്നുവന്നവർ, ആ നാടിനു വേണ്ടപ്പെട്ടവർ.

എല്ലാവർഷവും രണ്ടുപ്രാവശ്യം സാമൂഹിക മാധ്യമങ്ങളിൽ ഈ കക്ഷിയുടെ പോസ്റ്റുകൾ പ്രത്യക്ഷപ്പെടും. അവരുടെ ഗുണഗണങ്ങൾ പ്രകീർത്തിച്ചുകൊണ്ട് കണ്ണീർവാർത്ത് ഹൃദയം പൊട്ടിയുള്ള എഴുത്തുകൾ അവരുടെ കുടുംബാംഗങ്ങളുടെയും നാട്ടുകാരുടെയും കമന്റും ലൈക്കുകളും വാങ്ങി നിറച്ചുകൊണ്ട് സ്വന്തം അച്ഛനെക്കുറിച്ചോ മുത്തച്ഛനെക്കുറിച്ചോ ഒരു വാക്കുപോലും എഴുതാത്ത, പ്രശസ്തിയും രാഷ്ട്രീയ ഭാവിയും നോക്കി ഗദ്ഗദകണ്ഠനാകുന്ന ഈ കുട്ടിനേതാവിന്റെ പോസ്റ്റ് പ്രത്യക്ഷപ്പെടുമ്പോൾ എന്തോ എനിക്ക് അയ്മനം സിദ്ധാർത്ഥനുമായി ഒരു സജീവ അന്തർധാര ഉള്ളതായി തോന്നാറുണ്ട്.

നേരാനേരത്തു വാക്കുമാറ്റണം

കാലുമാറണം ചോടു മാറ്റണം

നാലാളു കൂടുമ്പോൾ കേറി നിൽക്കണം

ഓടിയേത്തേണം വീറു കാട്ടേണം

ആളുന്ന തീയിലും പിരിയെണ്ണ പാരണം

ആപത്തിൽ അവനോന്റെ തടി നോക്കണം

രാഷ്ട്രീയ ധാർമ്മികത എന്നത് അശ്ലീലമായ ഈ കാലഘട്ടത്തിൽ വെറും 'ഉല്ലൂക്കപെട്ട'കളായി മാറിയ നമ്മുടെ നേതാവാകാൻ ഈ കഴിവുകളൊക്കെ തന്നെ ധാരാളം.



Citywide Mortgage of America Corp.

Servicing Illinois, Florida, California, and Indiana

We can provide you a PRE-APPROVAL IN MINUTES

Purchase
Jumbo Loan
Refinance
Cashout

WWW.CITYWIDEMA.COM

EQUAL HOUSING LENDER

Illinois Residential Mortgage Licensee

Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296

4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Mullappallil Law Group



Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241

General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

# ചിക്കാഗോ സീറോമലബാർ രൂപതാ രജതജൂബിലി കൺവൻഷൻ നഗരിയിൽ 'ജറൂസലേം' പുനഃസൃഷ്ടിക്കുന്നു

ഷോളി കുമ്പിളുവേലി

ചിക്കാഗോ: ഇന്ത്യക്ക് പുറത്ത് സ്ഥാപിതമായ ആദ്യ സീറോമലബാർ രൂപതയായ ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ എപ്പാർക്കിയുടെ രജതജൂബിലിയോടനുബന്ധിച്ച് നടക്കുന്ന കൺവൻഷനിൽ പൗരാണിക ജറൂസലേം പുനഃസൃഷ്ടിക്കുന്നു. കൺവൻഷൻ നടക്കുന്ന മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിലാണ് (McCormick Place) അറുപതിലധികം കലാകാരന്മാർ ചേർന്നൊരുക്കുന്ന ജറൂസലേം അരങ്ങേറുന്നത്. ഇതിൽ പകുതിയോളം കലാകാരന്മാർ അമേരിക്കക്കാരാണ് എന്ന പ്രത്യേകതയും ഉണ്ട്.



റോമിയോ കാട്ടൂക്കാരൻ

റോമിയോ കാട്ടൂക്കാരനാണ് ഈ കലാസൃഷ്ടിയുടെ സംവിധാനം നിർവഹിച്ചിരിക്കുന്നത്. കൺവൻഷനിൽ പങ്കെടുക്കാനായി അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ജൂലൈ 9-ാം തീയതി വ്യാഴാഴ്ച രാവിലെ മുതൽ മക്കോർമിക് സെന്ററിൽ വരുന്ന പ്രതിനിധികൾ ആസ്വദിക്കുന്നത് പൗരാണിക ജറുസലേമിൽ എത്തിച്ചേർന്ന അനുഭവമായിരിക്കും. അവിടെ നിങ്ങളോട് കുശലം ചോദിക്കുന്നത് ക്രിസ്തുശിഷ്യന്മാരോ ജറൂസലേം സ്ത്രീകളോ, ഒരുപക്ഷേ ഭാരതസഭയുടെ അപ്പസ്തോലനായ തോമ്മാശ്ലീഹാ തന്നെയോ ആയിരിക്കും. കഴുതപ്പുറത്ത് സഞ്ചരിക്കുന്ന ക്രിസ്തുവിനെയും ശിഷ്യന്മാരെയും അവിടെ കണ്ടാലും അത്ഭുതപ്പെടേണ്ടതില്ല. ഒപ്പം കൺവൻഷനിൽ പങ്കെടുക്കുന്നവർക്ക് ഇവരുമായി സംവദിക്കുന്നതിനുള്ള അവസരവും ഉണ്ട്.

ചിക്കാഗോയിലെ പ്രശസ്തമായ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിൽ ജൂലൈ 9, 10, 11, 12 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിലാണ് സീറോമലബാർ കൺവൻഷൻ നടക്കുന്നത്. ഇതോടൊപ്പം രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും ആഘോഷിക്കുന്നു. കൺവൻഷൻ ദിവസങ്ങളിൽ സീറോമലബാർ സഭ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ, കർദ്ദിനാൾ മാർ ജോർജ് കൂവക്കാട്ട്, ആർച്ച്ബിഷപ് കാർഡിനൽ ബ്ലേസ് കുപിച്, ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ച്ബിഷപ് മാർ തോമസ് തറയിൽ, ബിഷപ് മാർ ജോസ് കല്ലുവേലിൽ, ബിഷപ് ഏൾ ഫെർണാണ്ടസ്, റവ.ഫാ. സേവ്യർ ഖാൻ വട്ടായിൽ, റവ.ഡോ. ജോസഫ് തടത്തിൽ, റവ.ഫാ. ജോസഫ് പുത്തൻപുരയിൽ, ഫാ. ടിം അനസ്റ്റോസ്, റവ.ഫാ. ജോൺ കർടജേ, ഡോ. എഡ്വേഡ്, സിസ്റ്റർ ജോസ്‌ലിൻ ഇടത്തിൽ തുടങ്ങി നിരവധി പ്രമുഖർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി സംസാരിക്കും.

കൺവൻഷന്റെ സായാഹ്നങ്ങളെ ആകർഷകമാക്കാൻ നിരവധി കലാപരിപാടികൾ അണിയറയിൽ ഒരുങ്ങുന്നു. ഇതിൽ കൺവൻഷൻ തുടങ്ങുന്ന ജൂലൈ 9-ന് വ്യാഴാഴ്ച രാത്രി ഗസ്റ്റ് ആർട്ടിസ്റ്റുകളായ പ്രസിദ്ധ സിനിമാതാരം പദ്മശ്രീ ജയറാമും സംഗീതജ്ഞൻ സ്റ്റീഫൻ ദേവസ്സിയും സീറോമലബാർ കലാകാരന്മാരും ചേർന്നൊരുക്കുന്ന 'താളവിസ്മയം' എടുത്തു പറയേണ്ടതാണ്. കൂടാതെ വിവിധ ദിവസങ്ങളിൽ അരങ്ങേറുന്ന മെഗാ മാർഗ്ഗംകളി, ഡാൻസ് മത്സരം എന്നിവയിൽ താല്പ



ര്യമുള്ളവർക്ക് പങ്കെടുക്കാൻ അവസരം ഉണ്ട്. വെള്ളിയാഴ്ച നടക്കുന്ന പാരിഷ് ഫെസ്റ്റ് പരിപാടിയിൽ ഇടവക തലത്തിലുള്ള പരിപാടികൾ ഒരുങ്ങുന്നു. കുട്ടികൾക്കും യുവജനങ്ങൾക്കും വിവിധങ്ങളായ സ്പോർട്സ്, ഡാൻസ് പരിപാടികളിലും പങ്കെടുക്കാം. കൂടാതെ ലീഡർഷിപ്പ് പ്രോഗ്രാമുകൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടെ വിവിധ പരിപാടികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ജൂബിലി കമ്മിറ്റി കൺവീനർ റവ.ഫാ. ജോൺ മേലേപ്പുറം, ചെയർമാൻ ജോസഫ് ചാമക്കാല, കൺവൻഷൻ കമ്മിറ്റി കൺവീനർ റവ.ഫാ. തോമസ് കടുകപ്പിള്ളിൽ, ചെയർമാൻ ബിജി സി. മാണി, ജോയിന്റ് കൺവീനർ റവ.ഫാ. ജോയൽ പയസ്, കൺവൻഷൻ യുത്ത് കൺവീനർ റവ.ഫാ. മെൽവിൻ പോൾ, സെക്രട്ടറി ബീന വള്ളിക്കളം, ഫിനാൻസ് കമ്മിറ്റി ചെയർമാൻ ആൻഡ്രൂ തോമസ്, ഫസിലിറ്റി ചെയർമാൻ ജോണി വടക്കുംചേരി, പ്രോഗ്രാം ചെയർമാൻ ജോഷി കുഞ്ചെറിയ, മാർക്കറ്റിങ് ചെയർമാൻ സജി വർഗീസ്, ജോ. സെക്രട്ടറി ആനി മാനാട്ട് എന്നിവരോടൊപ്പം ഫോക്കസ് ട്രാക്ക് (യൂത്ത്) ലീഡ്സ് മാത്യു, തോമസ്, കെന്നിറ്റാ ജോസ് കുമ്പിളുവേലി, ലിയ ജോസഫ് എന്നിവരടങ്ങുന്ന വിപുലമായ കമ്മിറ്റികൾ സിൽവർ ജൂബിലി കൺവൻഷന്റെ വിജയത്തിനായി അക്ഷീണം പ്രവർത്തിച്ചുവരുന്നു.

## കുട്ടികൾക്കായി 'സമ്മർ ഇൻ ബത്‌ലേഹം' കൂട്ടായ്മ ഒരുക്കി ഡാളസ് ഇടവക

ജോക്കുട്ടി മേലേടത്ത്

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവകയിൽ കുട്ടികൾക്കായി പുതുമയോടെയും വ്യത്യസ്തമായും അവധിക്കാല ഒത്തുചേരൽ 'സമ്മർ ഇൻ ബേത്‌ലേഹം' പ്രോഗ്രാം കെസിവൈഎൽ യുവജനങ്ങളുടെയും വിശ്വാസ പരിശീലന വിഭാഗത്തിന്റെയും നേതൃത്വത്തിൽ ജൂലൈ 17, 18, 19 ദിവസങ്ങളിൽ നടത്തപ്പെടുന്നു. റെക്കോർഡ് രജിസ്ട്രേഷനിലൂടെ വിവിധ കമ്മിറ്റികളുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. കെസിവൈഎൽ പ്രസി




ഡണ്ട് ഫെബിൻ പല്ലാട്ടുമഠം, വിശ്വാസപരിശീലന വിഭാഗം ആഷ്‌ലി വില്ലൂത്തറ എന്നിവരുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ ആരംഭിച്ചു. കുട്ടികളുടെ രജിസ്ട്രേഷൻ ഇതിനോടകം പൂർത്തിയായി. സഭാപരവും സാമുദായികപരവും വിവിധ വിഷയങ്ങൾ ഒരുക്കി ഉല്ലാസപ്രദവും വിജ്ഞാനപ്രദവുമായ കാര്യങ്ങൾ കോർത്തിണക്കി കുട്ടികൾക്ക് വിവിധ പ്രായവിഭാഗമനുസരിച്ച് ക്രമീകരണങ്ങൾ ഒരുക്കും. മൂന്നു ദിവസങ്ങളിലായി നടക്കുന്ന കൂട്ടായ്മ ഏറെ വ്യത്യസ്ത അനുഭവമാക്കാനുള്ള ഒരുക്കത്തിലാണ് ഇതിന്റെ സംഘാടകർ.

## ഐസിഇസിഎച്ച് ക്രിക്കറ്റ് ടൂർണമെന്റ്

(12-ാം പേജിൽനിന്നും)

ആൻസ് ഗ്രോസിയേഴ്സ് തുടങ്ങിയവർ സ്പോൺസർമാരായി ടൂർണമെന്റിനെ സഹായിച്ചു. മിൽറ്റ മാത്യു (ആഷാ റേഡിയോ) ടൂർണമെന്റിന് തത്സമയ മീഡിയ കവറേജ് നല്കി.

സെക്രട്ടറി ഷാജൻ ജോർജ് സ്വാഗതമാശംസിച്ചു. സ്പോർട്സ് കൺവീനർ ജിനോ ജേക്കബ് നന്ദിയറിയിച്ചു. മുൻ വൈസ് പ്രസിഡണ്ട് റവ.ഫാ. രാജേഷ് കെ. ജോൺ, റവ. ഡീക്കൻ ടോബി ജോൺ, നൈനാൻ വീട്ടിനാൽ, ജോർജ് ജോസഫ്, ജോജി ജോസഫ്, എബി മാത്യു, മിൽറ്റ മാത്യു, ജോൺസൻ ഉമ്മൻ, ജീമോൻ റാന്നി, ബിജു ചാലക്കൽ, അനിൽ വർഗീസ് തുടങ്ങിയവർ സമ്മാനദാനം നിർവഹിച്ചു.

കഴിഞ്ഞ വർഷങ്ങളിലെന്നപോലെ ഈ വർഷവും മികച്ച രീതിയിൽ ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിച്ച ക്രിക്കറ്റ് കോ-ഓർഡിനേറ്റർമാരായ ബിജു ചാലക്കൽ, അനിൽ വർഗീസ് എന്നിവരെ ഐസിഇസിഎച്ച് കമ്മിറ്റി അഭിനന്ദിച്ചു.

റവ.ഫാ. ഡോ. ഐസക് ബി. പ്രകാശ് (പ്രസിഡണ്ട്), റവ.ഫാ. ബിന്നി ഫിലിപ്പ് (വൈസ് പ്രസിഡണ്ട്), ഷാജൻ ജോർജ് (സെക്രട്ടറി), രാജൻ അങ്ങാടിയിൽ (ട്രഷറർ) തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള ഐസിഇസിഎച്ച് കമ്മിറ്റി എല്ലാ പരിപാടികൾക്കും നേതൃത്വം നല്കിവരുന്നു.

ഹൂസ്റ്റണിലെ 20 ഇടവകകളുടെ സംയുക്ത കൂട്ടായ്മയാണ് ഐസിഇസിഎച്ച്.

**ഐസിഇസിഎച്ച് ക്രിക്കറ്റ് ടൂർണമെന്റിലെ വ്യക്തിഗത പുരസ്കാര ജേതാക്കൾ**

മികച്ച താരം-ജിതിൻ ജേക്കബ്-സെന്റ് മേരീസ് സീറോമലബാർ കാത്തലിക് ചർച്ച്, മികച്ച ബാറ്റ്സ്മാൻ-സെന്റ് മേരീസ് സീറോമലബാർ കാത്തലിക് ചർച്ച്, വിനു വർഗീസ്-സെന്റ് മേരീസ് സീറോമലബാർ കാത്തലിക് ചർച്ച്, മികച്ച ബൗളർ-ജിതിൻ ജേക്കബ്-സെന്റ് മേരീസ് സീറോമലബാർ കാത്തലിക് ചർച്ച്, മികച്ച വിക്കറ്റ് കീപ്പർ-ഡിനോയ് പൗലോസ്- സെന്റ് ജോസഫ് സീറോമലബാർ ഫൊറോന ചർച്ച്, ടൂർണമെന്റിലെ മികച്ച ക്യാച്ച് തോമസ് പൗലോസ്-സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് ചർച്ച്, റൈസിങ് യംഗ് പ്ലെയർ-റയാൻ ഏബ്രഹാം- സെ. തോമസ് ഓർത്തഡോക്സ്.

**നോക്കൗട്ട് ഘട്ടത്തിലെ എംവിപി ജേതാക്കൾ**

**ക്വാർട്ടർ ഫൈനൽ:** ഡിനോയ് പൗലോസ്-സെന്റ് ജോസഫ് സീറോമലബാർ ഫൊറോന, വിനു പോൾ-സെ. മേരീസ് മലങ്കര ഓർത്തഡോക്സ്, വിനു വർഗീസ് സെന്റ് മേരീസ് സീറോമലബാർ കാത്തലിക്, ഷെറിൻ ജോർജ്-സെന്റ് തോമസ് ഓർത്തഡോക്സ്

**സെമിഫൈനൽ:** ബ്ലെസൺ വർഗീസ്-സെന്റ് മേരീസ് മലങ്കര ഓർത്തഡോക്സ്, ജിതിൻ ജേക്കബ്-സെന്റ് മേരീസ് സീറോമലബാർ കാത്തലിക്

**ഫൈനൽ:** ജിതിൻ ജേക്കബ്-സെന്റ് മേരീസ് സീറോമലബാർ കാത്തലിക്.

# യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയ്ക്ക് പുതിയ മെത്രാപ്പോലീത്ത

# മോർ ഗ്രിഗോറിയോസ് ഗബ്രിയേൽ അഭിഷിക്തനായി

പുത്തൻകുരിശ്: മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ അങ്കമാലി ഭദ്രാസനത്തിലെ മൂവാറ്റുപുഴ മേഖലയുടെ സഹായ മെത്രാപ്പോലീത്തയായി വന്ദ്യ ഗബ്രിയേൽ കളപ്പുരയിൽ റമ്പാൻ മെത്രാഭിഷേകം



സ്വീകരിച്ചു. മെത്രാഭിഷേകത്തോടെ അദ്ദേഹം മോർ ഗ്രിഗോറിയോസ് ഗബ്രിയേൽ എന്ന നാമധേയത്തിൽ സഭയുടെ മെത്രാപ്പോലീത്താമാരുടെ നിരയിലേക്ക് ഉയർത്തപ്പെട്ടു.

പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിലെ സെന്റ് അത്തനേഷ്യസ് കത്തീഡ്രലിൽ നടന്ന വിശുദ്ധ മെത്രാഭിഷേക ശുശ്രൂഷയിൽ ശ്രേഷ്ഠ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തയുമായ ആബൂൻ മോർ ബസേലിയോസ് ജോസഫ് ബാവ മുഖ്യകാർമ്മികത്വം വഹിച്ചു. സഭയിലെ മെത്രാപ്പോലീത്താമാർ സഹകാർമ്മികരായ ഈ ശുശ്രൂഷയിൽ വൈദികരും സന്യാസിമാരും വിശ്വാസികളും വലിയ സംഖ്യയിൽ പങ്കെടുത്തു. മെത്രാഭിഷേക വേളയിൽ മുഴങ്ങിയ ഓക്സിയോസ്... ഓക്സിയോസ്... ഓക്സിയോസ് എന്ന സഭയുടെ പരമ്പരാഗത അംഗീകാര

ജിനു കുര്യൻ പാമ്പാടി

ഘോഷം ദേവാലയത്തെ ഭക്തിനിർഭരമാക്കി.

1980 നവംബർ 23-ന് ഈസ്റ്റ് വാഴപ്പിള്ളിയിലെ പുരാതന കളപ്പുരയിൽ കുടുംബത്തിൽ ജനിച്ച മോർ ഗ്രിഗോറിയോസ് ഗബ്രിയേൽ മെത്രാപ്പോലീത്ത ബാല്യകാലം മുതൽ സഭാശുശ്രൂഷയിലും ആത്മീയജീവിതത്തിലും ശ്രദ്ധേയനായിരുന്നു.

മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്ന് ബി.കോം ബിരുദം നേടിയ അദ്ദേഹം തുടർന്ന് ഡെറാഡൂൺ പ്രെസ്ബിറ്റേറിയൻ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് ബാച്ച്ലർ ഓഫ് തിയോളജി, സ്വിറ്റ്സർലൻഡിലെ സെന്റ് അവ്ജിൻ മൊണാസ്റ്ററിയിൽ നിന്ന് സുറിയാനി ഭാഷയിലും ആരാധനാക്രമത്തിലും ഡിപ്ലോമ, ഓസ്ട്രേലിയയിലെ സാൽസ്ബർഗ് സർവകലാശാലയിൽ നിന്ന് സുറിയാനി തിയോളജിയിൽ മാസ്റ്റേഴ്സ് എന്നിവ കരസ്ഥമാക്കി. നിലവിൽ കോട്ടയം വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ തിയോളജിയിൽ പിഎച്ച്.ഡി ഗവേഷണം തുടരുകയാണ്.

വികാരി, അദ്ധ്യാപകൻ, ആത്മീയ ഗുരു, ഗവേഷകൻ, പ്രഭാഷകൻ എന്നീ നിലകളിൽ അദ്ദേഹം സഭയ്ക്ക് നല്കിയ സേവനങ്ങൾ ശ്രദ്ധേയമാണ്. സ്വിറ്റ്സർലൻഡിലെ ആർത്ത് സെന്റ് അവ്ജിൻ മൊണാസ്റ്ററിയുടെയും ഓസ്ട്രേലിയയിലെ സൂർയോയോ തിയോളജിക്കൽ സെമിനാരിയുടെയും സ്പിരിച്വൽ ഡയറക്ടറായും അഡ്മിനിസ്ട്രേറ്ററായും സേവനമനുഷ്ഠിച്ച അദ്ദേഹം സുറിയാനി പാരമ്പര്യ പഠനത്തിനും എക്യുമെനിക്കൽ സംവാദങ്ങൾക്കും നല്കിയ സംഭാവനകൾ അന്തർദ്ദേശീയ ശ്രദ്ധ നേടിയിട്ടുണ്ട്.

2025 മുതൽ ഈസ്റ്റ് വാഴപ്പിള്ളിയിൽ മോർ ഫീലക്സിനോസ് ഓഫ് മാബൂഗ് സിറിയക് ഓർത്തഡോക്സ് മൊണാസ്റ്ററി ആൻഡ് സെന്റർ ഫോർ പാട്രിസ്റ്റിക് സ്റ്റഡീസ് സ്ഥാപിച്ച് സുറിയാനി സഭയുടെ ആത്മീയ അക്കാദമിക് വളർച്ചയ്ക്കായി പ്രവർത്തിച്ചുവരികയായിരുന്നു.

പുതിയ മെത്രാപ്പോലീത്തയായി മോർ ഗ്രിഗോറിയോസ് ഗബ്രിയേലിന്റെ അഭിഷേകം മൂവാറ്റുപുഴ മേഖലയ്ക്ക് പുതിയ ആത്മീയ നേതൃത്വത്തിന്റെ തുടക്കമാണെന്ന് സഭാനേതൃത്വവും വി



ശ്വാസികളും അഭിപ്രായപ്പെട്ടു.

സുറിയാനി പാരമ്പര്യത്തോടുള്ള ആഴമുള്ള പ്രതിബദ്ധതയും ദൈവശാസ്ത്ര പാണ്ഡിത്യവും ആത്മീയ ദർശനവും സഭയുടെ ഭാവിശുശ്രൂഷകൾക്ക് കൂടുതൽ ശക്തി പകരുമെന്ന് വിശ്വാസികൾ പ്രത്യാശ പ്രകടിപ്പിച്ചു.

പുതിയ ശുശ്രൂഷയിലേക്ക് പ്രവേശിച്ച മോർ ഗ്രിഗോറിയോസ് ഗബ്രിയേൽ മെത്രാപ്പോലീത്തയ്ക്ക് സഭാംഗങ്ങളും വിശ്വാസിസമൂഹവും ഹൃദയം നിറഞ്ഞ പ്രാർത്ഥനകളും ആശംസകളും നേർന്നു.

'ദൈവം ഏല്പിച്ച ഇടയശുശ്രൂഷയിൽ ദീർഘായുസ്സും ആത്മീയ സമൃദ്ധിയും നല്കി അനുഗ്രഹിക്കട്ടെ' എന്ന പ്രാർത്ഥനയോടെയാണ് വിശ്വാസികൾ പുതിയ മെത്രാപ്പോലീത്തയെ സ്വീകരിച്ചത്.

# ഡോ. തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തയ്ക്ക് നോർത്തമേരിക്കൻ ഭദ്രാസനത്തിൽ വരവേല്പ്

ചിക്കാഗോ: നോർത്ത് അമേരിക്കൻ ഭദ്രാസനത്തിന്റെ ചരിത്ര താളുകളിൽ പുതിയൊരു അദ്ധ്യായം കുറിച്ചുകൊണ്ട് ജോൺ എഫ്. കെന്നഡി അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിച്ചേർന്ന ഭദ്രാസന ഫാമിലി & യൂത്ത് കോൺഫറൻസ് മുഖ്യപ്രഭാഷകൻ ഡോ. തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തയ്ക്ക് അതീവ ആദരവോടും ആത്മീയഹർഷത്തോടും ഹൃദ്യമായ സ്വാഗതം.

ഭദ്രാസന മെത്രാപ്പോലീത്ത സഖറിയ മാർ നിക്കളാവോസ്, ഭദ്രാസന ചാൻസലർ ഫാ. തോമസ് പോൾ, കോൺഫറൻസ് കോ-ഓർഡിനേറ്റർ ഫാ. അലക്സ് ജോയ്, സെക്രട്ടറി ജയ്സൺ തോമസ്, ട്രഷറർ ജോൺ താമരവേലിൽ എന്നിവരുടെ നേതൃത്വത്തിൽ മാർ അത്തനാസിയോസ് മെത്രാപ്പോലീത്തയെ വിമാനത്താവളത്തിൽ സ്വീകരിച്ചു. കോൺഫറൻസ് വരെ മട്ടൺടൗണിലുള്ള

ജോർജ് തുമ്പയിൽ

ഭദ്രാസന ചാൻസറിയിൽ താമസിക്കുന്ന മാർ അത്തനാസിയോസ്, കോൺഫറൻസിൽ പങ്കെടുത്ത ശേഷം കേരളത്തിലേക്ക് മടങ്ങിപ്പോകും.





KERALA EXPRESS പ്രവാസി താളുകൾ

# ടൊറോന്റോ സോഷ്യൽ ക്ലബ് സംഘടിപ്പിച്ച ഇന്റർനാഷണൽ ടഗ് ഓഫ് വാർ മത്സരങ്ങളിൽ ഗ്ലാഡിയേറ്റേഴ്സ് കാനഡ ചാമ്പ്യന്മാരായി

ടൊറോന്റോ: ടൊറോന്റോ സോഷ്യൽ ക്ലബ് ജൂൺ 27-ന് മിസ്സിസ്സാഗായിൽ സംഘടിപ്പിച്ച ഇന്റർനാഷണൽ ടഗ് ഓഫ് വാർ ചാമ്പ്യൻഷിപ്പ് കായിക ആവേശത്തിന്റെയും സാമൂഹിക ഐക്യത്തിന്റെയും ഉത്സവമായി വൻ വിജയത്തോടെ സമാപിച്ചു.

ആവേശം നിറഞ്ഞ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെച്ച് ടീം ഗ്ലാഡിയേറ്റേഴ്സ് കാനഡ ചാമ്പ്യന്മാരായി ജെയിംസ് ഓട്ടോ ഗ്രൂപ്പ് എവർ റോളിംഗ് ട്രോഫി സ്വന്തമാക്കി.

**സന്തോഷ് മേക്കര**

പരിപാടിയിൽ മിസ്സിസാഗ മേയർ കരോളിൻ പാരിഷ്, ഒന്റാറിയോ പ്രൊവിൻഷ്യൻ പാർലമെന്റ് അംഗം സിൽവിയ ഗ്വാൽട്ടിയേരി, ബോബൻ ജെയിംസ് (ജെയിംസ് ഓട്ടോ ഗ്രൂപ്പ്), രാഷ്ട്രീയ, സാമൂഹിക നേതാക്കളായ ടോമി കൊക്കാട്ട്, ബെലെന്റ് മാത്യു, ജോമോൻ കുടിയിരുപ്പിൽ എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്ത് സംഘാടകരെയും മത്സരാർത്ഥികളെയും അഭിനന്ദിച്ചു.

ടൂർണമെന്റിന്റെ വിജയത്തിൽ സന്തോഷം പ്രകടിപ്പിച്ച ടൊറോന്റോ സോഷ്യൽ ക്ലബ് പ്രസിഡണ്ട് ദീപു മലയിൽ ഈ മഹത്തായ പരിപാടിയുടെ വിജയത്തിന് നിർണായക പിന്തുണ നല്കിയ സുപ്രീം സ്പോൺസറായ ജെയിംസ് ഓട്ടോ ഗ്രൂപ്പിന്റെ ഉടമ ബോബൻ ജെയിംസിന് പ്രത്യേക നന്ദി രേഖപ്പെടുത്തി.

ഈ ടൂർണമെന്റിന്റെ വൻ വിജയത്തിനു പിന്നിൽ ബോബൻ ജെയിംസിന്റെ ഉദാരമായ പിന്തുണയും പ്രോത്സാഹനവും നിർണായകമായിരുന്നു. അതോടൊപ്പം എല്ലാ സ്പോൺസർമാർക്കും ഇവന്റ് പാർട്ണർമാർക്കും പങ്കെടുത്ത ടീമുകൾക്കും ഈ പരിപാടിയെ അവിസ്മരണീയമാക്കാൻ സഹകരിച്ച എല്ലാവർക്കും ഹൃദയംഗമമായ നന്ദിയും അദ്ദേഹം അറിയിച്ചു.

പ്രസിഡണ്ട് ദീപു മലയിലിന്റെ നേതൃത്വത്തിൽ ടഗ് ഓഫ് വാർ കമ്മിറ്റി ചെയർമാൻ മോൻസി തോമസ്, വൈസ് പ്രസിഡണ്ട് സോജിൻ ജോസഫ്, സെക്രട്ടറി ജിക്കു ജോസഫ്, ജോയിന്റ് സെക്രട്ടറി പ്രിൻസ് പടിയാനിക്കൽ, ട്രഷറർ ബാബ്ലു തോമസ്, പ്രോഗ്രാം കോ-ഓർഡിനേറ്റർ ജിബിൻ ബേബി, സന്ദീപ് എന്നിവരുടെ ഏകോപനത്തിൽ വിവിധ കമ്മിറ്റികൾ അക്ഷീണം പ്രവർത്തിച്ചതാണ് പരിപാടിയുടെ വിജയത്തിനു പ്രധാന കാരണമായത്.

സന്തോഷ് മേക്കരയുടെ നേതൃത്വത്തിൽ മത്സരങ്ങൾ നിയന്ത്രിക്കുകയും ക്ലബ് അംഗങ്ങളുടെ കൂട്ടായ പരിശ്രമവും ടൂർണമെന്റ് മികച്ച രീതിയിൽ സംഘടിപ്പിക്കുവാൻ സഹായിച്ചു.

ടൂർണമെന്റിൽ രണ്ടാം സ്ഥാനം കോട്ടയം ബ്രദേഴ്സും മൂന്നാം സ്ഥാനം ന്യൂയോർക്ക് കിംഗ്സും കരസ്ഥമാക്കി. കായിക മികവും കൂട്ടായ്മയും സാമൂഹിക സൗഹൃദവും ഒരുപോലെ ഉയർത്തിപ്പിടിച്ച ഈ ടൂർണമെന്റ് ടൊറോന്റോയിലെ മലയാളി സമൂഹത്തിന്റെ അഭിമാന നേട്ടമായി മാറുകയും ഭാവിയിലും കൂടുതൽ വിപുലമായ രീതിയിൽ ഈ ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുമെന്ന് സംഘാടകർ അറിയിച്ചു.









# സേനകൾക്കായി 52,000 കോടി രൂപയുടെ ആയുധങ്ങൾ

ന്യൂഡൽഹി: 52,000 കോടി രൂപയുടെ ആയുധങ്ങളും മറ്റു സാമഗ്രികളും സേനകൾക്കായി വാങ്ങാനുള്ള പദ്ധതിക്കു പ്രതിരോധ മന്ത്രാലയം അംഗീകാരം നൽകി. 'ആകാശ് തരംഗ്' ഇലക്ട്രോണിക് വാർഫെയർ സിസ്റ്റം, ടാങ്ക്‌വേധ പോർട്ടബിൾ മിസൈൽ സംവിധാനം എന്നിവയുൾപ്പെടെ അംഗീകാരം കിട്ടിയവയിലുണ്ട്.

ആകാശ് തരംഗും ടാങ്ക്‌വേധ മിസൈലും കരസേനയ്ക്കാണ്. സേനാസംവിധാനങ്ങൾക്കു ശത്രു ഡ്രോണുകളിൽനിന്ന് ആകാശ് തരംഗ് സംരക്ഷണം നൽകും. മധ്യദൂര സർഫസ് ടു എയർ മിസൈൽ, ഹ്രസ്വദൂര വ്യോമ പ്രതിരോധ സംവിധാനം, ടാങ്ക് സംരക്ഷണ സാങ്കേതിക വിദ്യ, കാമികാസി ഡ്രോണുകൾ എന്നിവയ്ക്കും അനുമതി നൽകിയിട്ടുണ്ട്.

മൾട്ടി ഇൻഫ്ളുവൻസ് ഗ്രൗണ്ട് മൈനുകൾ, കപ്പലുകളിൽനിന്ന് പറത്താവുന്ന ഡ്രോൺ (എൻഎസ്‌യുഎഎസ്), ഇലക്ട്രോണിക് പ്രൊപ്പൽഷൽ സാങ്കേതിക വിദ്യയുടെ പരീക്ഷണത്തിനുള്ള കേന്ദ്രം എന്നിവയ്ക്കാണ് അനുമതി.

നിരീക്ഷണ, ടെലികമ്യൂണിക്കേഷൻ സംവിധാനങ്ങൾ ബലപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള ഫിക്സഡ് വിങ് ഹൈ ഓൾട്ടിറ്റ്യൂഡ് സ്യൂഡോ സാറ്റലൈറ്റിന് (എഫ്ഡബ്ല്യു-എച്ച്എപിഎസ്) അംഗീകാരം നൽകി.

# എസ്ബി ആൻഡ് അസംപ്ഷൻ അലൂംമ്നി നോർത്ത് അമേരിക്കൻ ദേശീയ കൺവൻഷൻ ഒരുക്കങ്ങൾ പൂർത്തിയായി

**തോമസ് ഡിക്രൂസ്**

ചിക്കാഗോ: ചങ്ങനാശേരി സെന്റ് ബർക്കുമാൻസ്, അസംപ്ഷൻ കോളജ് പൂർവ്വവിദ്യാർത്ഥി അസോസിയേഷനുകൾ സംഘടിപ്പിക്കുന്ന അമേരിക്കയിലെ പ്രഥമ ദേശീയ കൺവൻഷൻ ജൂലൈ 9-ാം തീയതി വ്യാഴാഴ്ച ചിക്കാഗോയിൽ നടക്കും. നോർത്ത് അമേരിക്കയിൽ ആദ്യമായി സംഘടിപ്പിക്കുന്ന പൂർവ്വ വിദ്യാർത്ഥി സംഗമത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി കൺവൻഷൻ ചെയർമാൻ മാത്യു ദാനിയേലും ഭാരവാഹികളും അറിയിച്ചു. അമേരിക്കയിലും കാനഡയിലുമുള്ള മുന്നൂറോളം പ്രതിനിധികൾ പങ്കെടുക്കുന്ന അർദ്ധദിന കൺവൻഷൻ ബെൻസെൻവിൽ സേക്രഡ് ഹാർട്ട് ഓഡിറ്റോറിയത്തിൽ രാവിലെ എട്ട് മണിക്ക് ആരംഭിച്ച് ഉച്ചയ്ക്ക് ഒന്നിന് സമാപിക്കും.







എസ്ബി കോളജിന്റെ പൂർവ്വ വിദ്യാർത്ഥികളായ കർദ്ദിനാൾ ജോർജ് ജേക്കബ് കൂവക്കാട്, ചങ്ങനാശേരി ആർച്ച്ബിഷപ് മാർ തോമസ് തറയിൽ, കേരള ഗവ. പ്രിൻസിപ്പൽ സെക്രട്ടറി രാജു നാരായണസ്വാമി ഐഎഎസ് എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തുകൊണ്ട് ചടങ്ങുകൾ അവിസ്മരണീയമാക്കും. എസ്ബി കോളജ് പ്രിൻസിപ്പൽ റവ.ഡോ. റ്റെഡി തോമസ് കാഞ്ഞൂപ്പറമ്പിൽ, അസംപ്ഷൻ കോളജ് പ്രിൻസിപ്പൽ ഡോ. റാണി മരിയ തോമസ് എന്നിവരും പ്രത്യേക അതിഥികളായി കൺവൻഷനിൽ പങ്കെടുക്കും. മുൻ പ്രിൻസിപ്പൽ റവ.ഡോ. ജോർജ് മഠത്തിപ്പറമ്പിൽ ആശംസകൾ നടത്തും. മെഡിക്കൽ, എഞ്ചിനീയറിംഗ്, നേഴ്സിങ്, ശാസ്ത്ര-സാങ്കേതികം, ബിസിനസ്, സ്റ്റേറ്റ്/കമ്യൂണിറ്റി സർവീസ് എന്നീ വിവിധ മേഖലകളിൽ അമേരിക്കയിൽ ഉന്നത സേവനം ചെയ്തു വ്യക്തിമുദ്ര പതിപ്പിച്ച തെരഞ്ഞെടുക്കപ്പെട്ട പൂർവ്വ വിദ്യാർത്ഥികളെ കൺവൻഷനിൽ ആദരിക്കും.

സ്റ്റീയറിങ് കമ്മിറ്റി അംഗങ്ങളായ ഡോ. മനോജ് നേര്യംപറമ്പിൽ, ദയാലു ജോസഫ് (കാലിഫോർണിയ), പിന്റോ കണ്ണമ്പള്ളി (മെറിലാൻഡ്), ടോം പെരുമ്പായിൽ (ന്യൂജേഴ്സി), ജോർജ് ജോസഫ് വിലങ്ങോലിൽ, ഡോ. ബിന്ദു ജോർജ് തോബിയാസ് (ടെക്സസ്), പ്രഫ. ആർ. ജയകൃഷ്ണൻ (കാലിഫോർണിയ), ലീല മാരേട്ട് (ന്യൂയോർക്ക്) എന്നിവരാണ് കൺവൻഷന് നേതൃത്വം നല്കുന്നത്. കൺവൻഷൻ വിജയകരമാക്കാൻ ആതിഥേയരായ ചിക്കാഗോ എസ്ബി അസംപ്ഷൻ കോളജ് അലൂംമ്നി അസോസിയേഷൻ ഭാരവാഹികൾ വിവിധ കമ്മിറ്റികൾ രൂപീകരിച്ച് ഒരുക്കങ്ങൾ പൂർത്തിയാക്കി.

പ്രഫ. ജെയിംസ് ഓലിക്കര, തോമസ് ഡിക്രൂസ്, അമ്പിളി ജോർജ് (പ്രോഗ്രാം, അവാർഡ്സ്, മീഡിയ), ബോബൻ കളത്തിൽ, ബിജി കൊല്ലാപുരം, ജോസഫ് കാളാശ്ശേരി, ഷാജി കൈലാത്ത് (റിസപ്ഷൻ), കാർമൽ തോമസ്, ഷിജി ചിറയിൽ (കൾച്ചറൽ പ്രോഗ്രാം), ഷിബു അഗസ്റ്റിൻ, മനീഷ് തോപ്പിൽ, സെബാസ്റ്റ്യൻ വാഴേപ്പറമ്പിൽ (ഫിനാൻസ്) എന്നിവരാണ് കമ്മിറ്റികൾക്ക് നേതൃത്വം നല്കുന്നത്. ഡോ. വിൻസെന്റ് കുട്ടംപേരൂർ (വിസ്കോൺസിൻ) ആണ് കൺവൻഷന്റെ ഗ്രാൻഡ് സ്പോൺസർ. ടാജ് മാത്യു (ന്യൂയോർക്ക്), എഡിറ്ററായി തയ്യാറാക്കിയ കൺവൻഷൻ സുവനീർ അത്യുന്നത കർദ്ദിനാൾ പ്രകാശനം ചെയ്യും.





അഭിവന്ദ്യ പിതാക്കന്മാരും എസ്ബി-അസംപ്ഷൻ കോളജ് പ്രതിനിധികളും വെള്ളിയാഴ്ച മിൽവാക്കി മാർക്വേറ്റ് യൂണിവേഴ്സിറ്റി സന്ദർശിച്ച് വിദ്യാഭ്യാസ മേഖലയിൽ നടത്താൻ കഴിയുന്ന സംയുക്ത സംരംഭങ്ങളെക്കുറിച്ച് യൂണിവേഴ്സിറ്റിയിലെ ഉന്നത വിദ്യാഭ്യാസ വിദഗ്ദ്ധരുമായി ചർച്ച ചെയ്യും.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 95.37 |
| യൂറോ | 108.90 |
| സ്റ്റെർലിംഗ്പൗണ്ട് | 127.27 |
| സ്വിസ് ഫ്രാങ്ക് | 118.31 |
| സിംഗപ്പൂർ ഡോളർ | 73.75 |
| കനേഡിയൻ ഡോളർ | 67.07 |
| ഒമാൻ റിയാൽ | 248.05 |
| ബഹ്റൈൻ ദിനാർ | 253.17 |
| സൗദി റിയാൽ | 25.38 |
| യു.എ.ഇ. ദിർഹം | 25.97 |
| കുവൈത്ത് ദിനാർ | 307.24 |

## അന്നമ്മ മത്തായി ഡാളസിൽ അന്തരിച്ചു



ടെക്സസ്: റൗലറ്റിലുള്ള ഫിലാഡൽഫിയ സഭയുടെ സീനിയർ പാസ്റ്ററും ഐ.സി.പി.എഫ്. യുഎസ്എയുടെ ചെയർമാനുമായ പാസ്റ്റർ പി.സി. ജേക്കബിന്റെ ഭാര്യാമാതാവ് പുനലൂർ മുല്ലശ്ശേരിൽ പരേതനായ ഒ.വി. മാത്യുവിന്റെ ഭാര്യ അന്നമ്മ മത്തായി (79) ഡാളസിൽ അന്തരിച്ചു. പത്തനാപുരം പുതുപ്പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: റെന്നി ജേക്കബ് (യുഎസ്), ബിനു മാത്യു (ബാംഗ്ലൂർ). മരുമക്കൾ: പാസ്റ്റർ പി.സി. ജേക്കബ്, സൂസൻ സാമുവേൽ. കൊച്ചുമക്കൾ: ജെന്നിഫർ, ജെഷൂരാൻ പോൾ, ജെസീക്ക, സാക്കറി ജോർജ്, ജോഷ്വാ, ഷെയ്ന ജേക്കബ്, നെഹമിയ, റെബേക്ക. ജൂലൈ 10-ന് വെള്ളിയാഴ്ച മെമ്മോറിയൽ സർവീസും തുടർന്ന് 11-ന് ശനിയാഴ്ച സംസ്കാരശുശ്രൂഷയും ഒക്കലഹോമയിൽ വെച്ച് നടത്തപ്പെടും.



# ഏറ്റവും ഉയർന്ന ഒന്നാം സമ്മാനവുമായി ചിക്കാഗോ സോഷ്യൽ ക്ലബിന്റെ അന്താരാഷ്ട്ര വടംവലി മത്സരം സെപ്റ്റംബർ ആറിന്

ചിക്കാഗോ: ചിക്കാഗോ സോഷ്യൽ ക്ലബിന്റെ 12-ാമത് അന്താരാഷ്ട്ര വടംവലി ടൂർണമെന്റ് സെപ്റ്റംബർ ആറിന് നടത്തപ്പെടുമ്പോൾ ലോകത്തിലെ തന്നെ ഏറ്റവും വലിയ സമ്മാനത്തുകയാണ് ഇത്തവണയും നല്കപ്പെടുക. 11111 അമേരിക്കൻ ഡോളർ (ഏകദേശം പത്തു ലക്ഷത്തിലധികം ഇന്ത്യൻ രൂപ) ഒന്നാം സമ്മാനമായി നല്കപ്പെടുന്ന മറ്റൊരു വടംവലി ടൂർണമെന്റും ആഗോള മലയാളി സമൂഹത്തിലില്ല എന്നതു കൊണ്ടുതന്നെ വടംവലിയുടെ ലോക കപ്പ് എന്നാണ് ചിക്കാഗോ സോഷ്യൽ ക്ലബിന്റെ വടംവലി ടൂർണമെന്റ് അറിയപ്പെടുന്നതുതന്നെ.

കഴിഞ്ഞ 12 വർഷങ്ങളായി ഒന്നാം സമ്മാനമായ മാണി നെടിയകാലായിൽ മെമ്മോറിയൽ എവർ റോളിങ് ട്രോഫിയും ക്യാഷ് പ്രൈസും നല്കിക്കൊണ്ടിരിക്കുന്നത് സോഷ്യൽ ക്ലബ്

**അനിൽ മറ്റത്തിക്കുന്നേൽ**

മെംബർ കൂടിയായ ജോയി നെടിയകാലായിലും കുടുംബവുമാണ്. വടംവലിക്ക് പ്രവാസി നാടുകളിൽ പ്രഫഷണൽ മാനം നല്കിക്കൊണ്ട് തുടർച്ചയായി പന്ത്രണ്ടാം തവണയാണ് ചിക്കാഗോയിൽ വടംവലി ടൂർണമെന്റ് നടത്തിവരുന്നത്.

ഓസ്ട്രേലിയ, ഇറ്റലി, യുകെ, കുവൈറ്റ്, അയർലൻഡ്, കാനഡ തുടങ്ങിയ വിദേശരാജ്യങ്ങളിൽ നിന്നായി ടീമുകൾ വടംവലിയിൽ പങ്കുചേർന്നിട്ടുണ്ട്. ഇത്തവണയും നിരവധി അന്താരാഷ്ട്ര ടീമുകൾ മത്സരത്തിൽ പങ്കെടുക്കും. വടംവലി മത്സരങ്ങൾ ഇത്തവണ ചിക്കാഗോയ്ക്കടുത്ത് ബെൻസൺവില്ലിലുള്ള എനർജി ഇൻഡോർ സ്പോർട്സ് കോംപ്ലക്സിലാണ് നടത്തപ്പെടുക. സെപ്റ്റംബർ ആറിന് ഈ ടൂർണമെന്റിൽ പങ്കെടുക്കാനും സാക്ഷികളാകാനും ഏവരെയും ക്ഷണിക്കുന്നതായും സംഘാടക സമിതിക്കുവേണ്ടി ക്ലബ് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പൻ, ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ സിറിയക് കൂവക്കാട്ടിൽ എവർ അറിയിച്ചു.




## വിവാഹമോചന ഹർജി: ക്രിസ്ത്യൻ സ്ത്രീക്ക് ബാധകമാകുന്ന വ്യവസ്ഥ പരിഗണിക്കണമെന്ന് ഹൈക്കോടതി

കൊച്ചി: ക്രൈസ്തവ സഭാംഗമായ സ്ത്രീക്ക് അവർ താമസിക്കുന്ന സ്ഥലത്തെ കോടതിയിൽ വിവാഹമോചന ഹർജി നല്കാനാകുംവിധം 1869-ലെ ഇന്ത്യൻ വിവാഹമോചന നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തുന്ന കാര്യം കേന്ദ്രസർക്കാർ പരിഗണിക്കണമെന്നു ഹൈക്കോടതി. ഹിന്ദു വിവാഹനിയമത്തിലും സ്പെഷൽ മാര്യേജ് ആക്ടിലും ഈ വ്യവസ്ഥ ഉണ്ടായിരിക്കെ ക്രിസ്ത്യൻ വിഭാഗത്തിനു മാത്രം ഇല്ലാതിരിക്കുന്നത് ന്യായീകരിക്കാനാവില്ലെന്നു വിലയിരുത്തിയാണ് ജസ്റ്റിസ് ബെച്ചു കുര്യൻ തോമസിന്റെ ഉത്തരവ്.

ആധുനിക കാലഘട്ടം കണക്കിലെടുത്തുള്ള പ്രായോഗിക സമീപനത്തിന്റെ ഭാഗമായി 2003-ലാണ് ഹിന്ദു വിവാഹനിയമത്തിലും സ്പെഷൽ മാര്യേജ് ആക്ടിലും പാർലമെന്റ് ഈ വ്യവസ്ഥ ഉൾപ്പെടുത്തിയത്. സ്ത്രീകളുടെ താല്പര്യം കണക്കിലെടുത്ത് ഈ വകുപ്പ് ഇന്ത്യൻ വിവാഹനിയമത്തിലും ഉൾപ്പെടുത്തുന്നത് പരിഗണിക്കാൻ ഉത്തരവ് കേന്ദ്ര നിയമമന്ത്രാലയത്തിന് അയച്ചുകൊടുക്കണമെന്ന് കോടതി നിർദേശിച്ചു,

വയനാട് സ്വദേശിനിയായ മുപ്പത്തിരണ്ട്കാരി നല്കിയ ഹർജിയാണ് കോടതി പരിഗണിച്ചത്. ഇന്ത്യൻ വിവാഹമോചന നിയമപ്രകാരം വിവാഹം നടന്ന സ്ഥലത്തും ഭാര്യാഭർത്താക്കന്മാർ ഒരുമിച്ചു താമസിച്ച സ്ഥലത്തും അവസാനമായി ഒരുമിച്ചു താമസിച്ച സ്ഥലത്തുമാണ് വിവാഹമോചന ഹർജി നല്കാനാകുക. ഭാര്യ താമസിക്കുന്ന സ്ഥലത്ത് വിവാഹമോചന ഹർജി നല്കാനാവില്ല.

വിവാഹം നടന്ന കാസർഗോഡ് ഭർത്താവിനൊപ്പം താമസിച്ച ഹർജിക്കാരി ഇപ്പോൾ താമസിക്കുന്ന കല്പറ്റ കുടുംബക്കോടതിയിലാണ് വിവാഹമോചന ഹർജി നല്കിയത്. ഇത് അനുവദനീയമല്ലെന്നു വ്യക്തമാക്കി ഹർജി മടക്കിയിരുന്നു. തുടർന്നാണ് ഇവർ ഹൈക്കോടതിയെ സമീപിച്ചത്. നിലവിൽ നിയമമില്ലാത്തതിനാൽ ഹർജിക്കാരിയുടെ ആവശ്യം അനുവദിക്കാതെ തള്ളി.

## എല്ലാത്തരം ടിവി ചാനൽ റേറ്റിങ്ങും വിലക്കി കേന്ദ്രം

ന്യൂഡൽഹി: പുതിയ ടെലിവിഷൻ റേറ്റിങ് നയമനുസരിച്ചുള്ള രജിസ്ട്രേഷൻ പൂർത്തിയാക്കുംവരെ എല്ലാത്തരം ചാനൽ റേറ്റിങ്ങുകളും പ്രസിദ്ധീകരിക്കുന്നതു നിർത്തിവെക്കാൻ കേന്ദ്ര വാർത്താവിതരണ മന്ത്രാലയം ഉത്തരവിട്ടു.

നേരത്തേ വാർത്താ ചാനലുകളുടെ റേറ്റിങ്ങിന് ഏർപ്പെടുത്തിയ വിലക്കാണ് ഇപ്പോൾ എല്ലാ ചാനലുകൾക്കും ബാധകമാക്കിയത്. ഇതോടെ ഇന്ത്യയിലെ ടെലിവിഷൻ റേറ്റിങ് സംവിധാനം തൽക്കാലത്തേക്കു നിലയ്ക്കും.

പുതിയ നയത്തിലെ വ്യവസ്ഥകൾ പാലിക്കുന്നതുവരെ റേറ്റിങ് തയാറാക്കാനോ പ്രസിദ്ധീകരിക്കാനോ കഴിയില്ല. നിലവിൽ ബ്രോഡ്കാസ്റ്റ് ഓഡിയൻസ് റിസർച് കൗൺസിൽ (ബാർക്) മാത്രമാണ് റേറ്റിങ് രംഗത്തുള്ള ഏജൻസി. റേറ്റിങ് പുനരാരംഭിക്കണമെങ്കിൽ ബാർക് ലൈസൻസ് പുതുക്കണം.

ഇതുവരെ പരമ്പരാഗത ടെലിവിഷൻ സംവിധാനത്തിലെ കാഴ്ചക്കാരുടെ എണ്ണമാണ് റേറ്റിങ് നിർണയിക്കാൻ ഉപയോഗിച്ചിരുന്നതെങ്കിൽ പുതിയ നയമനുസരിച്ച് കേബിൾ ടിവി, ഡിടിഎച്ച്, ഒടിടി, സ്മാർട് ടിവി എന്നിവയെല്ലാം പരിഗണിക്കും. ടിവി ഓൺ ചെയ്യുമ്പോൾ ആദ്യമെത്തുന്ന ചാനൽ (ലാൻഡിങ് പേജ്) ഇനി റേറ്റിങ്ങിൽ മാനദണ്ഡമാകില്ല.

## വിബി–ജി റാംജി പദ്ധതി: ആദ്യ ഗഡു അനുവദിച്ച് കേന്ദ്രസർക്കാർ

ന്യൂഡൽഹി: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കു പകരമായി കേന്ദ്രസർക്കാർ കൊണ്ടുവന്ന 'വികസിത് ഭാരത്-ഗാരന്റി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ) (വിബി-ജി റാംജി)' പദ്ധതിയുടെ ആദ്യ ഗഡുവായി 25,863 കോടി രൂപ സംസ്ഥാനങ്ങൾക്കായി കേന്ദ്രസർക്കാർ അനുവദിച്ചു. കേന്ദ്ര ഗ്രാമവികസന-കാർഷിക വകുപ്പ് മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഭോപ്പാലിൽനിന്നു വീഡിയോ കോൺഫറൻസിലൂടെയാണ് ഫണ്ട് റിലീസ് ചെയ്തത്.

സംസ്ഥാനങ്ങളിൽ ഉത്തർപ്രദേശിനാണ് ഏറ്റവും ഉയർന്ന തുക ലഭിച്ചത്; 3,210.76 കോടി രൂപ. ആന്ധ്രാപ്രദേശ് (2,545.5 കോടി), രാജസ്ഥാൻ (2,274.37 കോടി), തമിഴ്നാട് (2,176.84 കോടി) എന്നിവയാണ് ഉയർന്ന വിഹിതം കൈപ്പറ്റിയ മറ്റു സംസ്ഥാനങ്ങൾ. കേരളത്തിന് 925.33 കോടി രൂപയുടെ താരതമ്യേന കുറഞ്ഞ വിഹിതമാണ് ആദ്യഘട്ടത്തിൽ ലഭിച്ചിരിക്കുന്നത്.

കേന്ദ്രീകൃത ആസൂത്രണവും കടുത്ത സാങ്കേതിക നിബന്ധനകളും പദ്ധതി നടത്തിപ്പിൽ ചില ആശങ്കകൾ ഉയർത്തുന്നുണ്ടെങ്കിലും മുമ്പത്തെ തൊഴിലുറപ്പ് പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽനിന്നും പുതിയ പദ്ധതിയിലേക്കുള്ള മാറ്റം വളരെ സുഗമമായാണു നടന്നതെന്ന് കേന്ദ്ര മന്ത്രി വ്യക്തമാക്കി.

## ആഗോള പാസ്പോർട്ട് റാങ്കിങ്ങിൽ ഇന്ത്യക്ക് 125–ാം സ്ഥാനം

ന്യൂഡൽഹി: ആഗോള പാസ്പോർട്ട് സൂചികയിൽ (ഗ്ലോബൽ പാസ്പോർട്ട് ഇൻഡക്സ്- ജിപിഐ) ഇന്ത്യ 125-ാം സ്ഥാനത്ത്. കഴിഞ്ഞവർഷത്തെ 124-ാം സ്ഥാനത്തുനിന്നാണ് ഇന്ത്യ ഒരു റാങ്കുകൂടി പിന്തള്ളപ്പെട്ടത്. എന്നാൽ, പോയിന്റ് നിലയിൽ അഞ്ചു വർഷത്തെ അപേക്ഷിച്ച് ഏറ്റവും ഉയർന്ന സ്കോറായ 45.1 ഇന്ത്യ ഈ വർഷം സ്വന്തമാക്കി. ആകെ 197 രാജ്യങ്ങളുടെ പട്ടികയാണ് പുറത്തുവിട്ടത്. 2021-നും 2023-നുമിടയിൽ 127-ാം സ്ഥാനത്തായിരുന്നു ഇന്ത്യ. സ്വീഡനാണ് ഒന്നാം സ്ഥാനത്ത്. പത്താം സ്ഥാനത്തുള്ള സിംഗപ്പൂർ മാത്രമാണ് ആദ്യ പത്തിൽ ഇടംപിടിച്ച ഏഷ്യൻ രാജ്യം. ബാക്കി ഒമ്പത് സ്ഥാനത്തും യൂറോപ്യൻ രാജ്യങ്ങളാണ്. ചൈന 104, നേപ്പാൾ 164, ബംഗ്ലാദേശ് 166, പാകിസ്താൻ 188 എന്നിങ്ങനെയാണ് ഇന്ത്യയുടെ അയൽ രാജ്യങ്ങളുടെ സ്ഥാനം.

ജീവിതനിലവാരവും നിക്ഷേപസാധ്യതകളും കൂടി കണക്കിലെടുത്താണ് ആഗോള പാസ്പോർട്ട് സൂചികയിൽ സ്ഥാനം നിർണയിക്കുന്നത്. നിലവിൽ ഇന്ത്യൻ പാസ്പോർട്ടുള്ളവർക്ക് ഭൂട്ടാൻ, നേപ്പാൾ, ജമൈക്ക, മക്കാവു, പലസ്തീൻ, ടുണീഷ്യ, അംഗോള, ബാർബഡോസ് ഉൾപ്പെടെ 26 രാജ്യങ്ങളിലേക്കു മാത്രമാണ് വിസയില്ലാതെയും വീസ ഓൺ അറൈവൽ വഴിയും യാത്ര ചെയ്യാനാകുന്നത്. എന്നാൽ അമേരിക്ക, യുകെ, ജർമനി, ഫ്രാൻസ്, ചൈന, യുഎഇ തുടങ്ങിയ രാജ്യങ്ങളിലേക്ക് ഇപ്പോഴും നിയന്ത്രണങ്ങളുണ്ട്. യാത്രാസ്വാതന്ത്ര്യം അളക്കുന്ന എൻഹാൻസ്ഡ് മൊബിലിറ്റിയിൽ 136-ാം സ്ഥാനത്താണ് ഇന്ത്യ.

ആരോഗ്യപരിരക്ഷയും വിദ്യാഭ്യാസവും അടിസ്ഥാനമാക്കിയുള്ള ക്വാളിറ്റി ഓഫ് ലിവിംഗിൽ 118-ാം റാങ്കിലെത്തിയിട്ടുണ്ട്. സാമ്പത്തിക അവസരങ്ങൾ വിലയിരുത്തുന്ന ഇൻവെസ്റ്റ്മെന്റ് ഇൻഡക്സിൽ 94-ാം സ്ഥാനത്താണ് ഇന്ത്യ.

## ആരോഗ്യവകുപ്പിൽ അന്വേഷണം

(ഒന്നാം പേജിൽ നിന്നും)

സന്ദർശനത്തിനിടെ ഇക്കാര്യം മന്ത്രി നേരിൽകണ്ട് ബോദ്ധ്യപ്പെട്ടിരുന്നു. മൊബൈൽ മോർച്ചറികൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ഇവിടെ ഗോഡൗണിൽ തള്ളിയ നിലയിലായിരുന്നു. കാലപ്പഴക്കം ചെന്നതിനാൽ പല ഉപകരണങ്ങളും ഇനി ഉപയോഗിക്കാൻ കഴിയുമോയെന്നും സംശയമാണ്.

തിരുവനന്തപുരം മെഡിക്കൽ കോളജ് സൂപ്പർ സ്പെഷാലിറ്റി ബ്ലോക്കിന് മുന്നിൽ ഓട്ടോക്ലേവ് മെഷീൻ മഴയും വെയിലുമേറ്റ് നശിക്കുകയാണ്. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കോവിഡ് കാലത്ത് ലഭിച്ച രണ്ട് ഓക്സിജൻ കോൺസൻട്രേറ്റർ മെഷീൻ പ്രവർത്തനസജ്ജമല്ല. ലക്ഷങ്ങൾ മുടക്കി ഓക്സിജൻ വാങ്ങിക്കുമ്പോഴാണ് ഉപകരണം നശിപ്പിക്കുന്നത്. പേരൂർക്കര ജില്ലാ മാതൃക ആശുപത്രിയിൽ നൂറ് കെവി സോളാർ പ്ലാന്റ് സ്ഥാപിച്ചെങ്കിലും ഗ്രിഡിൽ ഘടിപ്പിച്ചില്ല. ജനറേറ്റർ വാങ്ങിയിട്ടുണ്ടെങ്കിലും പ്രവർത്തനസജ്ജമല്ല. വകുപ്പുതല അന്വേഷണത്തിനുശേഷം സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് സംസ്ഥാന ധനകാര്യ വകുപ്പും പരിശോധിക്കും. ക്രമക്കേടുകൾ കണ്ടെത്തിയാൽ വിജിലൻസ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കൈമാറുമെന്നും മന്ത്രി പറഞ്ഞു.

# SEEKING BRIDEGROOM

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter. Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and
email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to

**alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

## SEEKING BRIDEGROOM CONTD.....

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## ജേക്കബ് മത്യാസ്

**മാമ്മൂട്:** കെഎസ്ഇബി റിട്ട. എൻജിനീയർ കൊച്ചുറോഡ് വലിയകളത്തിൽ ഇത്തിത്തറ (കാവാലം) ജേക്കബ് മത്യാസ് (മാത്തുച്ചൻ-86) അന്തരിച്ചു. ഭാര്യ മാമ്മൂട് മുതലപ്ര പരേതയായ എം.പി. ഏലിയാമ്മ (റിട്ട. അദ്ധ്യാപിക). മക്കൾ: സ്മിത, സുനു, സുസ്മിൻ (യുഎസ്). മരുമക്കൾ: ജോസഫ്കുഞ്ഞ് പാലക്കുന്നേൽ, ടോമിച്ചൻ കൊല്ലപ്പള്ളിൽ, പ്രിയ കരോട്ട്.

**തൃശൂർ:** എബനെസർ പ്രിന്റേഴ്സ് ഡയറക്ടർ ഒളരിക്കര മദർ ഹോസ്പിറ്റലിന് എതിർവശത്ത് ചിറയത്ത് തറയിൽ ജോളി ഫ്രാൻസിസിന്റെയും മോളി ജോളിയുടെയും മകൾ ഷാർൺ ജോളി (ജോമോൾ-37) അന്തരിച്ചു.

**പീച്ചി:** വിലങ്ങന്നൂർ ദി പെന്തെക്കോസ്ത് മിഷൻ സുവിശേഷ പ്രവർത്തക സിസ്റ്റർ അന്നമ്മ ജോൺ (അശ്വതി-49) അന്തരിച്ചു.

## റിമോള മത്തച്ചൻ

**നെടുമുടി:** പൊങ്ങ പാലത്തുങ്കൽ കാഞ്ഞൂപ്പറമ്പിൽ റിമോള മാത്തച്ചൻ (75) കൊച്ചിയിൽ അന്തരിച്ചു. ഭർത്താവ് കെ.കെ. മാത്തച്ചൻ കോയിക്കര. മക്കൾ: റീമ, റുപിൻ, (ഇരുവരും യുഎസ്). മരുമക്കൾ: ദീപക് അലക്സ് പള്ളിത്തറ, ആൻസി റുപിൻ തച്ചിൽ (ഇരുവരും യുഎസ്).

**കൊല്ലപ്പള്ളി:** വട്ടക്കാവുങ്കൽ പരേതനായ മാത്യുവിന്റെയും കുട്ടിയമ്മയുടെയും മകൻ സിജോ മാത്യു (50) അന്തരിച്ചു.

## തോമസ് മാത്യു

**കുഴിക്കാല:** കോഴഞ്ചേരി ഗവ. ഹൈസ്കൂൾ റിട്ട. അദ്ധ്യാപകൻ കൊച്ചുവിളയിൽ തോമസ് മാത്യു (96) അന്തരിച്ചു. ഭാര്യ പുല്ലാട് ഊരിയകുന്നത്ത് മറിയാമ്മ മാത്യു (റിട്ട. അദ്ധ്യാപിക ഗവ. ഹൈസ്കൂൾ കോഴഞ്ചേരി). മക്കൾ: ഷാജി മാത്യു (ന്യൂയോർക്ക്), ആൽബി മാത്യു (ഡാളസ്), റെജി മാത്യു. മരുമക്കൾ: ശലോമി ഷാജി, അനി റെജി (ഇലവുംതിട്ട), പരേതയായ പ്രഭ ആൽബി.

**കൊല്ലം:** മുതിർന്ന കോൺഗ്രസ് നേതാവും കൊല്ലം കോർപ്പറേഷൻ മുൻ കൗൺസിലറുമായ മുണ്ടയ്ക്കൽ ഈസ്റ്റ് കോയിപ്പുറത്ത് വീട്ടിൽ ജോസഫ് കുരുവിള (81) അന്തരിച്ചു.

**ഇരിങ്ങാലക്കുട:** കേരള കോൺഗ്രസ് ഇരിങ്ങാലക്കുട മണ്ഡലം സെക്രട്ടറി ചക്കാലയ്ക്കൽ വിൻസെന്റിന്റെയും ലാലിയുടെയും മകനായ ആർതർ വിൻസെന്റ് (37) അന്തരിച്ചു.

**ആലപ്പുഴ:** ചങ്ങനാശേരി സിഎംസി ഹോളിക്വീൻസ് പ്രോവിൻസ് ആലപ്പുഴ പഴവങ്ങാടി കർമ്മലീത്താ മഠാംഗം സിസ്റ്റർ ട്രീസ ഫ്രാൻസിസ് (കൊച്ചുത്രേസ്യാമ്മ-83) അന്തരിച്ചു. കൈനകരി മമ്പലത്ത് കുടുംബാംഗമാണ്.

## എം. രാമചന്ദ്രൻ നായർ

**ആലുവ:** എച്ച്എംടി റിട്ട. ഡെപ്യൂട്ടി മാനേജർ തായിക്കാട്ടുകര പെരിയാർ ഗാർഡൻസ് രശ്മിയിൽ എം. രാമചന്ദ്രൻ നായർ (89) അന്തരിച്ചു. ഭാര്യ സി. ശാന്തകുമാരി അമ്മ (റിട്ട. കെഎസ്ഇബി). മക്കൾ: സ്മിത ചന്ദ്രൻ (ബിഎസ്എൻഎൽ), സി. സീമ (അദ്ധ്യാപിക, കാക്കനാട്), സി. സുധീഷ് (യുഎസ്). മരുമക്കൾ: വി. ജയകുമാർ (ചീഫ് ന്യൂസ് എഡിറ്റർ മാതൃഭൂമി), ശ്രീലക്ഷ്മി സുധീഷ് (യുഎസ്), പരേതനായ ഇ. വിനയൻ.

## അന്നമ്മ തോമസ് ക്ലാക്കിൽ



**ചിക്കാഗോ:** ക്ലാക്കിൽ പരേതനായ തോമസിന്റെ ഭാര്യ അന്നമ്മ തോമസ് (97) അന്തരിച്ചു. പരേത കിടങ്ങൂർ കോയിത്തറ കുടുംബാംഗമാണ്. മക്കൾ: ജോസ് ക്ലാക്കിൽ & മേഴ്സി കൊടുവത്തറ (ഡാളസ്), മാത്യു ക്ലാക്കിൽ & മേഴ്സി പുഴിക്കുന്നേൽ (ആസ്ട്രേലിയ), ലൂക്കോസ് ക്ലാക്കിൽ & എൽസമ്മ കൊരട്ടിയിൽ (ചിക്കാഗോ), ഗ്രേസി & ജെയിംസ് കണ്ടത്തിൽ (ഡാളസ്).

**എടത്വ:** കുട്ടനാട്ടിലെ രാഷ്ട്രീയ സാമൂഹിക പ്രവർത്തകനായിരുന്ന എസ്. ബേബി കരിക്കംപള്ളിൽ (84) അന്തരിച്ചു.

## ശോശാമ്മ മാത്യു

**ഉള്ളായം:** പുളിമൂട്ടിൽ ശോശാമ്മ മാത്യു (92) അന്തരിച്ചു. വാഴൂർ ഇടമുളത്തിയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.എം. മാത്യു. മക്കൾ: ജോയിക്കുട്ടി, ലീലാമ്മ, കുഞ്ഞുഞ്ഞുകുട്ടി, സാബു (എല്ലാവരും യുഎസ്). ജെസ്സി, പരേതയായ മറിയാമ്മ. മരുമക്കൾ: തോമസുകുട്ടി കോട്ടയ്ക്കൽ (പുറമറ്റം), ബാബു കാട്ടുതയ്യിൽ (വാഴൂർ), കൊച്ചുമോൾ അഴകത്തുമണ്ണിൽ പുറമറ്റം, ജസ്സി ഉഴത്തിൽ (കൊടുങ്ങൂർ), ബിന്ദു പടിഞ്ഞാറേക്കര അടിമാലി (മൂവരും യുഎസ്), റെജി മടുക്കയ്ക്കൽ (കങ്ങഴ).

**കുറവിലങ്ങാട്:** കുര്യം കല്ലറയ്ക്കൽ ജോസ് വർക്കി (78) അന്തരിച്ചു.

**കുറുപ്പന്തറ:** വഴുതനപ്പറമ്പിൽ (മനയ്ക്കപ്പറമ്പിൽ) ഏലിക്കുട്ടി (91) അന്തരിച്ചു.

**തിരുവല്ല:** കിഴക്കൻ മുത്തൂർ കവിയൂർ കൊച്ചിയിൽ ബികാസിൽ ജി.ടി. ഏബ്രഹാം (ബേബിക്കുട്ടി-90) അന്തരിച്ചു.

## അന്നമ്മ ചാക്കോ

**അയിരൂർ:** തേക്കുങ്കൽ മേലേടത്ത് പുത്തേത്ത് വടക്കേൽ അന്നമ്മ ചാക്കോ (92) അന്തരിച്ചു. തെള്ളിയൂർ അയ്യൻകോവിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.വി. ചാക്കോ. മക്കൾ: ഓമന, രാജൻ (യുഎസ്), അനിത. മരുമക്കൾ: അച്ചൻകുഞ്ഞ് (പ്രക്കാനം), ലൗലി (യുഎസ്), അനിത (പത്തനാപുരം).

**മൂലേടം:** വടക്കേക്കുറ്റ് പരേതനായ ഇട്ടി ഏബ്രഹാമിന്റെ മകൻ അബുദാബി എഡിഒഎഎസ് ഉദ്യോഗസ്ഥൻ ബോബി ഏബ്രഹാം (57) അന്തരിച്ചു.

**മണർകാട്:** സെന്റ് മേരീസ് ബുക്സ് ആൻഡ് ഫോട്ടോ സ്റ്റാൾ ഉടമ വെട്ടിക്കുന്നേലായ കാലുകടവിൽ സി.എ. കുര്യാക്കോസ് (തങ്കച്ചൻ-75) അന്തരിച്ചു.

**കൊല്ലാട്:** നാൽക്കവല കുഴിക്കാലായിൽ മുൻ സീഡെക് ഓട്ടോമൊബൈൽസ് കോടിമത ഉടമ വർക്കി പുന്നൻ (രാജൻ-74) അന്തരിച്ചു.

**ബത്തേരി:** പുല്പള്ളി നിർമ്മല ആശുപത്രി ഉടമ ബത്തേരി ശാന്തിനഗർ ഹൗസിങ് കോളനി എലുവത്തിങ്കൽ ഡോ. സണ്ണി ജോർജ് (78) അന്തരിച്ചു.

## റോസമ്മ കുര്യൻ

**ഏഴുമുട്ടം:** തേന്മനാൽ റോസമ്മ കുര്യൻ (83) അന്തരിച്ചു. മാനന്തവാടി കട്ടക്കയം കുടുംബാംഗമാണ്. ഭർത്താവ് ടി.കെ. കുര്യൻ. മക്കൾ: പരേതനായ ടി.കെ. ബാബു, ലാലി (റിട്ട. ടീച്ചർ), ഷാന്റി (യുകെ), ഗ്രേസി (യുഎസ്). മരുമക്കൾ: സി.സി. രാജൻ ചിറപ്പുറത്ത് (റിട്ട. പ്രധാനാദ്ധ്യാപകൻ), സിമി (റിട്ട. പ്രധാനാദ്ധ്യാപിക), ബിജു ചന്ദ്രൻകുന്നേൽ (യുകെ), ബിന്നി സ്രാമ്പിക്കൽ (യുഎസ്).

**കവിയൂർ:** നസ്രത്ത് കോളജ് ഓഫ് ഫാർമസി മുൻ സീനിയർ സൂപ്രണ്ട് കടവൂർ വീട്ടിൽ മണ്ണിക്കുടിയിൽ ജേക്കബ് കെ. തോമസ് (രാജു-71) അന്തരിച്ചു.

## എത്സമ്മ ജോസഫ്

**പാലയ്ക്കാട്ടുമല:** തെരുവത്ത് എത്സമ്മ ജോസഫ് (79) ജർമ്മനിയിൽ ഫ്രാങ്ക്ഫർട്ടിൽ അന്തരിച്ചു. തിരുവല്ല പനയ്ക്കാമിറ്റത്ത് പുത്തൻബംഗ്ലാവ് കുടുംബാംഗമാണ്. ഭർത്താവ് ഡോ. ജോസഫ് തെരുവത്ത്. മക്കൾ: ഡോ. ടോം പ്രകാശ് തെരുവത്ത് (യുഎസ്), ഡോ. പ്രശോഭ് തെരുവത്ത് (ജർമ്മനി), ഡോ. അശോക് തെരുവത്ത് (യുഎസ്).

**പൊൻകുന്നം:** മാന്നാനം കെ.ഇ. കോളജിലെ റിട്ട. പ്രഫസർ ഞാവള്ളിൽ കൂന്താനം ജോസ് ജോസഫ് (70) അന്തരിച്ചു.

**വാകത്താനം:** കണ്ണഞ്ചിറ പാറപ്പാട്ട് ഏലിയാമ്മ വർഗീസ് (74) അന്തരിച്ചു.

**മണർകാട്:** പാടത്തുമാപ്പിള കുന്നേൽ മറിയാമ്മ കോര ((തങ്കമ്മ-94) അന്തരിച്ചു.

## ജോണി തോമസ് മ്യാൽക്കരപ്പുറത്ത്



**മാറിക:** മ്യാൽക്കരപ്പുറത്ത് പരേതരായ തോമസ്-ഏലിക്കുട്ടി ദമ്പതികളുടെ മകൻ ജോണി തോമസ് മ്യാൽക്കരപ്പുറത്ത് (71) അന്തരിച്ചു. പരേതൻ ഇന്ത്യൻ മിലിട്ടറിയിലും തുടർന്ന് വാളയാർ മലബാർ സിമിന്റ്സിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ അമ്മിണി കരിങ്കുന്നം കുഴിപാറക്കൽ കുടുംബാംഗമാണ്. മക്കൾ: ഫെബി & മനോജ് ചാരുപ്ലാവിൽ (പിറവം), സെബി & ഷിജു പൂത്തേട്ട് (കുറുമുള്ളൂർ), ബിബിൻ & ലിമി മണിയൻകോട്ട് ഇടയത്ത് (ആരക്കുന്നം). സഹോദരങ്ങൾ: പരേതയായ മേഴ്സി പീറ്റർ ചെമ്മലക്കുഴി, ജെയിംസ് മ്യാൽക്കരപ്പുറത്ത് (മാറിക), സണ്ണി മ്യാൽക്കരപ്പുറത്ത് (ഡാളസ്), ജെസി ജോപ്പൻ കാച്ചപ്പള്ളി (എറണാകുളം), കെസിസിഎൻഎ മുൻ പ്രസിഡണ്ട് റ്റോമി മ്യാൽക്കരപ്പുറത്ത് (ഫ്ളോറിഡ).

**കോട്ടയം:** റെയിൽവേ സ്റ്റേഷനു സമീപം സിന്ദൂർ പനംപുന്നയിൽ ചാർട്ടേഡ് അക്കൗണ്ടന്റ് പി.എ. സക്കറിയ (90) അന്തരിച്ചു.

## കെ. സദാശിവൻ നായർ

**നേമം:** ബാലെ നടൻ കെ. സദാശിവൻ നായർ (പാപ്പനംകോട് മണി-89) അന്തരിച്ചു. ഭാര്യ തങ്കമണി. മക്കൾ: ടി.എസ്. സന്തോഷ്കുമാർ (കല്യാണി ഫ്യൂവൽസ്), ടി.എസ്. അനീഷ് (യുഎസ്). മരുമക്കൾ: ശ്രീജ സന്തോഷ്, അപർണ.

**തിരുവനന്തപുരം:** ആരോഗ്യവകുപ്പ് മുൻ അഡീ. ഡയറക്ടർ ഡോ. സാറാ ഗ്രേസ് ജോൺ (90) പട്ടം വൃന്ദാവൻ ഗാർഡൻസിൽ (ഇലഞ്ഞിക്കിൽ ഹൗസ്) അന്തരിച്ചു.

**വെൺമണി:** നെടുവേലി കിഴക്കേതിൽ ആഷിയാന എൻ.പി. തോമസിന്റെയും വത്സമ്മ തോമസിന്റെയും മകൻ വിജു ഫിലിപ്പ് (52) അന്തരിച്ചു.

**നീറിക്കാട്:** കറ്റുവീട്ടിൽ (കറ്റുവീട്ടിൽ മോട്ടോഴ്സ്) റിട്ട. ബിഎസ്എൻഎൽ ജെടിഒ ബേബി ലൂക്കോസ് (79) അന്തരിച്ചു.

**എരുമപ്പെട്ടി:** കായിക മേഖലയിൽ നേട്ടങ്ങൾ കൈവരിച്ച മുൻ കായികാദ്ധ്യാപകൻ എരുമപ്പെട്ടി കുന്നത്തേരി മറുവിൽ ഒ.സി. നാരായണൻ (87) അന്തരിച്ചു.

**പൊറ്റമ്മൽ:** എൻഐടി റിട്ട. പ്രഫസർ പി.പി. ഗർവാഡിസ് (ബേബി-86) അന്തരിച്ചു.

## എം.കെ. വർഗീസ്

**ആലപ്പുഴ:** റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ തത്തംപള്ളി കരിങ്ങാട് എം.കെ. വർഗീസ് (84) അന്തരിച്ചു. ഭാര്യ ചമ്പക്കര മാപ്പുംചേരി തെരേസ. മക്കൾ: ഷൈനി (അദ്ധ്യാപിക, സെ. മേരീസ് എച്ച്.എസ്.എസ്. ചമ്പക്കുളം), ഷൈല (ഡെപ്യൂട്ടി നേഴ്സിങ് സൂപ്രണ്ട് മെഡിക്കൽ കോളജ് ആലപ്പുഴ), ഷൈജു (യുഎസ്). മരുമക്കൾ: ചമ്പക്കുളം പുത്തൻപുരക്കൽ രാജു (റിട്ട. പ്രധാനാദ്ധ്യാപകൻ), ബെന്നിച്ചൻ കണ്ടത്തിൽ അമ്പലപ്പുഴ, ചങ്ങനാശേരി മേലേട്ടുകൊച്ചി പ്രീതി (യുഎസ്).

**മാവേലിക്കര:** മലയാളത്തിലെ ആദ്യകാല ബ്ലോഗറും കഥാകൃത്തുമായ ചെട്ടികുളങ്ങര കൈത തെക്ക് ആനകോട് ജി. അശോക് കുമാർ കർത്താ (64) അന്തരിച്ചു.

**ഇളങ്ങുളം:** സെ. മേരീസ് ഹൈസ്കൂൾ റിട്ട. അദ്ധ്യാപകൻ കുറ്റിക്കാട്ട് ടി. തോമസ് (പാപ്പച്ചൻ-85) അന്തരിച്ചു.

## സാറാമ്മ



**കൊളോൺ:** റാന്നി മക്കപ്പുഴ ചെറുവാഴക്കുന്നേൽ ഷാജിയുടെ ഭാര്യ സാറാമ്മ (71) ജർമ്മനിയിൽ അന്തരിച്ചു. റാന്നി കണ്ണിക്കാവിൽ കുടുംബാംഗമാണ്. മക്കൾ: ഡോണാ, ഡെക്സി, ഡാർവിൻ.

**പെരുമ്പാവൂർ:** ദേശീയ അദ്ധ്യാപക അവാർഡ് ജേതാവും ഇരിങ്ങോൾ ഗവ. എൽപിഎസ് റിട്ട. അദ്ധ്യാപകനുമായ പുല്ലുവഴി പറമ്പിൽ പി.എം. സുമു (66) അന്തരിച്ചു.

## കെ.ജെ. തോമസ്

**ഉഴവൂർ:** പയസ്മൗണ്ട് കൊറ്റുകുന്നത്ത് കെ.ജെ. തോമസ് (69) അന്തരിച്ചു. ഭാര്യ ഉഴവൂർ താഴത്തുപറമ്പിൽ ത്രേസ്യാമ്മ തോമസ്. മക്കൾ: ടിറ്റോ തോമസ് (യുഎസ്), ടിന്റോ തോമസ്.

**കുറവിലങ്ങാട്:** കടവുകണ്ടത്തിൽ ഏലിയാമ്മ തോമസ് (69) അന്തരിച്ചു.

**ഉടുമ്പന്നൂർ:** പരിയാരം എസ്.എൻ. എൽപിഎസ് റിട്ട. അദ്ധ്യാപിക ആലക്കൽ പി.ജെ. ഏലിയാമ്മ (ലീല-85) അന്തരിച്ചു.

**ആലപ്പുഴ:** ഓൾ കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ മുൻ സംസ്ഥാന ട്രഷറർ മുല്ലയ്ക്കൽ അനിൽ നിവാസിൽ പി. പഴനി (87) അന്തരിച്ചു.

**ഏറ്റുമാനൂർ:** മല്ലികത്തോട്ടത്തിൽ അന്നമ്മ (87) അന്തരിച്ചു.

## ഏലിയാമ്മ തോമസ്

**മണർകാട്:** കുറ്റിയേക്കുന്ന് ചിരട്ടേപ്പറമ്പിൽ ഏലിയാമ്മ തോമസ് (കുഞ്ഞമ്മ-84) അന്തരിച്ചു. മണർകാട് ഊരോട്ടുകാലായിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ സി.കെ. തോമസ്. മക്കൾ: സാബു സി. തോമസ് (റിട്ട. നേവൽബേസ്, കൊച്ചി), റീന ജോസ് (യുഎസ്), ബീന സി. തോമസ് (അദ്ധ്യാപിക സെ. മേരീസ് ഇംഗ്ലീഷ്മീഡിയം മണർകാട്). മരുമക്കൾ: പരേതയായ ഓമന സാബു തേവരടിയിൽ പുതുപ്പള്ളി, മോൻസി കുര്യൻ കരിപ്പായിൽ (കുമളി), ജോസ് ചെറിയാൻ അരീപ്പറമ്പ് ഒരപ്പാൻകുഴിയിൽ (യുഎസ്), ജോർജ് ചെറിയാൻ ചെത്തിട്ടയിൽ പുതുപ്പള്ളി (റിട്ട. ഹെഡ്മാസ്റ്റർ).

## ഗായിക ശാന്ത മധു

**ന്യൂയോർക്ക്:** റോക്‌ലാൻഡിലെ സ്പ്രിങ്വാലിയിൽ പ്രശസ്ത പിന്നണി ഗായിക കോട്ടയം പേരൂർ കാക്കനാട്ട് കുടുംബാംഗമായ ശാന്ത മധു (77) ന്യൂയോർക്കിൽ അന്തരിച്ചു. ഭർത്താവ് മധു വെള്ളിപ്പാറ.

**സൗത്ത്പാമ്പാടി:** ചുണ്ടാമണ്ണിൽ ജേക്കബ് സി. കുര്യൻ (59) അന്തരിച്ചു.

**പീരുമേട്:** കുളുംകണ്ടത്തിൽ ജേക്കബ് മാത്യുവിന്റെയും ജാൻസിയുടെയും മകൻ റിച്ചു ജേക്കബ് (25) അന്തരിച്ചു.

## സെബാസ്റ്റ്യൻ വർഗീസ്

**കുറുമ്പനാടം:** കിഴക്കേക്കുറ്റ് സെബാസ്റ്റ്യൻ വർഗീസ് (ജോയിച്ചൻ-82) അന്തരിച്ചു. ഭാര്യ തോട്ടയ്ക്കാട് ചോതിരകുന്നേൽ ഇളംകാവിൽ തങ്കമ്മ സെബാസ്റ്റ്യൻ. മക്കൾ: ഡോ. ജൂലി സെബാസ്റ്റ്യൻ (സെ. തോമസ് ആശുപത്രി, ചെത്തിപ്പുഴ), ഡോ. ജിമ്മി സെബാസ്റ്റ്യൻ (സേക്രഡ് ഹാർട്ട് കോളജ്, തേവര), ഷൈനി സെബാസ്റ്റ്യൻ (യുഎസ്). മരുമക്കൾ: ഡോ. അൽഫോൻസ് അമലാ രാജ് (റിട്ട. കമാൻഡർ ഇന്ത്യൻ നേവി), ബിനു റാണി സാം (തയ്യിൽ ഹൗസ് തൊടുപുഴ).

## ശോശാമ്മ കോര

**അരീപ്പറമ്പ്:** അമരക്കാട്ടായ പുതുപ്പറമ്പിൽ (തേക്കിൽ) ശോശാമ്മ കോര (98) അന്തരിച്ചു. പുതുപ്പള്ളി കല്ലച്ചേരി കുടുംബാംഗമാണ്. ഭർത്താവ് പരേതനായ മാത്യു കോര. മക്കൾ: പരേതനായ പി.കെ. മാത്യു, പി.കെ. ജേക്കബ്കുട്ടി, പി.കെ. ഷാജുമോൻ (യുഎസ്) ഏബ്രഹാം പി. കോര. മരുമക്കൾ: സാറാമ്മ മാത്യു കളിയിക്കൽ മുളന്തുരുത്തി, സാറാമ്മ ജേക്കബ് അമ്പാട്ട് പങ്ങട, ഷാജി മൂലമറ്റം (യുഎസ്), ഷാജി ചെറുതോടത്ത് പുറമറ്റം.

**പന്നിമറ്റം:** മാവിളങ്ങിൽ ടി.ജെ. റേച്ചൽ (ചിന്നമ്മ-63) അന്തരിച്ചു.

**കൈപ്പുഴ:** വലിയ പുത്തൻപുരയിൽ ജോയ് മാത്യു (72) അന്തരിച്ചു.

# വീടും സ്ഥലവും വില്പനയ്ക്ക്

തിരുവനന്തപുരം പട്ടം എൽഐസി ഓഫീസിന് സമീപം ലക്ഷ്മി നഗറിൽ അഞ്ചു സെന്റ് സ്ഥലത്ത് 2600 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം ഉള്ള എല്ലാവിധ സൗകര്യമുള്ള രണ്ടുനില വീട്, നാല് ബെഡ്റൂം, നാല് ബാത്ത്റൂം, ലിവിങ് റൂം, കിച്ചൻ ഡൈനിങ് റൂം, എന്റർടൈൻമെന്റ് റൂം, ബാൽക്കണി, 2 കാറിടത്തക്ക രീതിയിലുള്ള ഗ്യാരേജ്, 3 മുറികൾ എയർ കണ്ടീഷൻ ചെയ്ത വീടാണ്. അലൂമിനിയം ഷീറ്റ് റൂഫിലുണ്ട് ഫർണിച്ചർ സഹിതം ആണ് വിൽക്കുന്നത്. ആവശ്യമുള്ളവർ താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**Mob: 91 999 544 8337**

# MALAYALEE CARETAKER/ BABYSITTER NEEDED – MINNESOTA (6 MONTHS)

A young malayalee family in Minnesota is seeking a reliable and caring live-in caretaker/babysitter to assist with the care of two small children.

**Position Details:**

Duration: 6-12 months (Summer & Fall Season only)
Live-in arrangement/ Accommodation provided
Primary focus on childcare
Light household duties (e.g., tidying, basic help)
Travel expenses covered

We are looking for someone who is nurturing, patient, and enjoys working with young children. Salary and overall compensation can be discussed further over a phone call.

**CONTACT:**

**Mithun @ 651-895-3887**

**for further details.**

## ഉപകാരസ്മരണ



*Inserted by: Firm Believer, Dallas*

## ഉപകാരസ്മരണ



*Inserted by: Firm Believer, Dallas*

**Visit Our Website: www.keralaexpress.com for Classified Advt.**

# PRIME KERALA INVESTMENT OPPORTUNITY FOR NRIs

## 1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

**Property Highlights**

- 1 Acre land witha house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

**Serious Buyers / Investors Only**

**Investment Starting from Rs. 1.2 Crore**

**USA: +1 630 903 7680**
**USA: +1 630 728 7956**
**INDIA: +91 94961 15802**

**Direct Owner Sale**

***Part transaction can be arranged in foreign currency.***

## *Favors Received*



*Inserted by: Firm Believer, Boston*

## *Favors Received*



*Inserted by: Firm Believer, Boston*

## ക്രോബേന്മാരുടെ സ്തുതി

\+ കർത്താവിന്റെ ബഹുമാനം തൽസ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു + കർത്താവിന്റെ ബഹുമാനം തൽസ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു + കർത്താവിന്റെ ബഹുമാനം തൽസ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ ഞങ്ങളോടു കരുണ ചെയ്യേണമേ. വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ ഞങ്ങളോടു കരുണ ചെയ്യേണമേ. വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ കൃപ തോന്നി ഞങ്ങളോടു കരുണ ചെയ്യേണമേ.

നീ എന്നേയ്ക്കും വിശുദ്ധിയും മഹത്വമുള്ളവനുമാകുന്നു. നീ എന്നേയ്ക്കും വിശുദ്ധിയും മഹത്വമുള്ളവനുമാകുന്നു. നീ എന്നേയ്ക്കും വിശുദ്ധിയും മഹത്വമുള്ളവനുമാകുന്നു. നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതുമാകുന്നു.

ഞങ്ങളുടെ കർത്താവേ നിനക്ക് സ്തുതി. ഞങ്ങളുടെ കർത്താവേ നിനക്ക് സ്തുതി. എന്നേക്കും ഞങ്ങളുടെ ശരണവുമേ നിനക്കു സ്തുതി.

ബാറെക്മോർ

*Inserted by: Firm Believer, Oklahoma*

## ക്രോബേന്മാരുടെ സ്തുതി

\+ കർത്താവിന്റെ ബഹുമാനം തൽസ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു + കർത്താവിന്റെ ബഹുമാനം തൽസ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു + കർത്താവിന്റെ ബഹുമാനം തൽസ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ ഞങ്ങളോടു കരുണ ചെയ്യേണമേ. വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ ഞങ്ങളോടു കരുണ ചെയ്യേണമേ. വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ കൃപ തോന്നി ഞങ്ങളോടു കരുണ ചെയ്യേണമേ.

നീ എന്നേയ്ക്കും വിശുദ്ധിയും മഹത്വമുള്ളവനുമാകുന്നു. നീ എന്നേയ്ക്കും വിശുദ്ധിയും മഹത്വമുള്ളവനുമാകുന്നു. നീ എന്നേയ്ക്കും വിശുദ്ധിയും മഹത്വമുള്ളവനുമാകുന്നു. നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതുമാകുന്നു.

ഞങ്ങളുടെ കർത്താവേ നിനക്ക് സ്തുതി. ഞങ്ങളുടെ കർത്താവേ നിനക്ക് സ്തുതി. എന്നേക്കും ഞങ്ങളുടെ ശരണവുമേ നിനക്കു സ്തുതി.

ബാറെക്മോർ

*Inserted by: Firm Believer, Oklahoma*







# 'റിവോൾവർ റിങ്കോ' തിയറ്ററുകളിൽ

താരക പ്രൊഡക്ഷൻസിന്റെ ബാനറിൽ കിരൺ നാരായണൻ തിരക്കഥ ഒരുക്കി സംവിധാനം ചെയ്യുന്ന റിവോൾവർ റിങ്കോ തിയറ്ററുകളിൽ. ചിത്രത്തിന്റെ പേരുപോലെ തന്നെ രസകരമായ ഒരു കഥയാണ് റിവോൾവർ റിങ്കോയിലൂടെ പറയുന്നത്.

സൂപ്പർ നാചറൽ കഥാപാത്രങ്ങളെ മനസിൽ ആരാധിക്കുന്ന കുട്ടികൾക്കൊപ്പം അവരുടെ സ്വപ്നങ്ങൾ സാധ്യമാക്കാൻ ഇറങ്ങിത്തിരിക്കുന്ന നാട്ടിലെ ചെറുപ്പക്കാരനായ പ്രിയേഷിന്റെ കടന്നുവരവോടെ അരങ്ങേറുന്ന സംഭവങ്ങളാണ് ഈ ചിത്രത്തിലൂടെ കിരൺ നാരായണൻ അവതരിപ്പിക്കുന്നത്. കുട്ടികളുടെ പ്രകടനങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുതന്നെ കുട്ടികളെയും കുടുംബങ്ങളെയും ആകർഷിക്കുന്ന വിധത്തിലാണ് ഈ ചിത്രത്തിന്റെ അവതരണം.

വിഷ്ണു ഉണ്ണികൃഷ്ണനാണ് ചിത്രത്തിൽ പ്രിയേഷിനെ അവതരിപ്പിക്കുന്നത്. ശ്രീപത് യാൻ (മാളികപ്പുറം, സുമതി വളവ്), ധ്യാൻ നിരഞ്ജൻ (ഇടിയൻ ചന്തു) ആദിശേഷ്, വിസാദ്, ആവണി എന്നിവരാണ് ചിത്രത്തിൽ പ്രധാന വേഷങ്ങളിൽ എത്തുന്ന കുട്ടി കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ലാലു അലക്സ്, ബിനു ശശിറാം, വിജിലേഷ്, സഞ്ജു ശിവറാം, സാജു നവോദയ, കെപിഎസി മുഹമ്മദ്, അൻഷ മോഹൻ, മറീന മൈക്കിൾ, അഞ്ജലി നായർ, ഷൈനി സാറ, ആതിനാട് ശശി, ദിപിൻ ബാബു, സാബു, പ്രൗഢീൻ എന്നിവരും ചിത്രത്തിൽ പ്രധാന കഥാപാത്രങ്ങളായി എത്തുന്നു. ചിത്രത്തിന്റെ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ സിബി ജോർജ് പൊൻകുന്നം.


കൈതപ്രം ദാമോദരൻ നമ്പൂതിരിയുടെ വരികൾക്ക് രഞ്ജിൻ രാജ് ഈണം പകർന്നിരിക്കുന്നു.

ഛായാഗ്രഹണം-ഫൈസൽ അലി, എഡിറ്റിംഗ്-അയൂബ് ഖാൻ, കലാസംവിധാനം-അരുൺ കൃഷ്ണ, മേക്കപ്പ്-ബൈജു ശശികല, കോസ്റ്റ്യൂം-സുജിത്ത് മട്ടന്നൂർ, സംഘട്ടനം-ഫീനിക്സ് പ്രഭു, ചീഫ് അസോസിയേറ്റ് ഡയറക്ടർ-ഷിബു രവീന്ദ്രൻ, അസോസിയേറ്റ് ഡയറക്ടർ-സഞ്ജയ് ജി. കൃഷ്ണൻ, പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ-ചന്ദ്രമോഹൻ എസ്. ആർ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് -പാപ്പച്ചൻ ധനുവച്ചപുരം, സൗണ്ട്-ബിനു ശശിറാം, എഫക്ട്സ്-എ.ബി. ജൂബിൻ, സൗണ്ട് മിക്സിങ്-അഭിരാം യു.ബി, സ്റ്റിൽസ്-ശാലു പേയാട്, വിഎഫ്എക്സ് -ടി.എം.ഈ.എഫ്.എക്സ്, ഡിജിറ്റൽ പിആർ-വിനു വിജയ്, ഡിസൈൻസ്-യെല്ലോ ടൂത്ത്സ്. കോഴിക്കോട്, കുന്ദമംഗലം, മുക്കം ഭാഗങ്ങളിലായി ഷൂട്ടിംഗ് പൂർത്തിയാക്കിയ ചിത്രം ശ്രീപ്രിയ കമ്പയിൻസ് ആണ് തിയറ്ററുകളിൽ എത്തിക്കുന്നത്.

# 'ക്ലാ ക്ലാ ക്ലീ ക്ലീ നസ്രിയ തിരിഞ്ഞു നോക്കി'

പുതുമുഖങ്ങൾക്ക് പ്രാധാന്യം നൽകി കെ.എം. ഹരി നാരായണൻ രചനയും സംവിധാനവും നിർവഹിക്കുന്ന 'ക്ലാ ക്ലാ ക്ലീ ക്ലീ നസ്രിയ തിരിഞ്ഞു നോക്കി' എന്ന സിനിമ തിയറ്ററുകളിൽ എത്തി. മാറ്റ്വാഗ് പ്രൊഡക്ഷൻസിന്റെ ബാനറിൽ ഗൗതം എച്ച്. നിർമിക്കുന്ന സിനിമയിൽ ഫൈസൽ വി. ഖാലിദ് ഛായാഗ്രഹണവും എഡിറ്റിംഗും നിർവഹിക്കുന്നു. ചിത്രത്തിന്റെ സംഗീത സംവിധാനം നിർവഹിക്കുന്നത് പ്രശാന്ത് മോഹൻ എം.പിയാണ്. വിനീത് ശ്രീനിവാസൻ, വൈക്കം വിജയലക്ഷ്മി, സിതാര കൃഷ്ണകുമാർ, നകുൽ നാരായണൻ എന്നിവരാണ് ഗായകർ.

ഗാനരചന-കെ.എം. ഹരി നാരായണൻ, റിജിൻ ആർജെ, ശ്യാം മംഗലത്ത്, കോമഡിയിലൂടെ ഒരു പ്രണയ കഥ പറയുന്ന ഈ സിനിമയിൽ ഗൗതം ഹരിനാരായണൻ, ദിവ്യ തോമസ് എന്നിവർ നായകനും നായികയുമാകുന്നു. പ്രമുഖ നടൻ ശങ്കർ പണിക്കർ ശ്രദ്ധേയമായ ഒരു കഥാപാത്രത്തെ അവതരിപ്പിക്കുന്നു. വൈഗ കെ. സജീവ്, ട്രിനിറ്റി എലീസ് പ്രകാശ്, റെൻസി തോമസ്, പ്രീത ഹരിനാരായണൻ, ഗോപു ആർ. കൃഷ്ണ, സനോവർ, സുരേന്ദ്രൻ കാളിയത്ത്, ഡോ. ഉണ്ണികൃഷ്ണൻ, നിസാർ മാമുക്കോയ, കൃഷ്ണനുണ്ണി, അരുൺ കുമാർ, രാജേഷ് ബാബു, ബിജു കുമാർ, വിപിൻ, അസനാർ, ജീവാശ്രീ, സൂരജ് രഘുനാഥ്, പ്രഷീബ്, ബാദുഷ, നിരഞ്ജൻ, സായ് സായൂജ്യ, ബിജു ഷൊർണൂർ, സജീവ് സജി, റക്കീബ്, ജി. കൃഷ്ണ, പ്രമിത, അശ്വതി പട്ടാമ്പി, അർച്ചന, മാസ്റ്റർ അക്ഷത് തുടങ്ങിയ പുതുമുഖങ്ങളും ഈ സിനിമയിൽ അഭിനയിക്കുന്നു. പ്രൊഡക്ഷൻ കൺട്രോളർ-സോമൻ പെരിന്തൽമണ്ണ, പ്രൊജക്ട് ഡിസൈനർ-ജോസ് വാരാപ്പുഴ, പ്രൊഡക്ഷൻ ഡിസൈനർ-ഡോ. സതീഷ് ബാബു മഞ്ചേരി, പ്രൊഡക്ഷൻ മാനേജർ-ചന്ദ്രൻ പട്ടാമ്പി, മേക്കപ്പ്-നയന എൽ. രാജ്, കലാസംവിധാനം-ഷറഫു ചെറുതുരുത്തി, സ്റ്റണ്ട്-ബ്രൂസ്ലി രാജേഷ്, നിശ്ചല ഛായാഗ്രഹണം-കിരൺ കൃഷ്ണൻ, വസ്ത്രാലങ്കാരം-പ്രീതി, സഹ സംവിധാനം-മനോജ് പുതുച്ചേരി, അസോസിയേറ്റ് ഡയറക്ടർ-സുരേന്ദ്രൻ കാളിയത്ത്, അസിസ്റ്റന്റ് ഡയറക്ടേഴ്സ്-ജോസഫ് അഖിൽ, ജിതിൻ, സമീർ, അർച്ചന. ഹൈസിൻ ഗ്ലോബൽ വെഞ്ചേഴ്സ് സിനിമ തിയറ്ററിൽ എത്തിക്കുന്നു.




# 'ബോളാഗോളം' തിയറ്ററുകളിൽ




ടിക്കറ്റ് ഒരു ടോക്കൺ എന്ന സാമൂഹിക സന്ദേശവുമായി ബോളാഗോളം തിയറ്ററുകളിലെത്തി. ജുനൈസ് കാപ്പ് കഥയും തിരക്കഥയും എഴുതി സംവിധാനം നിർവഹിച്ചിരിക്കുന്നു.

മലബാറിന്റെ മണ്ണിൽ പന്ത് തട്ടുമ്പോൾ ഉയരുന്നത് ആവേശം മാത്രമല്ല, മനുഷ്യരുടെ സ്വപ്നങ്ങളും വേദനകളും ബന്ധങ്ങളും കൂടിയാണ്. ആ സ്പന്ദനങ്ങളെയാണ് ബാലാഗോളം എന്ന ചലച്ചിത്രം ഹൃദയസ്പർശിയായി പകർത്തുന്നത്. യുവ തലമുറയെ പരിവർത്തിപ്പിച്ച ഐസ്ലാൻഡിനെക്കുറിച്ചുള്ള ബിബിസി ഡോക്യുമെന്ററിയിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട്, നാട്ടിലെ യഥാർത്ഥ സംഭവത്തെ ആസ്പദമാക്കി, മുത്തുവും തൊത്തുവും തമ്മിലുള്ള ആത്മബന്ധത്തിലൂടെ, കളി കാര്യമാകുന്ന ഒരു ഗ്രാമത്തിന്റെ കഥയാണ് ചിത്രം പറയുന്നത്. ഫുട്ബോളിന്റെ ആത്മാവും ഗ്രാമീണ ജീവിതത്തിന്റെ നൊമ്പരങ്ങളും പ്രതീക്ഷകളും കോർത്തിണക്കിയാണ് കളിയും ജീവിതവും പരസ്പരം പാസ് ചെയ്ത് കാഴ്ചയുടെ വല കുലുക്കുന്ന ചിത്രം കുടുംബ പ്രേക്ഷകരിലേക്ക് എത്തുന്നത്.

ആന്റലോട്ട് പ്രൊഡക്ഷൻസിന്റെ ബാനറിൽ അബ്ദുൽ സലീം പി.ടി. നിർമിക്കുന്ന ചിത്രത്തിൽ അഖിൽ പ്രഭാകർ, കൈലാഷ്, ആലിയ, ഉണ്ണിനായർ, കാശിനാഥ്, ലത അനിൽ, ലാല മലപ്പുറം, ശിക്കു എന്നിവർ പ്രധാന വേഷങ്ങളിൽ എത്തുന്നു. ഛായാഗ്രഹണം-ഷമീർ ജിബ്രാൻ, എഡിറ്റിംഗ്-അഭിഷേക് അയ്യനേത്ത്, സംഗീതം-ഗോപി സുന്ദർ, സൗണ്ട് ഡിസൈൻ ആൻഡ് മിക്സ്-കരുൺ പ്രസാദ്, കളറിംഗ്-രമേശ് ഐയർ, പ്രൊമോ സോങ്-സാദിഖ് പന്തല്ലൂർ, പ്രൊഡക്ഷൻ കൺട്രോളർ-ഷൗക്കത്ത് വണ്ടൂർ, ആർട്ട്-അസി കരുവാരകുണ്ട്, മേക്കപ്പ്-ഹസൻ വണ്ടൂർ, കോസ്റ്റ്യൂം -നൗഷാദ് മമ്മി, വിഎഫ്എക്സ്-ഷിയോജ് എം.വി.




# ‘സിദ്ധു’ ചിത്രീകരണം പൂർത്തിയായി

പുതുമുഖ ബാലതാരം ആദി കേശവയെ പ്രധാന കഥാപാത്രമാക്കി അജിത് പൂജപ്പുര കഥ-തിരക്കഥ-സംഭാഷണമെഴുതി സംവിധാനം ചെയ്യുന്ന സിദ്ധു എന്ന സിനിമയുടെ ചിത്രീകരണം പൂർത്തിയായി പ്രദർശനത്തിന് ഒരുങ്ങുന്നു.

ഏറെ ചർച്ചയായേക്കാവുന്ന സമകാലിക വിഷയങ്ങൾ കോർത്തിണക്കി സിദ്ധു എന്ന സ്കൂൾ വിദ്യാർത്ഥിയിലൂടെ കഥ പുരോഗമിക്കുന്ന ഈ ചിത്രത്തിൽ ജാഫർ ഇടുക്കിയുടെ ഏറെ വ്യത്യസ്തമായ ഒരു മുഖം പ്രേക്ഷകർക്ക് കാണാം.

കൂടാതെ ജസ്റ്റിസ് പഞ്ചാപകേശൻ ജഡ്ജിയായി തന്നെ അഭിനയിക്കുന്നു എന്ന പ്രത്യേകതയുമുണ്ട്.



ബാലതാരം ഷിയാരാ ഫാത്തിമ, ഹോളിവുഡ് താരം സിറിയക് ആലഞ്ചേരി, ജോയ് മാത്യു, ജാഫർ ഇടുക്കി, ബാലാജി ശർമ, അരിസ്റ്റോ സുരേഷ്, സാബു തിരുവല്ല, ഷൈൻ അനിരുദ്ധൻ, നഗരൂർ ഷാ, തമ്പാനൂർ ഷരീഫ്, ഡോ. രജിത്കുമാർ, ദീപക് ടിങ്കിൾ സനൽ, ഗിരീഷ് ചന്ദ്രബാബു, സജീബ് രാജകുമാരി, ജീവൻ ആനന്ദ്, കൃഷ്ണനുണ്ണി, അഭിലാഷ് ആലപ്പുഴ, ബിജു ദേവു, കണ്ണൻ, ബിനീഷ് എരമല്ലൂർ, മനോജ് സി.ബി, രാജീവ് ശങ്കർ, ഷാജഹാൻ പൊന്മുടി, ഗിൽബർട്ട്, ദിനേശ്കുമാർ, ചന്ദ്രകുമാർ, മൻജിത്, സതീഷ്, സുധീരൻ, ഹാഷിം, ലോറൻസ്, ബാബുക്കുട്ടൻ, പ്രസാദ് നിലമേൽ, സ്റ്റാലിൻ, ജിൻസി ചിന്നപ്പൻ, ശ്വേത വിനോദ്, കാർത്തിക, ഹിമബിന്ദു, ജയശരത്, നീതു, സിന്ധു വിച്ചൂകുമാർ, വിബില, രഞ്ജിനി, ഷൈല തുടങ്ങിയവരാണ് മറ്റു താരങ്ങൾ.

അബിൻ എന്റർടെയ്ൻമെന്റ്സിന്റെ ബാനറിൽ ഡോക്ടർ അബിൻ, റീന പട്ടം എന്നിവർ നിർമിക്കുന്ന ഈ ചിത്രത്തിന്റെ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-സിറിയക് ആലഞ്ചേരി, ആലഞ്ചേരി സിനിമാസ്.

സനന്ദ് സതീശൻ ഛായാഗ്രഹണം നിർവഹിക്കുന്നു. വിജു ശങ്കർ എഴുതിയ വരികൾക്ക് സാനന്ദ് ജോർജ്, ഡി. ശിവപ്രസാദ് എന്നിവർ സംഗീതം പകരുന്നു. എഡിറ്റിംഗ്-അനൂപ് രാജ്, പ്രൊഡക്ഷൻ കൺട്രോളർ-രാജീവ് കുടപ്പനക്കുന്ന്, പ്രൊഡക്ഷൻ ഡിസൈനർ-ജയൻ മാസ്, മേക്കപ്പ്-അനിൽ നേമം, വസ്ത്രാലങ്കാരം-ഷിബു പരമേശ്വരൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ-ഷാജൻ കല്ലായി, ബിജി എം-എമിൽ മുഹമ്മദ്, കാമറ അസിസ്റ്റന്റ്-ആദിത്യ എ, ഡിസൈൻ-മനു ഡാവിഞ്ചി, ജെറിൻ മെഡ്ബൗട്ട്, ബി സൊല്യൂഷൻസ്. സെപ്റ്റംബർ ആദ്യം സിദ്ധു പ്രദർശനത്തിനെത്തും.

# ‘അനന്തൻകാട്ടി’ലെ കാർത്തിയുടെ വിശേഷങ്ങൾ പങ്കുവെച്ച് ശാന്തി ബാലചന്ദ്രൻ

സൂപ്പർഹിറ്റ് ലോകഃ യുടെ സഹ തിരക്കഥാകൃത്തായും ജെല്ലിക്കെട്ട്, ചതുരം, മസ്തിഷ്ക മരണം തുടങ്ങിയ സിനിമകളിലെ അഭിനേത്രിയായും ശ്രദ്ധനേടിയ ശാന്തി ബാലചന്ദ്രന്റെ പുത്തൻ പടമാണ് ജിയെൻ കൃഷ്ണകുമാർ സംവിധാനം ചെയ്ത ‘അനന്തൻകാട്’. മുരളിഗോപിയുടെ തിരക്കഥയിൽ, ഏറെ തീവ്രമായ വൈകാരിക പശ്ചാത്തലമുള്ള കാർത്തിയെന്ന വേഷത്തിൽ തിളങ്ങുകയാണു ശാന്തി. തമിഴ് താരം ആര്യ, തെലുങ്ക്നടൻ സുനിൽ എന്നിവർക്കൊപ്പം കഥാഗതിയിൽ നിർണായക പങ്കുള്ള കഥാപാത്രം. ഓൾഡ് സ്കൂൾ മാസ് എന്റർടെയ്നർ എന്ന രീതിയിലാണ് ‘അനന്തൻകാട്’ സിനിമയുടെ മേക്കിംഗ്. 80-കളും 90-കളുമാണു കഥാ പശ്ചാത്തലം. വലിയ രാഷ്ട്രീയ സംഭവങ്ങളും മറ്റും സാധാരണക്കാരെ എങ്ങനെ ബാധിക്കുന്നു എന്നതിലൂടെയാണു കഥാസഞ്ചാരം. എന്റെ കഥാപാത്രങ്ങളെക്കുറിച്ചു മാത്രമാണു സംവിധായകൻ പറഞ്ഞത്. അത് അവതരിപ്പിക്കാൻ മൊത്തം കഥയിൽ എന്തു സംഭവിക്കുമെന്ന് അറിയേണ്ടതില്ലെന്നു മുരളിഗോപിയും പറഞ്ഞിരുന്നു. ഞാനും പ്രേക്ഷകർക്കൊപ്പമാണു ഫുൾ സിനിമ കണ്ടത്. കാർത്തി വളർന്ന സാഹചര്യങ്ങൾ, അവളുടെ ജീവിതം എന്തുകൊണ്ട് ഇങ്ങനെയായി എന്നിങ്ങനെ സിനിമയിൽ ഇല്ലാത്ത പലതും അദ്ദേഹം പറഞ്ഞുതന്നു.



കാർത്തി എന്ന കഥാപാത്രത്തെക്കുറിച്ച് പറയുകയാണെങ്കിൽ, സിനിമയുടെ വൈകാരിക സത്ത വഹിക്കുന്ന കഥാപാത്രമാണ്. നിസഹായയാണ്. പക്ഷേ, അതു തന്റെ വിധിയെന്ന് അവൾ അംഗീകരിക്കുന്നു. ‘ചൂളയിലെ വേറെ ഏതു പെണ്ണിനെ തൊട്ടാലും അവരെ അവിടത്തെ ഗ്യാങ് ജീവനോടെ വച്ചേക്കില്ല. പക്ഷേ, എന്റെ കാര്യത്തിൽ മാത്രമാണ് ഇങ്ങനെ’ എന്നു കാർത്തി പറയുന്നുണ്ട്. വലിയ മാനസികാഘാതം അനുഭവിക്കുന്ന കഥാപാത്രമാണെങ്കിൽ പോലും എപ്പോഴും അഭിമാനത്തോടെയുള്ള പെരുമാറ്റമാണ് കാർത്തിയുടേത്. മാനസികമായ കരുത്ത് അവൾക്കുണ്ട്. പ്രയാസകരമായ സന്ദർഭങ്ങളിൽ പോലും അവളുടെയുള്ളിൽ സ്വാഭിമാനമുണ്ട്, തീയുണ്ട്. പോരാളി തന്നെയാണു കാർത്തി, അനുജനുവേണ്ടി ജീവിക്കുന്ന സ്ത്രീയാണ്. കാർത്തി നേരിട്ട ദുരനുഭവങ്ങളോടുള്ള പ്രതികാരമാണ് സഹോദൻ പൊടിയൻ വലുതായപ്പോൾ ചെയ്യുന്നത്. അങ്ങനെ കഥാഗതിയിലും പ്രാധാന്യമുണ്ട്. മറ്റൊരു കാലഘട്ടത്തിലുള്ള, ഞാനുമായി ഏറെ അകലമുള്ള കഥാപാത്രം അവതരിപ്പിക്കാനായതു ഭാഗ്യം എന്നാണ് എനിക്ക് പറയാനുള്ളത്. വിന്റേജ് ലുക്കും തലമുടിയും മേക്കപ്പും കോസ്റ്റ്യൂമുമൊക്കെ അതിലേക്ക് എത്തിച്ചു. ഇതിന്റെ മേക്കപ്പ് ചെയ്തത് ബൈജു ശശികലയാണ്. എന്റെ സിനിമകളിൽ മേക്കപ്പിന് ഏറ്റവുമധികം സമയം ആവശ്യമായി വന്നത് ഇതിലാണ്. ശരീരത്തിൽ പീഡനമേറ്റതിന്റെ കുറെ അടയാളങ്ങൾ വരുത്താനാണ് അത്രയും സമയമെടുത്തത്. ആ പാടുൾ കാണുമ്പോഴായിരുന്നു ഞാൻ കാർത്തിയാണെന്ന വിശ്വാസത്തിലേക്ക് എത്തിയത്.

ഇനിയുള്ള സിനിമയെക്കുറിച്ച് പറയുകയാണെങ്കിൽ, ഡോൺ പാലത്തറ, പടയുടെ സംവിധായകൻ കമൽ കെ.എം. എന്നിവരുടെ സിനിമകളിൽ അഭിനയിച്ചു. ഇരുവർക്കുമൊപ്പം സിനിമ ചെയ്യണമെന്ന ആഗ്രഹമായിരുന്നു അതിനു പിന്നിൽ. തമിഴിൽ വിജയ് സേതുപതി ലീഡ് ചെയ്യുന്ന ഒരു പടത്തിലും വേഷമുണ്ട്. അഭിനയവും എഴുത്തും സമാന്തരമായി കൊണ്ടുപോകുന്നു. രണ്ടും രണ്ടു രീതിയിലുള്ള സംതൃപ്തിയാണ്. നല്ല കഥാപാത്രങ്ങൾക്കായി കാത്തിരിക്കുന്നു.

# ഓഹരി കൈമാറ്റം: എംഎസ്‌സിയുടെ പ്രത്യേക പദവി ആവശ്യം തള്ളി

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖകമ്പനിയുടെ 49 ശതമാനം ഓഹരി എംഎസ്‌സി ഷിപ്പിംഗ് കമ്പനിക്ക് അദാനി പോർട്സ് കൈമാറിയാലും തുറമുഖത്തിൽ എംഎസ്‌സിക്ക് പ്രത്യേക പദവികളൊന്നുമുണ്ടാകില്ലെന്ന് അദാനി പോർട്സ് സ്പെഷൽ ഇക്കണോമിക് സോൺ സിഇഒ അശ്വനി ഗുപ്ത. എല്ലാ നടപടിക്രമങ്ങളും പാലിച്ച് അനുമതികൾ നേടിയ ശേഷമേ ഓഹരി ഇടപാടിന്റെ അന്തിമ കരാർ ഒപ്പിടുകയുള്ളൂ. അദാനി തുറമുഖ കമ്പനിക്കായിരിക്കും വിഴിഞ്ഞം തുറമുഖത്തിന്റെ നിയന്ത്രണം.

ഓഹരി ഇടപാടിനു ശേഷവും ഭൂരിപക്ഷ ഓഹരി ഉടമയെന്ന നിലയിൽ അദാനി തന്നെയായിരിക്കും തുറമുഖത്തിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നതും നിയന്ത്രിക്കുന്നതും. എംഎസ്‌സിക്കോ അനുബന്ധ സ്ഥാപനങ്ങൾക്കോ മാത്രമായി പ്രത്യേക ബെർത്ത് അവകാശങ്ങൾ നൽകില്ല. മറ്റ് കപ്പൽ കമ്പനികളെ തടയുകയുമില്ല. എംഎസ്‌സി കമ്പനിയുമായുള്ള ഓഹരി കൈമാറ്റം വഴി ക്രൂയിസ്, ബങ്കറിംഗ്, കയറ്റുമതി-ഇറക്കുമതി (എക്സിം) പോലുള്ള പുതിയ ബിസിനസുകൾ വികസിപ്പിക്കാനാകും.

സർക്കാരുമായുള്ള കരാർ ലംഘിക്കാതെയാണ് ഓഹരി ഇടപാട്. എംഎസ്‌സിയുമായുള്ള പങ്കാളിത്തത്തിലൂടെ ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ ഒരു പ്രധാന ട്രാൻസ്ഷിപ്പ്മെന്റ് ഗേറ്റ്‌വേയായി വിഴിഞ്ഞം മാറും. ബംഗ്ലാദേശിൽ നിന്നുള്ള കാർഗോ ആകർഷിക്കാനാകും. വിഴിഞ്ഞത്തിന്റെ വളർച്ചയ്ക്ക് വേഗം കൂടും. കാർഗോ കൂടുന്നതോടെ കൂടുതൽ പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. കേരളത്തിന് സാമ്പത്തിക വളർച്ചയുമുണ്ടാകും. ആഗോള സമുദ്ര-ലോജിസ്റ്റിക്സ് ഹബ്ബായി കേരളം മാറും.

അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി ബന്ധപ്പെട്ടതാണ് ഓഹരി ഇടപാട്. സ്റ്റോക്ക് എക്സ്ചേഞ്ച് ഫയലിംഗിന് ശേഷം കേരള സർക്കാരിനെ വിവരങ്ങൾ അറിയിച്ചിട്ടുണ്ട്. കൺസർഷൻ കരാർ അനുസരിച്ച് കേരള സർക്കാരിന്റെ അനുമതി ലഭിച്ചതിനുശേഷം മാത്രമേ ഓഹരി കൈമാറ്റം നടക്കൂ.

എംഎസ്‌സി ഏറെക്കാലമായി ഇന്ത്യയുടെ സമുദ്ര വ്യാപാര യാത്രയുടെ ഭാഗമാണ്. പ്രധാന തുറമുഖങ്ങളിൽ പ്രവർത്തിക്കുന്നതിനാൽ അവർക്ക് സുരക്ഷാ അനുമതിയുണ്ടെന്നും അശ്വനി ഗുപ്ത പറഞ്ഞു.

# ലോകത്തെ വമ്പൻ നാവികാഭ്യാസത്തിന് ഇന്ത്യയുടെ പി–8ഐയും

വാഷിങ്ടൺ: ലോകത്തെ ഏറ്റവും വലിയ നാവികാഭ്യാസമായ റിം ഓഫ് പസഫിക് എക്സർസൈസിൽ (റിംപാക്) പങ്കെടുക്കാൻ ഇന്ത്യൻ നാവിക സേനയുടെ പി-8ഐ പട്രോൾ വിമാനം ഹവായിയിലെത്തി. യുഎസ് പസഫിക് ഫ്ലീറ്റിന്റെ നേതൃത്വത്തിൽ ജൂൺ 24 മുതൽ നടക്കുന്ന നാവികാഭ്യാസത്തിൽ പങ്കെടുക്കുന്ന 30 രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. ജൂലൈ 31 വരെ ഹവായ് ദ്വീപിലും പരിസരങ്ങളിലുമായാണ് അഭ്യാസം.

സ്വതന്ത്രവും സുരക്ഷിതവുമായ ഇൻഡോ-പസഫിക് മേഖലയ്ക്കായുള്ള പ്രതിജ്ഞാപദ്ധത വ്യക്തമാക്കുന്നതാണ് നാവികാഭ്യാസത്തിലെ ഇന്ത്യയുടെ പങ്കാളിത്തമെന്ന് യുഎസിലെ ഇന്ത്യൻ സ്ഥാനപതി കാര്യാലയം അറിയിച്ചു. 1971-ൽ ആരംഭിച്ച ഈ നാവികാഭ്യാസത്തിന്റെ 30-ാം പതിപ്പാണ് ഇത്തവണ നടക്കുന്നത്. 'പങ്കാളികൾ: സംയോജിതരും സജ്ജരും' എന്നതാണ് ഈ വർഷത്തെ പ്രമേയം.

പങ്കെടുക്കുന്ന 30 രാജ്യങ്ങളിൽനിന്നായി മുപ്പതിലധികം യുദ്ധക്കപ്പലുകൾ, അഞ്ച് അന്തർവാഹിനികൾ, 15 രാജ്യങ്ങളിൽ നിന്നുള്ള കരസേനാവിഭാഗങ്ങൾ, 206-ലധികം വിമാനങ്ങൾ എന്നിവയും 30,000-ത്തോളം സൈനികരും ഇത്തവണ റിംപാകിന്റെ ഭാഗമാകുന്നുണ്ട്. സമുദ്രപാതകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അന്താരാഷ്ട്ര പങ്കാളിത്തം ശക്തമാക്കുന്നതിനും ഈ സുരക്ഷാ പരിശീലനം അവസരമൊരുക്കുന്നു.

# ഇന്ത്യ വലിയ ഊർജ പ്രതിസന്ധിയെ മറികടന്നു: മോദി

ജയ്പൂർ: ആഗോള തലത്തിൽ ഉടലെടുത്ത ഊർജ പ്രതിസന്ധിയെ ഇന്ത്യ അവസരോചിതമായ ഇടപെടലിലൂടെ മറികടന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. നയപരമായ ഇടപെടലുകൾ, ഇന്ധന ഉറവിടങ്ങളുടെ വൈവിധ്യവത്കരണം, പൗരന്മാരിലേൽപ്പിച്ച ഏറ്റവും കുറഞ്ഞ ഭാരം എന്നിവയിലൂടെയാണ് ഇത് സാധിച്ചതെന്നും അദ്ദേഹം പറഞ്ഞു.

രാജസ്ഥാൻ ബലോത്ര ജില്ലയിലെ പച്ച്പദ്രയിൽ ആരംഭിച്ച എണ്ണ സംസ്കരണശാല ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. മറ്റു വികസന പ്രവർത്തനങ്ങളുടെ ശിലാസ്ഥാപനവും അദ്ദേഹം നിർവഹിച്ചു.

ആഗോള ഇന്ധനവില ഉയർന്നതോടെ ഇന്ത്യയിലെ എണ്ണക്കമ്പനികൾ ഏപ്രിൽ-ജൂൺ കാലയളവിൽ മാത്രം 75,000 കോടി രൂപയ്ക്കു മുകളിൽ നഷ്ടം സംഭവിച്ചെങ്കിലും ഈ അധിക ഭാരത്തെ സർക്കാർ പരിഹരിച്ചുകൊടുത്തു. ജനങ്ങളെ കൂടുതൽ ദുരിതത്തിലാക്കാതെ ഇന്ധന വിലയുടെ എക്സൈസ് നികുതിയിൽ ലിറ്ററിന് 10 രൂപ കുറച്ചുകൊണ്ടാണ് ഇത് സാധ്യമാക്കിയത് – മോദി പറഞ്ഞു.

# ഭക്ഷ്യസുരക്ഷാ ഓഫീസ് അഴിമതി; റിപ്പോർട്ട് പൂഴ്ത്തിയത് രണ്ട് വർഷം

കൊച്ചി: മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാന ഭക്ഷ്യസുരക്ഷാ ഓഫീസുകളിൽ നടന്ന അഴിമതിയും ക്രമക്കേടും കണ്ടെത്താൻ വിജിലൻസ് നടത്തിയ 'ഓപ്പറേഷൻ അപ്പറ്റൈറ്റി'ന്റെ റിപ്പോർട്ട് പൂഴ്ത്തി കോടിക്കണക്കിനു രൂപയുടെ കേന്ദ്ര ഫണ്ട് പാഴാക്കിയെന്ന് കണ്ടെത്തൽ. പക്ഷേ, ഫണ്ട് വെട്ടിച്ചവർക്കെതിരെ അഴിമതി നിരോധന നിയമപ്രകാരം നടപടിയെടുക്കാൻ വിജിലൻസ് ശിപാർശ ചെയ്തില്ല.

2024-ൽ വിജിലൻസ് കൊടുത്ത റിപ്പോർട്ടിനുമേൽ 2025 വരെ നടപടിയെടുക്കാതെ മുൻ സർക്കാർ പൂഴ്ത്തിവെച്ചു. ഫുഡ് സേഫ്റ്റി ട്രെയിനിങ് ആൻഡ് സർട്ടിഫിക്കേഷൻ (ഫോസ്ടാക്) എന്ന പദ്ധതിയിലാണ് വെട്ടിപ്പ് നടത്തിയത്. ചെറുകിട വ്യാപാരികൾക്ക് സൗജന്യ ട്രെയിനിങ് നല്കുന്നതാണ് പദ്ധതി. കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി (എഫ്എസ്എസ്എ)യാണ് ഫണ്ട് അനുവദിച്ചത്. പെട്ടിക്കടക്കാർ അടക്കമുള്ള ചെറുകിടക്കാരെ ഉദ്ദേശിച്ചായിരുന്നു പരിശീലനം. കോടിക്കണക്കിനു രൂപയുടെ ഫണ്ടിൽ ലൈസൻസുള്ള ഇതര കച്ചവടക്കാർക്ക് കൂടി സൗജന്യ ട്രെയിനിങ് നല്കിയതിലൂടെയാണ് ഫണ്ട് ദുരുപയോഗപ്പെടുത്തിയത്.

ഫണ്ട് തെറ്റായ രീതിയിൽ ഉപയോഗിച്ചത് അഴിമതി നിരോധന നിയമപ്രകാരമുള്ള കുറ്റകൃത്യമാണ്. മേൽനടപടികൾക്ക് ശിപാർശ ചെയ്യാതെ കുറ്റക്കാരെ രക്ഷപ്പെടുത്താനുള്ള ശ്രമമാണിതെന്നും ആരോപണമുയർന്നിട്ടുണ്ട്.

ലൈസൻസുള്ള കച്ചവടക്കാരിൽ നിന്ന് ട്രെയിനിങ്ങിന് ഫീസ് ഈടാക്കണമായിരുന്നു. പക്ഷേ, അതുണ്ടായില്ല. അതുകൊണ്ട് ഈ ഇനത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കേണ്ട ജി.എസ്.ടി നഷ്ടപ്പെട്ടു. ഭക്ഷ്യ സുരക്ഷാ കമ്മീഷണർ ഓഫീസിന്റെ ഈ നടപടി നികുതിച്ചോർച്ചയ്ക്ക് ഇടയാക്കി. അതുപോലെ പരിശീലനത്തിന് എത്തുന്നവരുടെ വിവരങ്ങൾ രജിസ്റ്ററിൽ സൂക്ഷിച്ചിരുന്നില്ല.

ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഓഫീസിലെ കുറ്റാരോപിതരായ ചില ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റവും സുരക്ഷിതമായ വിരമിക്കലും ഉറപ്പുവരുത്താനാണ് റിപ്പോർട്ട് പൂഴ്ത്തിയത്. അഴിമതിയും ക്രമക്കേടും കണ്ടെത്തിയെങ്കിലും ഫോസ്ടാക് പദ്ധതിയിൽ സമാനമായ തിരിമറികൾ ഇപ്പോഴും നടക്കുന്നതായാണ് അറിയുന്നത്. ഫോസ്ടാക്കിലെ കേന്ദ്ര ഫണ്ട്‌വെട്ടിപ്പ് വാർത്തയായതിനെ തുടർന്നാണ് വിജിലൻസ് ഭക്ഷ്യസുരക്ഷാ ഓഫീസുകളിൽ റെയ്ഡ് നടത്തിയത്.

# കോൺസ്റ്റിറ്റ്യുവന്റ് പദവിയിലേക്ക് സിഇടിയും തൃശ്ശൂർ മെഡിക്കൽകോളജും

തിരുവനന്തപുരം: കേരളത്തിൽ സ്വതന്ത്രസ്വഭാവമുള്ള രണ്ടു കോൺസ്റ്റിറ്റ്യുവന്റ് കോളജുകൾ തുടങ്ങാൻ സർക്കാർ നീക്കം. ആരോഗ്യ സർവകലാശാലയ്ക്കു കീഴിലെ തൃശ്ശൂർ മെഡിക്കൽ കോളജ്, സാങ്കേതിക സർവകലാശാല (കെ.ടി.യു) യ്ക്കു കീഴിലെ കോളജ് ഓഫ് എഞ്ചിനീയറിങ്-തിരുവനന്തപുരം (സി.ഇ.ടി.) എന്നിവ കോൺസ്റ്റിറ്റ്യുവന്റ് കോളജുകളാക്കുകയെന്ന ബജറ്റ് പ്രഖ്യാപനം നടപ്പാക്കാനാണ് ഒരുങ്ങുന്നത്. ഗവർണറുമായുള്ള ഏറ്റുമുട്ടലിൽ എൽഡിഎഫ് സർക്കാർ പിന്മാറിയ പദ്ധതിയാണിത്.

അക്കാദമിക-ഗവേഷണ പ്രവർത്തനത്തിനു മുൻതൂക്കം നൽകി, സർവകലാശാലകൾ നേരിട്ടു നടത്തുന്നതാണ് സ്വതന്ത്രസ്വഭാവമുള്ള കോൺസ്റ്റിറ്റ്യുവന്റ് കോളജുകൾ. കെടിയുവിന്റെ പദ്ധതി ശിപാർശ ഉടൻ സർക്കാരിനു കൈമാറും.

തൃശ്ശൂർ മെഡിക്കൽകോളജ് കോൺസ്റ്റിറ്റ്യുവന്റ് കോളജാക്കിയാൽ, ഐ.സി.എം.ആർ. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽനിന്നു സ്വതന്ത്രമായി സഹായധനം സ്വീകരിക്കാനാകും. ധനമന്ത്രി തോമസ് ഐസക്ക് ഇതിനായി റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. 20 കോൺസ്റ്റിറ്റ്യുവന്റ് കോളജുകൾ സ്ഥാപിക്കാനായിരുന്നു എൽഡിഎഫ് സർക്കാർ തീരുമാനം. എന്നാൽ, ഗവർണർ സർവകലാശാലകളിൽ പിടിമുറുക്കാൻ തുടങ്ങിയതോടെ, ആ തീരുമാനത്തിൽനിന്ന് സർക്കാർ പിന്മാറി. സിപിഎം നിർദേശമനുസരിച്ചായിരുന്നു ഇത്.

# സൈനിക അക്കാദമിയിൽ കമ്യൂണിസ്റ്റ് വിരുദ്ധത പാഠ്യവിഷയമാക്കി തായ്‌വാൻ

തായ്പെയ്: ചൈനയിൽ നിന്നുള്ള സൈനിക ഭീഷണിയും കടന്നുകയറ്റ ശ്രമങ്ങളും വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ പട്ടാള അക്കാദമിയിലെ ബിരുദ വിദ്യാർത്ഥികൾക്ക് വീണ്ടും കമ്യൂണിസ്റ്റ് വിരുദ്ധത പാഠവിഷയമാക്കി തായ്‌വാൻ. കാൽ നൂറ്റാണ്ടിനു ശേഷമാണ് ഈ വിഷയം പാഠ്യപദ്ധതിയുടെ ഭാഗമാകുന്നത്.

ശീതയുദ്ധ കാലത്ത് കമ്യൂണിസ്റ്റ് വിരുദ്ധ പ്രചാരണങ്ങൾ തായ്‌വാനിൽ സജീവമായിരുന്നു.

കമ്യൂണിസ്റ്റ് വിരുദ്ധ രാജ്യസ്നേഹ വിദ്യാഭ്യാസം സൈനിക അക്കാദമികളിൽ ഔദ്യോഗികമായി നല്കിയിരുന്നു. എന്നാൽ, 2002-ൽ ഇത് വെറും രാജ്യസ്നേ വിദ്യാഭ്യാസമാക്കി.

# 'അമ്മ'യിലെ പവർ ഗ്രൂപ്പിനെ തുറന്നു കാട്ടിയത് വിജയം: ശ്വേത മേനോൻ

കൊച്ചി: താരസംഘടന അമമയിൽ പവർ ഗ്രൂപ്പെന്ന് ശ്വേത മേനോൻ. ഒരു സാധാരണ സ്ത്രീക്ക് മലയാളസിനിമയിലെ പവർഗ്രൂപ്പിനെ ഒറ്റയ്ക്ക് നേരിടാൻ കഴിയില്ല. മോഹൻലാൽവരെ പ്രസിഡണ്ട് സ്ഥാനം രാജിവെച്ച് പോയി. തന്റെ പോരാട്ടം ഏതെങ്കിലും സ്ഥാനങ്ങൾക്കോ വ്യക്തിപരമായ നേട്ടത്തിനോ വേണ്ടിയായിരുന്നില്ല. അമ്മയിൽ സാമ്പത്തിക തിരിമറി നടത്തിയവർക്കെതിരെയും ചില കുറ്റാരോപിതർക്ക് എതിരേയുമായിരുന്നു. പവർഗ്രൂപ്പ് വെളിപ്പെട്ടത് പോരാട്ടത്തിന്റെ വിജയമാണെന്നും ശ്വേത മേനോൻ പറഞ്ഞു. ഫെയ്സ്ബുക്ക് കുറിപ്പിലൂടെയാണ് ശ്വേത മേനോന്റെ പ്രതികരണം. നിസ്സഹായരായ അംഗങ്ങൾക്ക് കൈത്താങ്ങാവുക എന്നതാണ് അമ്മയുടെ സ്ഥാപിതലക്ഷ്യം. അതിനു പണം കണ്ടെത്താൻ വേണ്ടിയാണ് മമ്മൂട്ടിയും മോഹൻലാലും അടക്കമുള്ളവർ അവരുടെ സമയവും അദ്ധ്വാനവും ചെലവഴിച്ച് സംഘടനയുടെ സ്പോൺസേർഡ് പ്രോഗ്രാമുകളിൽ പങ്കെടുക്കുന്നത്. ആ പണം തരുന്നത് ഹിന്ദുവാണോ മുസ്ലിം ആണോ ക്രിസ്ത്യാനിയാണോ അമ്പലമാണോ പള്ളിയാണോ അംബാനിയാണോ എന്നൊന്നും നോക്കിയിട്ടില്ല. സഹായിക്കാൻ മുന്നോട്ടു വരുന്ന എല്ലാരെയും ഒരേ മനസ്സോടെയാണ് സ്വീകരിച്ചിട്ടുള്ളതെന്നും ശ്വേതാ മേനോൻ പറഞ്ഞു.

# വാഹനാപകടം: കോളജ് വിദ്യാർത്ഥി മരിച്ചു

കോലഞ്ചേരി: കൊച്ചി-ധനുഷ്കോടി ദേശീയപാതയിലെ കടമറ്റം പെരുവംമുഴിയിൽ ഉണ്ടായ വാഹനാപകടത്തിൽ കോളജ് വിദ്യാർത്ഥിക്ക് ദാരുണാന്ത്യം. തൊടുപുഴ മടക്കത്താനം സ്വദേശി രാഹുൽ എസ്. (20) ആണ് മരിച്ചത്.

ഇന്നു രാവിലെ ഏഴരയോടെയാണ് അപകടമുണ്ടായത്. വരിക്കോലി മുത്തൂറ്റ് എൻജിനീയറിംഗ് കോളജിലെ വിദ്യാർത്ഥിയാണ് രാഹുൽ. ഒപ്പമുണ്ടായിരുന്ന സുഹൃത്ത് ജൂലിയൻ ജോസഫ് (21) നിസ്സാര പരുക്കുകളോടെ രക്ഷപ്പെട്ടു.

ഇവർ സഞ്ചരിച്ചിരുന്ന സ്കൂട്ടർ മുന്നിലുണ്ടായിരുന്ന കാറിനെ ഓവർടേക്ക് ചെയ്യാൻ ശ്രമിക്കുന്നതിനിടെ കാറിൽ തട്ടുകയും നിയന്ത്രണം വിട്ട സ്കൂട്ടറിൽനിന്നും റോഡിലേക്ക് തെറിച്ചുവീണ രാഹുലിന്റെ തലയിലൂടെ എതിരെ വന്ന ലോറിയുടെ ചക്രങ്ങൾ കയറിയിറങ്ങുകയുമായിരുന്നു. ഉടൻതന്നെ ഇരുവരെയും കോലഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും രാഹുലിന്റെ ജീവൻ രക്ഷിക്കാനായില്ല.




## Invitation



It is with immense pride, honor, and great enthusiasm that I extend a warm invitation to all alumni of St. Berchmans College and Assumption Colleges residing across North America to participate in the First National Alumni Convention of St. Berchmans & Assumption Colleges North America to be held on Thursday, July 9, 2026 in Chicago.

This historic convention represents the realization of a long-cherished vision—to bring together generations of alumni from our esteemed institutions under one unified platform, fostering lifelong connections, collaboration, and a shared commitment to the advancement of our alma maters and the commnuities we serve.

On behalf of the organizing committee, I wish to express our profound gratitude to His Grace Mar Thomas Tharayil, Archbishop of Changanacherry, whose visionary leadership, guidance, encouragement, and unwavering support have been instrumental in transforming this dream into reality. His inspiration has provided the foundation for what we believe will become a transformative movement for our alumni community across North America and beyond.

The convention marks the beginning of an exciting new chapter. Our long-term vision extends far beyond this inaugural gathering. We aspire to create meaningful collaborations between our alma maters and leading universities, educational institutions, corporations, and research organizations throughout the United States and Canada. We are equally committed to building a strong and sustainable alumni infrastructure that will support educational initiatives, mentorship programs, student development, scholarships, professional networking, and community engagement for future generations.

As the first undertaking of its kind in North America, this convention is poised to become a landmark event in the proud history of St Berchmans College. More importantly, it will serve as a catalyst for strengthening the bonds among thousands of alumni worldwide while creating new opportunities for leadership, service, and global impact.

We look forward to welcoming alumni from across North America as we celebrate our shared heritage, honor our distinguished legacy, and chart an inspiring path forward for generations to come.

**Mathew Daniel** *(Chairman)*
*National Convention of St Berchmans & Assumption Colleges Alumni, USA*

## Welcome to Chicago!

It is with great pride and a deep sense of responsibility that we welcome all alumni of St. Berchmans and Assumption Colleges to this First National Convention. Through the gatherings, celebrations, and shared heritage and friendships, the alumni of our alumni community to strengthen our bonds, renew our commitment to our alma maters, and share the future of our alumni community. As we come together from different cities, professions, and generations in the USA, we wish this convention inspire meaningful connections, fruitful discussions, and a renewed spirit of service and collaboration. On behalf of the SB Assumption Alumni Association of Chicago we extend a warm welcome to each one of you. We are honored to host you and look forward to a memorable and enriching convention.

**For the Executive,**
SB Assumption Colleges Alumn
Association of Chicago



**Dr. Manoj Neriamparampil**
(President & Convention Co Chair)



**Thomas Decross**
(Secretary & PRO)

### OFFICE BEARERS OF THE CONVENTION


**Prof. James Abraham Olikara**
Award Commitlee Co-chair
**Augustine Joseph Kalathil**
Requisition Co-chair
**Shibu Augustine**
Finance Committee Co-chair
**Sebastian Vazhaparampil**
Finance
**Carmel Thomas**
Cultural Programs
**Ambily George**
Registration
**Shaji Chrimar**
Cultural Programs
**Shaji Kalathi**
Reception
**Biju Kollaparam**
Reception
**Manish Thoppil**
Finance
**Joseph Kalassery**
Reception
**Taj Mathew NY**
Souvenir Editor
**Lovely Thomas**
Registration

### STEERING COMMITTEE

**Vey. Rev. Fr Kurien Naduvelichalackal IL**
Patron
**Dayalu Joseph CA**
Convention Co-chair
**Pinto Kannampally MD**
National Co-chair
**George Joseph Vilangoli TX**
Souvenir Coordinator
**Tom Perumpallil NY**
Convention Coordinator
**Dr. Binu George Tobias TX**
Women's Forum Coordinator
**Prof. R Jayarishnan CA**
Convention Coordinator
**Leela Menet NY**
Convention Coordinator

### GRAND SPONSOR

**Dr. Vincent Kuttemperoor, WI**


ST. THOMAS SYRO-MALABAR
CATHOLIC EPARCHY OF CHICAGO
My Lord and My God
SYRO-MALABAR
Jubilee Convention 2026
JULY 9 - 12, 2026
MCCORMICK PLACE
CONVENTION CENTER, CHICAGO IL
Executive Leadership Team
Mar Joy Alappatt Patron
Mar Jacob Angadiath Bishop Emeritus
Fr. Thomas Mulavanal
Fr. John Melepuram
Jubilee General Conveners
Fr. Thomas Kadukapillil Convention Convener
Fr. Melvin Paul Convention Youth Convener
Fr. Joel S Pius Convention Joint Convener
Fr. Kurian Neduvelichalumkal Diocesan Procurator
Fr. Johnson Koovoorputhenpura Diocesan Chancellor
Executive Core Team
Joseph Chamakala CPA Jubilee Chairman
Bigi C Mani Convention Chairman
Andrew P Thomas CPA Finance Chairman
Johny Vadukumcherry Facility Chairman
Saji Varghese Public Relation Chairman
Dr. Joshi Kuncheria Event Program Chief Coordinator
Dr. Beena Vallikalam Secretary
Annie Manatt Joint Secretary
Focus Team - Executive Core
Matt Thomas Executive Director
Kennita Jose Internal Director
George Nellikunnel Operations Director
Melissa Puthenpura Speakers & Programming Director
Leah Kuncheria Events Director
Remya Regi Events Director
Melissa Tharaniyil Participant Experience Director
David Joseph Participant Experience Director
Nina George Sponsorship Director
Anson Vadakkumcherry Logistics Coordinator
Dylan Mathew Finance Manager
Nimmy Roy National Outreach Director
Ryan Mathew Outreach & Operations Coordinator
Ashlyn Rocky Outreach & Operations Coordinator
Executive Committee
Febin Moothenil
Kachumon (Luke) Chirayil
Jomon Chirayil
Dr. Edwin Simon
Vice Chairmans
Raji Mathew Registration Chief Coordinator
Jacob Thomas Registration Coordinator
Rengith Cheruvallil National Advertisement Chief Coordinator
George Nellikunnel Audio/Video/Light Chief Coordinator
George Vachaparambil Hospitality Chief Coordinator
P.D Thomas Pioneers Program Chief Coordinator
Santhosh Kattookaran Business Marketing Chief Coordinator
Vivish Jacob
Bobby Chirayil
Roy Joseph
Cathedral Registration Chief Coordinators
James K John
Shenny Paul Digital Advertising Chief Coordinator
Jithesh Chungath Enrollment Chief Coordinator
Romeo Kattookaran PRO
SMNC Coordinators
Register today - www.syroconvention.org